

# സത്യദൂതൻ

2019 ഒക്ടോബർ | ലക്കം 10

വില ₹ 30

## അഹ്മദിയ്യാ പ്രസ്ഥാനം

## സർ ഐസക് ന്യൂട്ടൻ
## ഏകദൈവ വിശ്വാസിയായ
## ശാസ്ത്രപ്രതിഭ

## യുദ്ധ ഭീതി ഒഴിയാത്ത
## പശ്ചിമേഷ്യ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps
or scan the QR code below





The Sathyadoothan Monthly

لاالٰہ‌الااللہ‌محمدرسول‌اللہ

# സത്യദൂതൻ

2019 ഒക്ടോബർ
ഹി.ശ.1399- ഇഖാഅ്
1441 സഫർ - റബീഉൽ അവ്വൽ
പുസ്തകം 91 ലക്കം 10
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



**5** **എഡിറ്റോറിയൽ**

**6** **യുഗശബ്ദം**



**7**

ഖുത്ബ സംഗ്രഹം
**ബദർ രണാങ്കണത്തിലെ ധീരയോദ്ധാക്കൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 സെപ്തംബർ 20ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി കെ. നജ്മുദ്ദീൻ

**11**
**ഹഖീഖത്തുൽ വഹ്‌യ് (വെളിപാടിന്റെ തത്ത്വരഹസ്യം) – 3**
ഹദ്റത്ത് അഹ്മദ് (അ)

**14**
**അഹ്മദിയ്യാ പ്രസ്ഥാനം**
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

**17**
**ഹദ്റത്ത് മൗലാനാ ഹാജിയുൽ ഹറമൈൻ ഹാഫിസ് ഹഖീം നൂറുദ്ദീൻ സാഹിബ് ഭേരവി**
**(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))**
ഇബ്നു വഫാ ബേപ്പൂർ

**23**
**ഈ അപ്പത്തിൽ നിന്ന് നിങ്ങൾക്കും പങ്ക് പറ്റാം**
ഫലാഹുദ്ദീൻ ശുംസ്

**27**
**സർ ഐസക് ന്യൂട്ടൻ**
**ഏകദൈവ വിശ്വാസിയായ ശാസ്ത്രപ്രതിഭ**
ഡോ. ഫസൽ മാലിക്ക്

**31**
**വംശീയതയും ഇസ്‌ലാമും**
എ. എം. മുഹമ്മദ് സലീം

**36**
**അനുഭാവപൂർവ്വം അകന്നുനിന്നവർ**
എം. കെ. ഇമ്പിച്ചി കോയട്ടി, കോഴിക്കോട്

**39**
കുറിപ്പുകൾ
**യുദ്ധ ഭീതി ഒഴിയാത്ത പശ്ചിമേഷ്യ**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്

നിങ്ങൾ ഭൂമിയിൽ നാശമുണ്ടാക്കരുത് എന്ന് അവരോട് പറയപ്പെടുമ്പോൾ ഞങ്ങൾ നന്മ പ്രവർത്തിക്കുന്നവർ മാത്രമാണെന്ന് അവർ പറയും. അറിയുക തീർച്ചയായും അവർ തന്നെയാണ് നാശകാരികൾ. ( 2: 12, 13)





## നബിവചനം

മതത്തിന്റെ കാര്യത്തിൽ തീവ്രത സൂക്ഷിക്കുക. നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത് തീവ്രത മൂലമാണ്. (മുസ്നദ് അഹ്മദ്)

## വാഗ്ദത്ത മസീഹിന്റെ വചനം

### അന്യമതസ്ഥരെ പുറത്താക്കുന്നത് ദൈവ കോപത്തിന് കാരണമാകും

ഈ രാഷ്ട്രത്തിലെ അവിഭാജ്യ ഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്ലിംങ്ങളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചു കൂടി മറ്റവരെ അതായത് ഹിന്ദുക്കൾ ഒന്നുചേർന്ന് മുസ്ലിംകളെയോ മുസ്ലിംകൾ ഒന്നു ചേർന്ന് ഹിന്ദുക്കളെയോ രാജ്യത്തിൽ നിന്ന് പുറത്താക്കിക്കളയാമെന്ന് വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച് ഈ രണ്ടു കൂട്ടരെയും ഇണക്കി നിർത്തുന്ന ബന്ധം അപരിഛേദ്യമാം വിധം ശക്തിയേറിയതാണ്താനും, ഇവയിൽ ഒരുകൂട്ടർക്ക് പൊതു നിലയിലുള്ള ഒരു ആപത്ത് സംഭവിക്കുന്ന പക്ഷം മറ്റവർക്കും അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാദ്ധ്യമല്ല..........അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ നിന്നും അവരും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേ വിധത്തിൽ നിന്ദക്ക് ലക്ഷീഭവിക്കും. ഒരു കൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഈ രണ്ടു സമുദായങ്ങളിലെ ഏതെങ്കിലും ഒരു വ്യക്തി മറ്റെ സമുദായത്തിന് നാശം വരുത്താൻ നോക്കുന്ന പക്ഷം, അവൻ താനിരിക്കുന്ന വൃക്ഷ ശാഖ കൈകൊണ്ട് വെട്ടി മുറിക്കുന്ന ഒരുവനെ പോലെയാകുന്നു. മിത്രങ്ങളേ ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാത്തരം പകയും വിരോധവും നിങ്ങളുടെ ഹൃദയത്തിൽ നിന്ന് അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു.....(മൈത്രീ സന്ദേശം- ഹദ്റത്ത് അഹ്മദ് (അ)



എഡിറ്റോറിയൽ

# ഹിന്ദുക്കളും മുസ്‌ലിംകളും ഒന്നിക്കുക അതിലാണ് ദൈവികാനുഗ്രഹം


ഹിന്ദുമുസ്‌ലിം ഐക്യത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട മതപരവും സാമൂഹികവുമായ മാനങ്ങളുള്ള അസാധാരണമായ ഒരു കൊച്ചു കൃതി അഹ്‌മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്‌മദ് (അ) മൈത്രീ സന്ദേശം (പൈഗാമെ സുൽഹ്) എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 1908 ജൂൺ 21 ന് ലാഹോർ യൂണിവേഴ്സിറ്റി ഹാളിൽ ഒരു യോഗം വിളിച്ചു ചേർത്ത് വിളംബരം ചെയ്യാനുദ്ദേശിച്ച ഈ ശാന്തിദൂത് അക്ഷരസാക്ഷാത്ക്കാരം നേടിയെങ്കിലും വാഗ്ദത്ത മസീഹിന്റെ തിരുവദനത്തിൽ നിന്ന് അത് വചിക്കപ്പെടുന്നതിന് മുമ്പ് ആ ദിവ്യാത്മാവ് ശരീര പഞ്ചരം വിട്ട് തന്റെ നാഥന്റെ സവിധത്തിലേക്ക് യാത്രയായി. വിധികൽപ്പിതമായ തന്റെ മരണ ശയ്യപോലും വാഗ്ദത്ത മസീഹ് സമാധാന ദൗത്യത്തിന്റെ അനശ്വരമായ ഒരു മിഹ്റാബാക്കുകയായിരുന്നു.

മതവൈവിധ്യങ്ങളുടെ നാനാ നാദങ്ങൾ കൊണ്ട് ശ്രുതിസമഞ്ജസമായ മധുര സംഗീതം പൊഴിക്കേണ്ടതിന് പകരം ഈ പുണ്യഭൂമിയിൽ മതങ്ങൾ പലപ്പോഴും കലാപത്തിന്റെ രണഭേരി മുഴക്കുകയും സംഘർഷത്തിന്റെ ക്ഷോഭിതാവസ്ഥക്ക് വേദിയാവുകയും ചെയ്തു. വാഗ്ദത്ത മസീഹിനെ ഇത് മരണ ശയ്യയിൽ പോലും നൊമ്പരപ്പെടുത്തി. ഒരു ദൈവ പ്രേഷിതന്റെ ഹൃദയ കാലുഷ്യങ്ങൾ ദൈവ സവിധത്തിൽ ഉരുക്കയിച്ച് വിലാപങ്ങളായുയർന്നപ്പോൾ ആ മഹാത്മാവിന്റെ ഹൃദയസരോവരത്തിൽ നിന്നും ഒരു ചിന്താ പ്രവാഹം ഉരുവം കൊള്ളുകയായിരുന്നു. മതങ്ങളുടെ പ്രാമാണിക നിലപാടുകളിൽ നിന്നു കൊണ്ട് മനുഷ്യാത്മാവിനോട് നടത്തിയ ഹൃദയ നിർഭരമായ നിവേദനമായിരുന്നു മൈത്രീസന്ദേശം.

മതമൈത്രിയെ പറ്റി പറഞ്ഞ രാഷ്ട്രീയ ഗുരുക്കന്മാരുടെ പൊള്ളയായ നയതന്ത്ര ഭാഷ വാഗ്ദത്ത മസീഹിന് അന്യമായിരുന്നു. ധാർമിക യുക്തിയുടെ ആർജവമുള്ള ആ ദിവ്യാക്ഷരങ്ങൾ വജ്രസൂചി പോലെ മനുഷ്യാത്മാവിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ്. ബഹുസ്വരതയുള്ള ഭാരതീയ സമൂഹത്തിലെ കലുഷിതമായ മതാന്തരീക്ഷത്തിലേക്ക് മതകീയമായ മാനവൈക്യത്തിന്റെ ദൈവപ്രചോദിതമായ മാർഗ്ഗരേഖയാണ് വാഗ്ദത്ത മസീഹിന്റെ മൈത്രീ സന്ദേശം.

വംശ വർഗ്ഗവ്യത്യാസമൊന്നുമില്ലാതെ മനുഷ്യമക്കളായ നാം ഒന്നിച്ചു ജീവിച്ച് ഒരുമയിൽ വർത്തിച്ചാലുണ്ടാകുന്ന അനുഗ്രഹത്തിന്റെ പാഠങ്ങളാണ് അദ്ദേഹം നൽകിയത്. മതവ്യത്യാസങ്ങളോ ആശയ വൈജാത്യങ്ങളോ ഒരിക്കലും തന്നെ മാനവൈക്യത്തിനോ പരസ്പര സ്നേഹത്തിനോ തടസ്സമല്ല. മനുഷ്യാത്മാവിൽ നിന്ന് പ്രവഹിക്കുന്ന സ്നേഹ പ്രചണ്ഡമാരുതൻ മതഭിത്തികളേയും ദേശാതിർത്തികളേയും വംശ വിവേചനങ്ങളേയും അതിവർത്തിച്ച് അനർഗ്ഗളമായി ഒഴുകേണ്ടതുണ്ട്. അല്ലാത്ത പക്ഷം മനുഷ്യരുണ്ടാക്കുന്ന സ്പർദകൾക്ക് ദൈവത്തിൽ നിന്നു തന്നെയുള്ള വിപത്തുകൾ നമ്മെ ബാധിച്ചേക്കാം. വാഗ്ദത്ത മസീഹ് (അ) പറയുന്നു:

***'ഐക്യം അഥവാ മൈത്രി എത്രയും അമൂല്യമായതാകുന്നു. മറ്റു യാതൊരു മാർഗ്ഗേണയും ദൂരീകരിക്കാൻ സാധ്യമല്ലാത്ത വിപത്തുകളേയും മറ്റേതുപായം മൂലവും പരിഹരിഹരിക്കാൻ കഴിയാത്ത വിഷമതകളേയും ഐക്യം മുഖേന ജയിക്കാൻ കഴിയുന്നതാണ്... ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യൻ അവരുടെ ദുർവൃത്തികളിൽ നിന്ന് വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെ കുറിച്ച് പശ്ചാത്തപിച്ചു ദൈവത്തോട് ക്ഷമ യാചിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ ലോകത്തിനു ഭയങ്കരമായ വിപത്തുകളും നാശങ്ങളും സംഭവിക്കുകയും ഒരു വിപത്ത് ഒഴിഞ്ഞുപോവുന്നതിനുമുമ്പ് മറ്റൊരു ഭയങ്കര നാശം തുടർന്നുണ്ടാകുന്നതുമാണ്. ഒടുക്കം മനുഷ്യൻ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി അഹോ! ഇനി എന്തു സംഭവിക്കാൻ പോകുന്നു എന്ന് ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ കുടുങ്ങി ഭ്രാന്ത് പിടിപെട്ടവരെ പോലെയായ് ഭവിക്കും. ആകയാൽ അല്ലയോ നാട്ടുകാരായ സഹോദരന്മാരേ! ആ നാളുകൾ വരുന്നതിന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവിൻ. ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധി ചെയ്യട്ടെ. ഐക്യത്തിന് തടസ്സമായി തീരത്തക്ക വിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കാത്ത പക്ഷം അന്യോന്യമുള്ള സ്പർദക്കും വൈരത്തിനും ആ സമുദായം ഉത്തരവാദിയാകുന്നതാണ്. (മൈത്രീസന്ദേശം)***



ഹദ്റത്ത് അഹ്മദ് (അ)

# ഹിന്ദുക്കളും മുസ്‌ലിംകളും ഐക്യത്തിൽ വർത്തിക്കണം

പ്രിയ സുഹൃത്തുക്കളേ! പരലോക കാര്യം മിക്ക ജനങ്ങൾക്കും ഗോപ്യമായിരിക്കുന്ന ഒരു വിഷയമാണ്. അതിന്റെ രഹസ്യം, സർവ്വോപരി മഹത്ത്വമേറിയ ആ സത്തക്കുവേണ്ടി ആത്മ സമർപ്പണം ചെയ്യുകയും മരണം വരുന്നതിനും മുമ്പേ മരണത്തെ വരിക്കുകയും ചെയ്യുന്നവർക്ക് മാത്രമാകുന്നു വെളിപ്പെടുമാറാകുന്നത്. എന്നാൽ ഐഹിക ജീവിതത്തെ സംബന്ധിച്ച് ഗുണമോ ദോഷമോ ആയ കാര്യങ്ങൾ സൂക്ഷ്മദൃക്കുകൾക്ക് കണ്ടറിയാൻ സാധിക്കുന്നതാണ്............. ഐക്യത്തിന്റെ അനുഗൃഹീത ഫലങ്ങളിൽ നിന്ന് നാം നമ്മെ അകറ്റിക്കളയുന്നത് ഒരിക്കലും ബുദ്ധിപൂർവ്വകമായിരിക്കില്ല. ഈ രാഷ്ട്രത്തിലെ അവിഭാജ്യ ഘടകങ്ങളായ രണ്ടു സമുദായങ്ങളാകുന്നു ഹിന്ദുക്കളും മുസ്‌ലിംങ്ങളും. ഇവരിൽ ഏതെങ്കിലും ഒരു കൂട്ടർ എപ്പോഴെങ്കിലും ഒരുമിച്ചു കൂടി മറ്റവരെ അതായത് ഹിന്ദുക്കൾ ഒന്നുചേർന്ന് മുസ്‌ലിംകളെയോ മുസ്‌ലിംകൾ ഒന്നു ചേർന്ന് ഹിന്ദുക്കളെയോ രാജ്യത്തിൽ നിന്ന് പുറത്താക്കിക്കളയാമെന്ന് വിചാരിക്കുന്നത് ഒരു മിഥ്യാവിചാരമാകുന്നു. മറിച്ച് ഈ രണ്ടു കൂട്ടരെയും ഇണക്കി നിർത്തുന്ന ബന്ധം അപരിഛേദ്യമാം വിധം ശക്തിയേറിയതാണ്താനും. ഇവയിൽ ഒരുകൂട്ടർക്ക് പൊതു നിലയിലുള്ള ഒരു ആപത്ത് സംഭവിക്കുന്ന പക്ഷം മറ്റവർക്കും അതിന്റെ ബാധയേൽക്കാതെ അകന്നിരിക്കാൻ സാദ്ധ്യമല്ല.......... അതിനാലുണ്ടാകുന്ന കഷ്ടപ്പാടിൽ നിന്ന് അവരും പങ്ക് അനുഭവിക്കേണ്ടിവരും. ഒരു കൂട്ടർ അഹംഭാവപൂർവ്വം മറ്റവരെ നിന്ദിക്കുകയും അവഹേളിക്കുകയും ചെയ്യാൻ ശ്രമിക്കുന്നപക്ഷം അവരും അതേ വിധത്തിൽ നിന്ദക്ക് ലക്ഷീഭവിക്കും. ഒരു കൂട്ടർ മറ്റവരുടെ നേരെ അനുകമ്പ ഭാവിക്കുന്നില്ലെങ്കിൽ അവർക്ക് ഇവരുടെയും അനുകമ്പ ലഭിക്കുന്നതല്ല. ഈ രണ്ടു സമുദായങ്ങളിലെ ഏതെങ്കിലും ഒരു വ്യക്തി മറ്റെ സമുദായത്തിന് നാശം വരുത്താൻ നോക്കുന്ന പക്ഷം, അവൻ താനിരിക്കുന്ന വൃക്ഷ ശാഖ കൈകൊണ്ട് വെട്ടി മുറിക്കുന്ന ഒരുവനെ പോലെയാകുന്നു. മിത്രങ്ങളേ! ദൈവാനുഗ്രഹത്താൽ നിങ്ങൾ ഇപ്പോൾ വിദ്യാസമ്പന്നരാണല്ലോ. ഈ ഘട്ടത്തിൽ നിങ്ങൾ എല്ലാതരം പകയും വിരോധവും നിങ്ങളുടെ ഹൃദയത്തിൽ നിന്ന് അകറ്റിക്കളയുകയും നിങ്ങൾ പരസ്പരം മൈത്രിയിലും ക്ഷേമകാംക്ഷയിലും മുന്നോട്ട് ഗമിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു..........നിങ്ങൾ ഇരുകൂട്ടർക്കും സമാധാനം എത്രയും അത്യാവശ്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഞാൻ യോജിപ്പിനായ്ക്കൊണ്ട് നിങ്ങളെ ക്ഷണിക്കുന്നത്. ലോകത്ത് പല തരത്തിലുള്ള ആപത്തുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഭൂകമ്പങ്ങളും ക്ഷാമങ്ങളും വന്നുകൊണ്ടിരിക്കുന്നു. പ്ലേഗ് നമ്മെ ഇനിയും വിട്ടുമാറിയിട്ടില്ല. ദൈവം എന്നെ അറിയിച്ചിരിക്കുന്നു. മനുഷ്യൻ അവരുടെ ദുർവൃത്തിയിൽ നിന്ന് വിരമിക്കുകയും അവർ തങ്ങളുടെ അകൃത്യങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ദൈവത്തോട് മാപ്പ് അപേക്ഷിക്കുകയും ചെയ്യാതിരിക്കുന്നുവെങ്കിൽ, ലോകത്തിന് ഭയങ്കരമായുള്ള വിപത്തുകളും നാശങ്ങളും സംഭവിക്കും. ഒരു വിപത്ത് ഒഴിഞ്ഞു പോകുന്നതിന് മുമ്പ് മറ്റൊരുഭയങ്കര നാശം തുടർന്ന് ഉണ്ടാകുന്നതാണ്. ഒടുക്കം മനുഷ്യൻ ഈ വിപത്തുകളാൽ സംഭ്രമചിത്തരായി അഹോ ഇനി എന്തു സംഭവിക്കാൻ പോകുന്നു? എന്നു ചോദിച്ചു തുടങ്ങും. അനേകർ വിവിധങ്ങളായ ആപത്തുകളിൽ പെട്ട് ഭ്രാന്ത് പിടിപെട്ടവനെപ്പോലെയായി ഭവിക്കും. അതിനാൽ അല്ലയോ നാട്ടുകാരായ സഹോദരരേ! ആ നാളുകൾ വരുന്നതിന് മുമ്പായി നിങ്ങൾ ജാഗരൂഗരാകുവീൻ ! ഹിന്ദുക്കളും മുസ്‌ലിംകളും തമ്മിൽ സന്ധിചെയ്യട്ടെ . ഐക്യത്തിന് തടസ്സമായി തീരത്തക്കവിധം അന്യായം പ്രവർത്തിച്ചിരിക്കുന്ന സമുദായം ആ അന്യായത്തെ ഉപേക്ഷിക്കട്ടെ. അല്ലാത്തപക്ഷം അന്യോന്യമുള്ള സ്പർദയും വൈര്യത്തിന്നും ആ സമുദായം ഉത്തരവാദിയാകുന്നതാണ്. (മൈത്രീ സന്ദേശം)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2019 സെപ്തംബർ 20ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം. വിവ. മൗലവി കെ. നജ്മുദ്ദീൻ

# ബദർ രണാങ്കണത്തിലെ ധീരയോദ്ധാക്കൾ

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




ഹദ്റത്ത് യസീദുബിനു റുഖൈശിനെക്കുറിച്ചുള്ള പരാമർശത്തോടെയാണ് ഞാനിന്ന് ബദരീ സ്വഹാബാക്കളെക്കുറിച്ചുള്ള വിവരണം ആരംഭിക്കുന്നത്. ഹദ്റത്ത് യസീദ് ബദർ, ഉഹദ്, ഖന്ദഖ് യുദ്ധങ്ങളുൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. ബദർ യുദ്ധത്തിൽ അദ്ദേഹം തായി ഗോത്രത്തിൽപ്പെട്ട അംറുബിൻ സുഫിയാൻ എന്ന വ്യക്തിയെ വധിച്ചിരുന്നു. ഹദ്റത്ത് യസീദ് യമാമാ യുദ്ധ ദിവസം ഹിജ്റി 12 ന് ശഹീദായി. യമാമാ യുദ്ധത്തെക്കുറിച്ചുള്ള വിശദീകരണം ഇപ്രകാരമാണ്.

ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തു കാലത്ത് 11 ഹിജ്റിയിൽ മുസൈലിമ കദ്ദാബിനെതിരായി യമാമാ എ ന്ന പ്രദേശത്തുവച്ച് നടന്ന യുദ്ധമാണ് യമാമാ യുദ്ധം. ഹദ്റത്ത് അബൂബക്കർ(റ) മുസൈലിമയെ നേരിടാനായി ഹദ്റത്ത് ഇക്രിമ ബിൻ അബൂജഹലിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. അദ്ദേഹത്തെ സഹായിക്കാനായി അദ്ദേഹത്തിനു പുറകെ ഹദ്റത്ത് ശറഹ്ബീലുബ്നു ഹസനയുടെ നേതൃത്വത്തിൽ ഒരു സൈന്യത്തെയും അയച്ചു. ഹദ്റത്ത് ശറഹ്ബീൽ എത്തിച്ചേരുന്നതിനു മുമ്പായിത്തന്നെ ഹദ്റത്ത് ഇക്രിമ മുസൈലിമ കദ്ദാബുമായി യുദ്ധം ആരംഭിച്ചു. എന്നാൽ അദ്ദേഹം മുസൈലിമയോട് പരാജയപ്പെട്ടു. ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് ശറഹ്ബീലിനു വിവരം ലഭിച്ചപ്പോൾ അദ്ദേഹം വഴിയിൽത്തന്നെ നിന്നു. ഹദ്റത്ത് ഇക്രിമ തന്റെ പരാജയത്തെക്കുറിച്ച് ഹദ്റത്ത് അബൂബക്കർ(റ)ന് എഴുതിയപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അദ്ദേഹത്തെ എഴുതി അറിയിച്ചു: നീ മദീനയിലേക്കു തിരിച്ചു വരരുത് കാരണം ജനങ്ങളിൽ ഭീരുത്വം ഉണ്ടാകുന്നതാണ്. അതുകൊണ്ട് സൈന്യത്തെയും കൂട്ടി ഒമാനിലെയും മിഹ്റായിലെയും കലാപകാരികളുമായി യുദ്ധം ചെയ്യുക. അതിനുശേഷം യമനിലേയും ഹദറമൗത്തിലേയും കലാപകാരികളുമായി യുദ്ധം ചെയ്യുക. ഹദ്റത്ത് അബൂബക്കർ(റ) ഹദ്റത്ത് ശറഹ്ബീലിനെഴുതി; ഹദ്റത്ത് ഖാലിദുബ്നു വലീദ് വരുന്നതുവരെ അവിടെ തന്നെ നിൽക്കുക. മുസൈലിമ കദ്ദാബിനെ നേരിടാനായി ഹദ്റത്ത് ഖാലിദിനെ പറഞ്ഞയച്ചു. അദ്ദേഹത്തിന്റെ കൂടെ മുഹാജിറുകളുടെയും അൻസ്വാറുകളുടെയും വലിയൊരു സംഘത്തെയും അയച്ചു. അൻസ്വാറുകളുടെ സംഘത്തലവൻ ഹദ്റത്ത് സാ

ബിതുബ്നു ഖൈസും മുഹാജിറുകളുടെ നേതാക്കൾ ഹദ്റത്ത് ഹുദൈഫയും സൈദുബ്നു ഖത്വാബും ആയിരുന്നു. ഹദ്റത്ത് ഖാലിദ് എത്തുന്നതിനു മുമ്പേ ഹദ്റത്ത് ശറഹ്ബീൽ മുസൈലിമ കദ്ദാബിനെതിരായി യുദ്ധമാരംഭിക്കുകയും പരാജിതനാകുകയും ചെയ്തു. ഹദ്റത്ത് അബൂബക്കർ(റ), ഹദ്റത്ത് ഖാലിദിനെ പിറകിൽ നിന്നാരും ആക്രമിക്കാതിരിക്കുവാനായി ഹദ്റത്ത് സുലൈത്തിന്റെ നേതൃത്വത്തിൽ ഒരു രക്ഷാസംഘത്തെക്കൂടി അയച്ചു. ആ യുദ്ധത്തിൽ മുസ്‌ലിംകളുടെ സൈന്യത്തിൽ പതിമൂവായിരവും മുസൈലിമയുടെ സൈന്യത്തിൽ നാല്പതിനായിരവും ആളുകളുണ്ടായിരുന്നുവെന്ന് വിവരിക്കപ്പെടുന്നു. ഹദ്റത്ത് ഖാലിദ് സമീപത്തെത്തിയിരിക്കുന്നുവെന്നറിഞ്ഞപ്പോൾ മുസൈലിമ ഉഖ്റബാ എന്ന പ്രദേശത്ത് തമ്പടിച്ചു. അവിടെയുള്ള ആളുകളെ സഹായത്തിനായി വിളിക്കുകയും ചെയ്തു. വളരെയധികം ആളുകൾ മുസൈലിമയുടെ സഹായത്തിനായി എത്താൻ തുടങ്ങി. അതിനിടയിൽ മുജാആ ബിൻ മറാറ ഒരു സംഘവുമായി പുറത്തിറങ്ങി. മുസ്‌ലിംകൾ അയാളെയും കൂട്ടാളികളെയും പിടികൂടി. ഹദ്റത്ത് ഖാലിദ്, മുജാഅയെ ജീവനോടെ പിടികൂടുകയും സംഘത്തിലുള്ളവരെ വധിക്കുകയും ചെയ്തു. എന്തെന്നാൽ ബനൂഹനീഫാ ഗോത്രക്കാർ വളരെ ആദരിച്ചിരുന്ന വ്യക്തിയായിരുന്നു മുജാആ. മുസൈലിമയുടെ മകൻ ശറഹ്ബീൽ, ബനൂഹനീഫയെ പ്രകോപ്പിക്കാനായി ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നു. ഇന്ന് നിങ്ങളുടെ മാനം കാക്കേണ്ട ദിവസമാണ്, ഇന്ന് നിങ്ങൾ പരാജയപ്പെട്ടാൽ നിങ്ങളുടെ സ്ത്രീകൾ അടിമകളാക്കപ്പെടും. അതുകൊണ്ട് നിങ്ങളുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കുന്നതിനുവേണ്ടി പൂർണ ധീരത പ്രകടിപ്പിച്ചുകൊണ്ട് നിങ്ങളുടെ സ്ത്രീകളെ രക്ഷിക്കുക. അങ്ങനെ യുദ്ധം ആരംഭിച്ചു. മുഹാജിറുകളുടെ പതാക ഹദ്റത്ത് സാലിം മൗലായുടെ കൈകളിലായിരുന്നു. അതിനു മുമ്പ് അബ്ദുല്ലാഹിബ്നു ഹിഫ്സിന്റെ കയ്യിലായിരുന്നു. അദ്ദേഹം ശഹീദാകുകയാണുണ്ടായത്. അൻസ്വാറുകളുടെ പതാക ഹദ്റത്ത് സാബിത്തുബ്നു ഖൈസിന്റെ കയ്യിലായിരുന്നു. ഘോരമായ യുദ്ധം നടന്നു. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മുമ്പൊരിക്കലും ഇതുപോലൊരു യുദ്ധത്തെ നേരിടേണ്ടി വന്നിട്ടുണ്ടായിരുന്നില്ല. ആ യുദ്ധത്തിൽ മുസ്‌ലിംകൾ പരാജിതരായി. ബനൂഹനീഫയുടെ ആളുകൾ മുജാഅയെ മോചിപ്പിക്കുന്നതിനായി മുന്നോട്ടു വന്നു. അയാളെ ഹദ്റത്ത് ഖാലിദ് തടവിലാക്കിയിരിക്കുകയായിരുന്നു. അവർ ഹദ്റത്ത് ഖാലിദുബ്നു വലീദിന്റെ കൂടാരം ലക്ഷ്യമാക്കി. ഹദ്റത്ത് ഖാലിദിന്റെ ഭാര്യ ആ കൂടാരത്തിലുണ്ടായിരുന്നു. ആളുകൾ ഹദ്റത്ത് ഖാലിദിന്റെ ഭാര്യയെ വധിക്കാൻ തുനിഞ്ഞപ്പോൾ മുജാആ, അവരുടെ സംരക്ഷണ ചുമതല ഞാൻ ഏറ്റെടുത്തിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് അവരെ വധിക്കുന്നത് തടഞ്ഞു. പുരുഷൻമാരെ ആക്രമിക്കുക എന്ന് ആളുകളോടു പറഞ്ഞു. അപ്പോൾ അവർ കൂടാരം അറുത്ത് അവിടം വിട്ടുപോയി. യുദ്ധം വീണ്ടും മൂർഛിച്ചു. ബനൂഹനീഫാ ഗോത്രങ്ങളിലെ ആളുകൾ ഒന്നിച്ചു ചേർന്ന് ശക്തമായ ആക്രമണം ആരംഭിച്ചു. ആ ദിവസം വിജയം ചിലപ്പോൾ മുസ്‌ലിംകളുടെ പക്ഷത്തും ചിലപ്പോൾ സത്യനിഷേധികളുടെ പക്ഷത്തുമായിരുന്നു. ആ യുദ്ധത്തിൽ ഹദ്റത്ത് സാലിം, ഹദ്റത്ത് അബൂ ഹുദൈഫ, ഹദ്റത്ത് സൈദുബിൻ ഖത്വാബ് തുടങ്ങിയ ആദരണീയരായ സ്വഹാബാക്കൾ ശഹീദായി. മുസ്‌ലിംകളുടെ ഈ അവസ്ഥ കണ്ടപ്പോൾ മുസ്‌ലിംക ളുടെ മേൽ എവിടെനിന്നാണ് ആക്രമണമുണ്ടാകുന്നതെന്നും ആക്രമണത്തിന്റെ തീവ്രത എത്രമാത്രമുണ്ടെന്നും അനുമാനിക്കുന്നതിനായി ഹദ്റത്ത് ഖാലിദ് ഓരോ ഗോത്രങ്ങളെയും വെവ്വേറെയായി നിർത്തി. അപ്പോൾ മുസ്‌ലിംകൾ പരസ്പരം പറഞ്ഞു, ഇന്ന് നമുക്ക് ലജ്ജ തോന്നുന്നു. ഇന്നത്തെ നമ്മുടെ അവസ്ഥ വളരെ ലജ്ജാകരമാണ്. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അതിലും വലിയ പ്രയാസത്തിന്റെ ദിനം വേറെയില്ലായിരുന്നു. മുസൈലിമ അപ്പോഴും തന്റെ സ്ഥാനത്തുതന്നെ നിലയുറപ്പിച്ചിരിക്കുകയായിരുന്നു. യുദ്ധത്തിന്റെ കേന്ദ്രസ്ഥാനം നിഷേധികളുടെ ഭാഗത്തായിരുന്നു. മുസൈലിമ വധിക്കപ്പെടുന്നതുവരെ യുദ്ധം അവസാനിക്കുകയില്ല എന്ന് ഹദ്റത്ത് ഖാലിദ് മനസ്സിലാക്കി. ഹദ്റത്ത് ഖാലിദ് അണിയിൽ നിന്നും മുന്നോട്ടുവരികയും യുദ്ധത്തിന്റെ മുദ്രാവാക്യം മുഴക്കുകയും ചെയ്തു. 'യാ മുഹമ്മദ്' എന്നതായിരുന്നു മുദ്രാവക്യം. മൈതാനത്തു വന്നവരെയെല്ലാം വധിച്ചു. ഹദ്റത്ത് ഖാലിദ് മുസൈലിമയെ വിളിച്ചു. അയാൾ മുന്നിലേക്കു വന്നില്ല പകരം ഓടി രക്ഷപ്പെടുകയും അനുചരൻമാരോടൊപ്പം സ്വന്തം തോട്ടത്തിൽ അഭയം തേടാൻ നിർബന്ധിതനാകുകയും ചെയ്തു. തോട്ടത്തിന്റെ കവാടങ്ങൾ അടച്ചു. മുസ്‌ലിംകൾ ആ തോട്ടം വളഞ്ഞു. ഒരു തന്ത്രം പ്രയോഗിച്ച് കവാടം തുറന്ന് അകത്തു പ്രവേശിച്ചു. വീണ്ടും ഘോരമായ യുദ്ധം നടന്നു. വഹ്ശി മുസൈലിമയെ വധിച്ചു. നബി(സ)തിരുമേനിയുടെ പിതൃവ്യനായിരുന്ന ഹദ്റത്ത് ഹംസയെ ശഹീദാക്കിയ അതേ വഹ്ശി തന്നെയായിരുന്നു അത്. ആ യുദ്ധത്തിൽ മുസ്‌ലിംകളുടെ ഭാഗത്തു നിന്നും അറുനൂറിൽപരം മുഹാജിറുകളും അൻസ്വാറുകളും ശഹീദായപ്പോൾ, ബനൂ ഹനീഫയുടെ ഉഖ്റബാ മൈതാനത്ത് ഏഴായിരവും തോട്ടത്തിൽ വച്ച് ഏഴായിരവും ഓടി രക്ഷപ്പെടുന്നവരെ പിൻതുടർന്ന് ഏഴായിരം സത്യനിഷേധികളും വധിക്കപ്പെടുകയുണ്ടായി.

അടുത്ത സ്വഹാബിയുടെ പേരാണ് അബ്ദുല്ലാഹിബ്നു മഖ്രിമ. പ്രാരംഭകാലത്ത് ഇസ്‌ലാം സ്വീകരിച്ച സ്വഹാബികളിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. ഹദ്റത്ത് അബ്ദു ല്ലാഹിബ്നു മഖ്റമയ്ക്ക് രണ്ട് ഹിജ്റത്തുകൾ ചെയ്യുവാനുള്ള സൗഭാഗ്യമുണ്ടായി. ഒന്ന് ഹബ്ശയിലേക്കും മറ്റൊന്ന് മദീനയിലേക്കും. അദ്ദേഹം ബദർ യുദ്ധത്തിലും തുടർന്നുള്ള എല്ലാ യുദ്ധ

ങ്ങളിലും പങ്കെടുക്കുയുണ്ടായി. ബദർ യുദ്ധ സമയത്ത് അദ്ദേഹത്തിന് മുപ്പത് വയസ്സായിരുന്നു. ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഖിലാഫത്തു കാലഘട്ടത്തിൽ യമാമാ യുദ്ധത്തിൽ ശഹീദാകുമ്പോൾ അദ്ദേഹത്തിന് നാല്പത്തൊന്ന് വയസ്സായിരുന്നു. ഹദ്റത്ത് മഖ്റമയ്ക്ക് ശഹീദാകുവാൻ അങ്ങേയറ്റത്തെ ആവേശം ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: അല്ലാഹുവേ, എന്റെ ശരീരത്തിലെ ഓരോ സന്ധിയിലും അല്ലാഹുവിന്റെ മാർഗത്തിലേറ്റ മുറിപ്പാടുകൾ കാണുന്നതുവരെ നീയെന്നെ മരിപ്പിക്കരുതേ. അങ്ങനെ യമാമാ യുദ്ധദിവസം സന്ധികളിലേറ്റ മുറിവു കാരണത്താൽ അദ്ദേഹം ശഹീദായി. ഹദ്റത്ത് അബ്ദുല്ലാഹിബ്നു മഖ്റമ വലിയ ഭക്തനായിരുന്നു. യുവത്വ കാലത്തും വളരെ ഇബാദത്തു ചെയ്തിരുന്നു. ഹദ്റത്ത് ഇബ്നു ഉമർ വിവരിക്കുന്നു, യമാമ യുദ്ധം നടന്ന വർഷം ഞാനും ഹദ്റത്ത് അബ്ദുല്ലാഹിബ്നു മഖ്രിമയും ഹദ്റത്ത് അബൂഹുദൈഫയുടെ സ്വതന്ത്രനാക്കപ്പെട്ട അടിമയായ ഹദ്റത്ത് സാലിമും ഒരുമിച്ചായിരുന്നു. സൈന്യത്തിനു വേണ്ടി ഞങ്ങൾ മൂന്നു പേരും മാറി മാറി ആട് മേയ്ക്കുമായിരുന്നു. യുദ്ധം ആരംഭിച്ച ദിവസം ആട് മേയ്ക്കാൻ എന്റെ ഊഴമായിരുന്നു. ഞാൻ ആടു മേയ്ച്ചു തിരിച്ചെത്തിയപ്പോൾ അബ്ദുല്ലാഹിബ്നു മഖ്രിമയെ യുദ്ധമൈതാനിയിൽ മുറിവേറ്റു കിടക്കുന്നതായി കണ്ടു. ഞാൻ അദ്ദേഹത്തിന്റെ അടുത്തുതന്നെ നിന്നു. അപ്പോൾ അദ്ദേഹം ചോദിച്ചു: അല്ലയോ അബ്ദുല്ലാഹിബ്നു ഉമർ, നോമ്പെടുത്തിരുന്നവർ നോമ്പു തുറന്നുവോ? ഞാൻ പറഞ്ഞു: അതെ. അപ്പോൾ അദ്ദേഹം പറഞ്ഞു: ഈ പരിചയിൽ എനിക്കല്പം വെള്ളം തരിക അതുകൊണ്ട് ഞാൻ നോമ്പ് തുറക്കട്ടെ. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ പറയുന്നു, ഞാൻ വെള്ളമെടുക്കാനായി പോയി. തിരിച്ചെത്തിയപ്പോഴേക്കും അദ്ദേഹം വഫാത്തായിരുന്നു.

ഹദ്റത്ത് അംറ് ബിൻ മഅ്ബദ് ആണ് അടുത്ത സ്വഹാബി. അൻസ്വാർ ഗോത്രമായ ഔസിന്റെ ശാഖയായ ബനുസുബായയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബദർ, ഉഹദ്, ഖന്ദഖ് യുദ്ധങ്ങളുൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. ഹുനൈൻ യുദ്ധത്തിനിടയിൽ നബി(സ) തിരുമേനിയുടെ കൂടെനിന്നുകൊണ്ട് അചഞ്ചലരായി ധീരതയോടെ പോരാടിയ നൂറു സ്വഹാബാക്കളിൽ ഹദ്റത്ത് അംറ്ബിൻ മഅ്ബദും ഉൾപ്പെടുന്നു.

അടുത്ത സ്വഹാബിയാണ് ഹദ്റത്ത് നുഅ്മാനുബിന് മാലിക്. നുഅ്മാനുബ്നു കൗകൽ എന്നും പറയുന്നുണ്ട്. അദ്ദേഹത്തിന് അല്പം മുടന്തുണ്ടായിരുന്നു. അൻസ്വാറുകളുടെ ഗോത്രമായ ഖസ്റജിന്റെ ശാഖയായ ബനൂഗനമുമായിട്ടായിരുന്നു അദ്ദേഹത്തിനു ബന്ധം. ഹദ്റത്ത് നുഅ്മാനുബ്നു മാലിക് ബദർ യുദ്ധത്തിലും ഉഹദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഉഹ്ദ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. ഹദ്റത്ത് നുഅ്മാനുബ്നു മാലിക് ഉഹദു യുദ്ധത്തിനായി പുറപ്പെടുന്നതിനു മുമ്പ് നബി(സ) തിരുമേനിയോടു പറഞ്ഞു: യാ റസൂലല്ലാഹ് ഞാൻ തീർച്ചയായും സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. നബി(സ) ചോദിച്ചു: അതെങ്ങനെ? അപ്പോൾ ഹദ്റത്ത് നുഅ്മാൻ പറഞ്ഞു: എന്തുകൊണ്ടെന്നാൽ അല്ലാഹുവല്ലാതെ ആരാധനയ്ക്കർഹൻ മറ്റാരുമില്ലെന്നും താങ്കൾ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിച്ചിരിക്കുന്നു. മാത്രമല്ല യുദ്ധക്കളത്തിൽ നിന്ന് ഞാനൊരിക്കലും ഭയന്നോടുകയില്ല. നബി(സ) തിരുമേനി പറഞ്ഞു: നീ സത്യമാണ് പറഞ്ഞത്. അങ്ങനെ അന്നേ ദിവസം അദ്ദേഹം ശഹീദായി. സഫ്വാനുബ്നു ഉമയ്യയാണ് അദ്ദേഹത്തെ ശഹീദാക്കിയത്. നബി(സ) തിരുമേനി പറഞ്ഞു: അദ്ദേഹത്തിന്റെ ദുആ അല്ലാഹു സ്വീകരിച്ചിരിക്കുന്നു. എന്തെന്നാൽ അദ്ദേഹം സ്വർഗത്തിലൂടെ നടന്നുകൊണ്ടിരിക്കുന്നത് ഞാൻ കണ്ടു. അപ്പോൾ അദ്ദേഹത്തിന് യാതോരുവിധ മുടന്തും ഇല്ലായിരുന്നു. ഹദ്റത്ത് ജാബിർ നിവേദനം ചെയ്യുന്നു, ഒരിക്കൽ നുഅ്മാനിബ്നു ഖൗഖൽ പള്ളിയിൽ പ്രവേശിക്കുമ്പോൾ നബി(സ) ജുമുആ ഖുത്ബ നൽകിക്കൊണ്ടിരിക്കുകയായിരുന്നു. നബി(സ) തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: അല്ലയോ നുഅ്മാൻ നീ രണ്ടു റകഅത്തു നമസ്കരിക്കുക. അത് ലഘുവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. തുടർന്ന് അവിടന്ന് പറഞ്ഞു: ഇമാം ഖുത്ബ നിർവഹിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളാരെങ്കിലും വരികയാണെങ്കിൽ അയാൾ രണ്ടു റകഅത്ത് നമസ്കരിക്കേണ്ടതാണ്. രണ്ടു റകഅത്തുകളും ലഘുവായതായിരിക്കണം.

ഹദ്റത്ത് ഖുബൈബ് ബിൻ അദിയ് ആണ് അടുത്ത സ്വഹാബി. ഹദ്റത്ത് ഖുബൈബുബിൻ അദിയ് ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. ആ യുദ്ധത്തിൽ അദ്ദേഹം ഹാരിസ് ബിൻ ആമിറിനെ വധിച്ചിരുന്നു. ബദർ യുദ്ധത്തിൽ ജീഹാദു ചെയ്യുന്നവരുടെ ആയുധ സാമഗ്രികളുടെ മേൽനോട്ടക്കാരൻ അദ്ദേഹമായിരുന്നു. ഹദ്റത്ത് ഖുബൈബുബിൻ അദിയ് ഹിജ്രി നാലിനു നടന്ന റജീഅ് സംഭവത്തിൽ ഉൾപ്പെട്ടിരുന്നു. റജീഅ് സംഭവത്തെക്കുറിച്ച് ബുഖാരിയിലുള്ള വിവരണം ഇപ്രകാരമാണ്, നബി(സ) തിരുമേനി പത്ത് ആളുകളുടെ ഒരു സംഘത്തെ അവസ്ഥകൾ അറിഞ്ഞുവരുന്നതിനായി അയച്ചു. ആസിം ബിൻ സാബിത്ത് അൻസാരിയെ അവരുടെ അമീർ ആയി നിയമിച്ചു. അവർ ബുഹ്ദാ എന്ന പ്രദേശത്തെത്തിയപ്പോൾ ആരോ ബനുലിഹ്യാന് ഇവരെക്കുറിച്ചുള്ള വിവരം നൽകി. ഈ വാർത്തയറിഞ്ഞ ബനൂലിഹ്യാനിലെ അസ്ത്രാഭ്യസമുള്ള ഇരുനൂറോളം പേർ പുറപ്പെടുകയും കാലടിപ്പാടുകൾ നോക്കി അവരെ പിൻതുടരുകയും ചെയ്തു. അവർ വരുന്നതു കണ്ട ആസിമും കൂടെയുള്ളവരും ഒരു കുന്നിനുമുകളിൽ അഭയം തേടി. അവർ അവരെ (ആസിമിനെയും സംഘത്തെയും) വളഞ്ഞു. എന്നിട്ടു പറഞ്ഞു: താഴെ ഇറങ്ങിവന്ന് ഞങ്ങളു

ടെ മുന്നിൽ കീഴടങ്ങുക. നിങ്ങളുടെ കൂട്ടത്തിലെ ആരെയും വധിക്കുകയില്ലെന്ന് ഞങ്ങൾ വാക്ക് തരുന്നു. ആസിം ബിൻ സാബിത്ത് പറഞ്ഞു: സത്യനിഷേധികളുടെ സംരക്ഷണ വാഗ്ദാനത്തിൽ ഞാൻ ഇറങ്ങിവരികയില്ല. തുടർന്ന് അദ്ദേഹം ദുആ ചെയ്തു അല്ലാഹുവേ, ഞങ്ങളെക്കുറിച്ചുള്ള വാർത്ത നീ ഞങ്ങളുടെ പ്രവാചകനിലേക്ക് എത്തിക്കേണമേ. അതിൽ അവർ അമ്പെയ്യുകയും ആസിമിനെയടക്കം ഏഴുപേരെ അവർ വധിക്കുകയും ചെയ്തു. ഇതെല്ലാം കണ്ടപ്പോൾ (ബാക്കി) മൂന്നുപേരും അവരുടെ വാക്കുകളെ വിശ്വസിച്ചുകൊണ്ട് താഴെയിറങ്ങിവന്നു. അതിൽ ഖുബൈബ് അൻസ്വാരിയും ഇബ്നു ദസ്നയും പിന്നെ മറ്റൊരാളുമാണ് ഉണ്ടായിരുന്നത്. അവർ സമീപത്തെത്തിയപ്പോൾ നിഷേധികൾ അവരെ പിടിച്ചുകെട്ടി. അപ്പോൾ മൂന്നാമത്തെയാൾ പറഞ്ഞു: ഇതാദ്യത്തെ വഞ്ചനയാണ്. ഞനൊരിക്കലും നിങ്ങളുടെ കൂടെ വരുന്നതല്ല. ആ ശഹീദായവരിൽ എനിക്ക് തൃപ്തികരമായ മാതൃകയുണ്ട്. അവർ അദ്ദേഹത്തെ എങ്ങനെയെങ്കിലും പിടിച്ചു വലിച്ചുകൊണ്ടുപോകാൻ ശ്രമിച്ചു. പക്ഷേ അദ്ദേഹം പോകാൻ കൂട്ടാക്കിയില്ല. ഒടുവിൽ അവർ അദ്ദേഹത്തെ വധിച്ചു. ഖുബൈബിനെയും ഇബ്നു ദസ്നയെയും പിടച്ചുകൊണ്ടുപോയി മക്കയിൽ പോയി വിറ്റു. ഖുബൈബിനെ ബനൂ ഹാരിസു ബിൻ അംറ് ബിൻ നൗഫൽ ബിൻ അബ്ദെ മനാഫ് ആണ് വാങ്ങിയത്. ഖുബൈബ് അവിടെ തടവിലായി. ഹാരിസിന്റെ മകൾ പറയുകയാണ്, ഒരിക്കൽ ഖുബൈബ് തടവിലായിരുന്നപ്പോൾ അവരോട് ഒരു ക്ഷൗരക്കത്തി ആവശ്യപ്പെട്ടു. അങ്ങനെ കത്തി കൊടുത്തു. ഞാൻ അശ്രദ്ധയിലായിരിക്കുമ്പോൾ എന്റെ ഒരു കുട്ടി ഖുബൈബിന്റെ അടുത്തു ചെന്നു. അദ്ദേഹം കുട്ടിയെ പിടിച്ചു മടിയിലിരുത്തി. ഞാനതുകണ്ട് ഭയന്നുപോയി. ഖുബൈബ് എന്റെ മുഖത്തെ ഭയം തിരിച്ചറിഞ്ഞു. എന്നിട്ടു പറഞ്ഞു: ഞാനിതിനെ കൊന്നുകളയുമോ എന്ന് നിങ്ങൾ ഭയപ്പെടുന്നു. ഞാനങ്ങനെ ചെയ്യുന്നവനല്ല. ഖുബൈബിനെക്കാളും നല്ല ഒരു തടവുപുള്ളിയെ ഞാനൊരിക്കലും കണ്ടിട്ടില്ല എന്ന് ഹാരിസിന്റെ മകൾ പറയുമായിരുന്നു. പിന്നീട് പറഞ്ഞു: അല്ലാഹുവാണ! ഒരു ദിവസം ചങ്ങലയിൽ ബന്ധിക്കപ്പെട്ട അദ്ദേഹത്തിന്റെ കയ്യിൽ ഒരു മുന്തിരിക്കുലയുള്ളതായി ഞാൻ കണ്ടു. അദ്ദേഹം അതിൽ നിന്നും ഭക്ഷിച്ചുകൊണ്ടിരിക്കുന്നു. ആ സമയത്ത് മക്കയിലെവിടെയും ഒരു തരത്തിലുള്ള ഫലവും ലഭ്യമായിരുന്നില്ല. അല്ലാഹു ഖുബൈബിനു നൽകിയ അന്നമായിരുന്നു അതെന്ന് അവർ പറയുമായിരുന്നു. ആളുകൾ അദ്ദേഹത്തെ വധിക്കുവാനായി ഹറമിനു വെളിയിൽ കൊ ണ്ടുപോകുമ്പോൾ ഖുബൈബ് അവരോടു പറഞ്ഞു: എന്നെ രണ്ടു റകാഅത്ത് നമസ്കരിക്കാൻ അനുവദിക്കണം. അവർ അനുവാദം നൽകിയപ്പോൾ ഖുബൈബ് രണ്ടു റകഅത്ത് നമസ്കരിച്ചു. തുടർന്ന് അല്ലാഹുവിനോട് ദുആ ചെയ്തു: അല്ലാഹുവേ, നീ ഇവരെ ഓരോരുത്തരെയും നശിപ്പിക്കേണമേ. പിന്നീടദ്ദേഹം ഒരു കവിത ചൊല്ലി. അതിന്റെ ആശയം ഇപ്രകാരമാണ്, ഞാനൊരു മുസ്‌ലിമായിക്കൊണ്ട് വധിക്കപ്പെടുമ്പോൾ അല്ലാഹുവിലേക്ക് ഏതുവശം ചരിഞ്ഞ് വീഴണമെന്നത് ഞാൻ കാര്യമാക്കുന്നില്ല. എന്റെയീ വീഴ്ച അല്ലാഹുവിനുവേണ്ടിയാകുമ്പോൾ അവൻ ആഗ്രഹിക്കുകയാണെങ്കിൽ തുണ്ടം തുണ്ടമാക്കപ്പെട്ട ശരീരാവശിഷ്ടത്തിൽ പോലും അനുഗ്രഹം ചൊരിയുന്നതാണ്.

ഒടുവിൽ ഹാരിസിന്റെ മകൻ ഉഖ്ബാ ഹദ്റത്ത് ഖുബൈബിനെ ശഹീദാക്കി. ഇത്തരത്തിൽ ബന്ധിക്കപ്പെട്ട അവസ്ഥയിൽ വധിക്കപ്പെടുന്ന മുസ്‌ലിംകൾ രണ്ടു റകഅത്ത് നമസ്കരിക്കുന്ന മാതൃക സ്ഥാപിച്ചത് ഖുബൈബ് തന്നെയായിരുന്നു. ഹദ്റത്ത് ഖുബൈബിനെ ശഹീദാക്കുമ്പോൾ അദ്ദേഹം ഇങ്ങനെയും ദുആ ചെയ്തിരുന്നു: അല്ലാഹുവേ, നിന്റെ റസൂലിന്റെയടുക്കൽ സലാം എത്തിക്കാൻ എനിക്ക് യാതൊരു മാർഗവുമില്ല അതുകൊണ്ട് നീ തന്നെ എന്റെ സലാം അദ്ദേഹത്തിനെത്തിക്കുക. ഹദ്റത്ത് ഖുബൈബിനെ വധിക്കുവാനായി തൂക്കുപലകയിൽ കയറ്റുമ്പോൾ വീണ്ടും ദുആ ചെയ്തു: *അല്ലാഹുമ്മ അഹ്സിഹിം അദദാ വ ഖ്തുലുഹും ബദദാ* അതായത് അല്ലാഹുവേ, നീ ഇവരുടെ കണക്കു നോക്കുകയും അവരെ തിരഞ്ഞുപിടിച്ചു കൊല്ലുകയും ചെയ്യേണമേ. ഒരു ബഹുദൈവിവശ്വാസി ഈ ദുആകേട്ടപ്പോൾ ഭയന്ന് നിലത്തു കിടന്നു എന്നു പറയുന്നു. അതുകഴിഞ്ഞ് ഒരു വർഷമായില്ല അതിനകം തന്നെ ആ ഭയന്ന് നിലത്തു കിടന്നിരുന്ന വ്യക്തിയൊഴികെ ഹദ്റത്ത് ഖുബൈബിനെ വധിക്കുന്നതിൽ പങ്കാളികളായ എല്ലാവരും നശിച്ചുപോയി. ആരും തന്നെ ജീവനോടെ അവശേഷിച്ചില്ല എന്നു പറയപ്പെടുന്നു. ജിബ്‌രീൽ(അ) നബി(സ) തിരുമേനിയുടെ അടുക്കലെത്തി. ഈ സംഭവത്തെക്കുറിച്ച് അറിവു നൽകി. സ്വഹാബാക്കൾ പറയുന്നു, നബി(സ) തിരുമേനി ആ സമയത്ത് ഒരിടത്തിരിക്കുകയായിരുന്നു. അവിടന്ന് വഅലൈക്കുമുസ്സലാം ഖുബൈബേ അല്ലയോ ഖുബൈബേ നിനക്ക് അല്ലാഹുവിൽ നിന്നുള്ള ശാന്തിയും സമാധാനവും ഉണ്ടാകട്ടെ എന്നു പറഞ്ഞു. ഖുറൈശികൾ അദ്ദേഹത്തെ വധിച്ചിരിക്കുന്നു.

ഹുസൂർ പറഞ്ഞു: ഈ അവസരത്തിൽ ഞാൻ ഒരു വിളംബരം നടത്താൻ ആഗ്രഹിക്കുകയാണ് അതായത് ശുഅ്ബ താരീഖെ അഹ്മദിയ്യത്ത് (അഹ്മദിയ്യാ ചരിത്ര വിഭാഗം) അവരുടെ ഒരു വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നു. ഉർദു, ഇംഗ്ലീഷ് രണ്ടു ഭാഷകളും ഉൾപ്പെടുന്നതാണ്. ജുമുആയ്ക്കു ശേഷം ഞാൻ അത് ലോഞ്ച് ചെയ്യുന്നതാണ്. ഇൻശാ അല്ലാഹ്.

www.alislam.org

ഭാഗം – 3

# ഹഖീഖത്തുൽ വഹ്‌യ് (വെളിപാടിന്റെ തത്ത്വരഹസ്യം)

വാഗ്ദത്ത മസീഹി(അ)ന്റെ പൊൻതൂലികയിൽ നിന്ന് വിരചിതമായ ആത്മീയ യാഥാർത്ഥ്യങ്ങളെ പറ്റിയുള്ള ആധികാരികമായ വിവരണം. വിവ: ആരിഫ് മുഹമ്മദ്.

ഹദ്റത്ത് അഹ്‌മദ് (അ)

ഈ പറഞ്ഞതിന്റെയെല്ലാം ഉദ്ദേശ്യം, ഒരു വ്യക്തി ചില സത്യസ്വപ്നങ്ങളോ സത്യവെളിപാടുകളോ ദർശിക്കുന്നതു കൊണ്ടുമാത്രം അതോടൊപ്പം മറ്റു ഗുണങ്ങൾ ഇല്ലാതിരിക്കുന്നിടത്തോളം

ആ ഗുണങ്ങളെപ്പറ്റി ഞാൻ മൂന്നാം അധ്യായത്തിൽ പ്രതിപാദിക്കുന്നതാണ് ഇൻശാ അല്ലാഹ്.

അത് അയാളുടെ വല്ല മഹത്വത്തിനുമുള്ള തെളിവല്ല. മറിച്ച്, അതു കേവലം മസ്തിഷ്കഘടനയുടെ ഫലമാകുന്നു. അതുകൊണ്ടു തന്നെ അതിൽ നല്ലവനെന്നോ സദ്‌വൃത്തനെന്നോ ഉള്ള നിബന്ധനയില്ല. മുസ്‌ലിമോ വിശ്വാസിയോ ആകൽ അതിനു നിർബന്ധവുമില്ല. മസ്തിഷ്കത്തിന്റെ രൂപസംവിധാനം ഒന്നു കൊണ്ടു മാത്രം ചിലർക്ക് സത്യസ്വപ്നങ്ങൾ ഉണ്ടാവുകയോ വെളിപാടു രൂപത്തിൽ ചില കാര്യങ്ങൾ അറിയുകയോ ചെയ്യുന്നതു പോലെ, മസ്തിഷ്കഘടന കാരണം ചിലരുടെ പ്രകൃതം ജ്ഞാനസമ്പാദനത്തിനും യാഥാർഥ്യം കണ്ടെത്തുന്നതിനും യോജിച്ചവയായിരിക്കും. സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ സംഗതികളിലേക്ക് അവർ ആഴ്ന്നിറങ്ങുന്നു. വാസ്തവത്തിൽ അവർ ***ആമന ശഅ്‌റഹു വ കഫറ ഖൽബഹു*** എന്ന ഹദീസിന്റെ സാക്ഷാത്ക്കാരമത്രേ. അതായത്, അവരുടെ കവിത വിശ്വസിച്ചു, പക്ഷേ,ഹൃദയം നിഷേധിയായി. അതുകൊണ്ട് സത്യവാനെ തിരിച്ചറിയുക എന്നത് എല്ലാ ശുദ്ധഗതിക്കാർക്കും പറഞ്ഞിട്ടുള്ളതല്ല. ഇതോടൊപ്പം മറ്റൊരു സംഗതിയും ഓർക്കേണ്ടതുണ്ട്. ഈ പദവിയിലുള്ള ജനങ്ങൾക്ക് ഉണ്ടാകുന്ന സ്വപ്നങ്ങളും വെളിപാടുകളുമുണ്ടല്ലോ. അവ അനേകം അന്ധകാരങ്ങളിൽ ആഴ്ന്നിറങ്ങിയിട്ടുള്ളവയാണ്. സത്യത്തിന്റെ വെളിച്ചം അവയിലുണ്ടാകുന്നത് വളരെ വിരളം. ദൈവസ്നേഹത്തിന്റെയും സ്വീകാര്യതയുടെയും ഒരു ലക്ഷണവും അവർക്ക് ഉണ്ടാകാറില്ല. അദൃശ്യകാര്യങ്ങളാകട്ടെ, കോടിക്കണക്കിന് മനുഷ്യർ ഭാഗഭാക്കാവുന്ന തരത്തിൽ മാത്രം. ഇത്തരം സ്വപ്നങ്ങളിലും വെളിപാടുകളിലും എല്ലാവിധ പാപികളും വ്യാജന്മാരും നിഷേധികളും നിർമതരും എന്നല്ല വേശ്യാസ്ത്രീകൾ പോലും ഭാഗഭാക്കാണെന്ന സംഗതി വേണമെങ്കിൽ ഓരോ വ്യക്തിക്കും സ്വയം അന്വേഷിക്കാവുന്നതാണ്. അതുകൊണ്ട് ഇങ്ങനെയുള്ള സ്വപ്നങ്ങളിലും വെളിപാടുകളിലും സ്വയം മറന്ന് സന്തോഷിക്കുന്നവൻ ബുദ്ധിശൂന്യനാകുന്നു. ഈ നിലവാരത്തിലുള്ള സ്വപ്നങ്ങളുടെയും വെളിപാടുകളുടെയും ലക്ഷണങ്ങൾ തന്റെ ഉള്ളിൽ കണ്ടു കൊണ്ട് താൻ എന്തൊക്കെയോ ആണെന്ന് മനസ്സിലാക്കി വെയ്ക്കുന്ന വ്യക്തി വഞ്ചനയിൽ അകപ്പെട്ടിരിക്കുകയാണ്. ആ വ്യക്തി വാസ്തവത്തിൽ ഇരുൾ മുറ്റിയ രാത്രിയിൽ അങ്ങു ദൂരെ നിന്ന് തീയുടെ പുക കാണുന്നുണ്ടെങ്കിലും ആ തീയുടെ വെളിച്ചം കാണാനോ അതിന്റെ താപം കൊണ്ട് തണുപ്പും തളർച്ചയും അകറ്റാനോ കഴിയാത്ത മനുഷ്യനെപ്പോലെയാകുന്നു. അത്തരം ആളുകൾ ദൈവത്തിന്റെ സവിശേഷമായ അനുഗ്രഹാശിസ്സുകൾക്ക് ഭാഗഭാക്കാകുകയോ സ്വീകാര്യത ലഭിക്കുകയോ ദൈവവുമായി അണുഅളവെങ്കിലും ബന്ധം സ്ഥാപിക്കുകയോ ചെയ്യുന്നില്ല. മാനുഷിക കളങ്കങ്ങൾ ദിവ്യപ്രകാശത്താൽ കത്തിയെരിയുന്നുമില്ല. ദൈവവുമായി അവർക്ക് സത്യസന്ധമായ സൗഹൃദം സംജാതമാകാത്തതിനാൽ ദൈവസാമീപ്യത്തിന്റെ അഭാവം കാരണം സാത്താൻ അവരോടൊപ്പം കൂടുക

യും സ്വാത്മാവിന്റെ തന്നെ പ്രചോദനങ്ങൾക്ക് അവർ അധീന രാവുകയും ചെയ്യുന്നു. മേഘക്കൂട്ട ങ്ങൾക്കിടയിൽ സൂര്യൻ പലപ്പോഴും മറഞ്ഞു പോകാറുണ്ടല്ലോ. ചില പ്പോൾ അതിന്റെ വല്ല ഭാഗമോ ആയിരിക്കും ദൃശ്യമാകുക. ഇതേ പോലെ, ഇരുളടഞ്ഞ അവസ്ഥയാ ണ് ഇവരുടേത്. ഇവരുടെ സ്വപ്നങ്ങളിലും വെളിപാടുകളിലും സാത്താനികമായ കടന്നുകയറ്റ ങ്ങൾ ഒരുപാടാണ്.

## അധ്യായം രണ്ട്

ചില സന്ദർഭങ്ങളിൽ സത്യ സ്വപ്നങ്ങളോ സത്യവെളിപാടു കളോ സിദ്ധിക്കുകയും ചെയ്യുന്ന വരെ സംബന്ധിച്ച വിവരണം. അവർക്ക് അല്ലാഹുവുമായി സ്വല്പം ബന്ധം ഉണ്ടെങ്കിലും അത് അത്ര വലിയ ബന്ധമൊന്നുമല്ല. സ്വല്പം അടുത്തു വരുന്നുവെങ്കി ലും ദിവ്യപ്രകാശത്താൽ അവരു ടെ ദേഹേച്ഛ കത്തി നശിക്കുന്നില്ല.

ഒരളവോളം ധർമനിഷ്ഠയും പവിത്രതയും അവലംബിക്കുന്ന ചിലരും ലോകത്ത് കാണപ്പെടു ന്നണ്ടല്ലോ. സ്വപ്നങ്ങളും ദർശന ങ്ങളും കരഗതമാകുന്നതിനുള്ള നൈസർഗികമായ ഒരു കഴിവ് അവർക്ക് ഉണ്ടാവുകയും സ്വപ്ന ദർശനങ്ങളുടെ മാതൃകകൾ കുറച്ചൊക്കെ അവരിൽ വെളിപ്പെടു മാറാകുകയും ചെയ്യുന്നതിനു പുറമേ അവർ തങ്ങളുടെ ആത്മ സംസകരണത്തിനു വേണ്ടിയും ഒട്ടൊക്കെ പരിശ്രമിക്കുകയും ഉപരിപ്ലവമായ ഒരു ധർമനിഷ്ഠയും നന്മയും അവരിൽ ഉടലെടുക്കുക യും ചെയ്യുന്നു. അതോടെ സദ്സ്വപ്നങ്ങളുടെയും ദർശന ങ്ങളുടെയും വെളിച്ചം അവരിൽ പരിമിതമായ വൃത്തത്തിൽ സംജാത മാകുന്നു. പക്ഷേ, അത് അന്ധകാര ത്തിൽ നിന്ന് മുക്തമാകുന്നില്ല. അവരുടെ ചില പ്രാർഥനകൾ പോലും സ്വീകരിക്കപ്പെടുന്നു. പക്ഷേ അത് അനന്യസാധാരണ മായ കാര്യങ്ങളല്ല. എന്തെന്നാൽ, അവരുടെ ധർമനിഷ്ഠ സമ്പൂർണ മല്ല. മുകളിൽ നിന്ന് തെളിമയാർന്ന തായി കാണുകയും അതേസമയം താഴെ വിസർജ്യമാലിന്യങ്ങളുമുള്ള ജലത്തെ പോലെയാണത്. അവരു ടെ ആത്മസംസ്കരണം അപൂർണ വും അവരുടെ സത്യസന്ധതയും ആത്മാർഥതയും വളരെ അപര്യാപ്തവും ആയതിനാൽ വല്ല പരീക്ഷണവും നേരിടുമ്പോൾ ഇടർച്ച സംഭവിക്കുന്നു. ദൈവത്തി ന്റെ ദയാവായ്പ് അവരെ പിന്തുണ യ്ക്കുകയും അവന്റെ സത്താർ (മറച്ചു വെയ്ക്കുന്നവൻ) എന്ന ഗുണം അവരുടെ ആവരണങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്ന പക്ഷം യാതൊരു വ്യതിചലനവു മില്ലാതെ അവർ ഈ ലോകത്തു നിന്ന് കഴിഞ്ഞുകടന്നു പോകുന്നു. ഇനി പരീക്ഷണം നേരിട്ടാൽ ബൽഅമിനെപ്പോലെ അവർക്ക് ദുർഗതി വരുകയും വെളിപാട് ലഭിച്ചതിനു ശേഷം ശുനകനോട് സാദൃശ്യപ്പെടുത്തുകയും ചെയ്യു മോ എന്ന ആവലാതി ഇല്ലാതില്ല. കാരണം, വിജ്ഞാനപരവും കർമപരവും വിശ്വാസപരവുമായ അവസ്ഥകൾക്ക് കോട്ടം സംഭവി ക്കുമ്പോൾ സാത്താൻ അവരുടെ കവാടങ്ങളിൽ പതുങ്ങിയിരിക്കുക യും ഇടർച്ച സംഭവിക്കുന്ന നേരത്ത് ഉടനെ അവരുടെ വീട്ടിൽ പ്രവേശി ക്കുകയും ചെയ്യുന്നു. അങ്ങകലെ നിന്ന് അവർ പ്രകാശം ദർശിക്കു ന്നു. പക്ഷേ, ആ പ്രകാശത്തിൽ പ്രവേശിക്കുന്നില്ല; അതിന്റെ ചൂടിൽ ഭാഗഭാക്കാകുന്നുമില്ല. അതുകൊ ണ്ടുതന്നെ അപകടം നിറഞ്ഞ അവസ്ഥയാണ് അവരുടേത്. അല്ലാ ഹു പ്രകാശമാണല്ലോ. അല്ലാഹു നൂറുസ്സമാവാത്തി വൽ അർളി എന്നാണ് അരുളിയിരിക്കുന്നത്. ആകയാൽ, ഈ പ്രകാശത്തിന്റെ അനുപേക്ഷണീയ ഫലങ്ങൾ മാത്രം ദർശിക്കുന്ന വ്യക്തിയുണ്ടല്ലോ അവൻ അകലെ നിന്ന് പുകപടല ങ്ങൾ കാണുകയും തീയുടെ വെളിച്ചം ദർശിക്കാതിരിക്കുകയും ചെയ്യുന്നവനെപ്പോലെയാകുന്നു. അതുകൊണ്ട് പ്രകാശത്തിന്റെ പ്രയോജനത്തിൽ നിന്ന് അവർ അകറ്റപ്പെട്ടവരാണ്. അതുപോലെ, മാനുഷിക കളങ്കങ്ങളെ എരിച്ചു കളയുന്ന താപത്തിൽ നിന്നും അകറ്റപ്പെട്ടിരിക്കുന്നു. കേവലം സാമ്പ്രദായികവും ബുദ്ധിപരവു മായ തെളിവുകളോ സന്ദിഗ്ധങ്ങ ളായ വെളിപാടുകളോ മുഖേന ദൈവാസ്തിക്യത്തിൽ വിശ്വസിക്കു കയും ചെയ്യുന്നവർ

നാമമാത്ര പണ്ഡിതരെയും തത്ത്വജ്ഞാനികളെയും തങ്ങളുടെ ആത്മീയകഴിവുകൾ മുഖേന സ്വപ്നദർശനങ്ങൾ സിദ്ധിച്ചവരെ യും പോലെ ദൈവത്തിൽ വിശ്വസി ക്കുന്നുവെങ്കിലും ദൈവസാമീപ്യ ത്തിന്റെ വെളിച്ചം ലഭിക്കാത്തവർ.

അകലെ നിന്ന് പുകപടല ങ്ങൾ കാണുന്നുണ്ടെങ്കിലും അഗ്നി യെ ദർശിക്കാത്തവരെപ്പോലെയാ ണ്. കേവലം പുകപടലത്തെക്കുറിച്ച് ചിന്തിച്ച് അഗ്നിയുടെ അസ്തി ത്വത്തിൽ വിശ്വസിക്കുകയാണ് ചെയ്യുന്നത്. അങ്ങനെയുള്ള വ്യക്തി പ്രകാശം മുഖേന കരഗതമാകുന്ന ഉൾക്കാഴ്ചയിൽ നിന്ന് അകറ്റപ്പെട്ട വനാകുന്നു. എന്നാൽ ആ പ്രകാശ രശ്മികളെ അകലെ നിന്ന് ദർശിക്കു കയും അതേസമയം അതിൽ പ്രവേശിക്കാതിരിക്കുകയും ചെയ്യു ന്ന വ്യക്തിയെ ഇരുൾ മുറ്റിയ രാത്രിയിൽ തീവെളിച്ചത്തിൽ നടക്കുന്നവനോട് ഉപമിക്കാം. അത് വഴികാട്ടുന്നതിലൂടെ ശരിയായ മാർഗം അയാൾ കാണുന്നുണ്ടെ ങ്കിലും അകലെയായതിനാൽ തനിക്കനുഭപ്പെടുന്ന തണുപ്പിനെ തീ കൊണ്ട് അകറ്റാൻ സാധിക്കുന്നില്ല. ആ അഗ്നിക്ക് തന്റെ വിഷയാസ ക്തിയെ ദഹിപ്പിക്കാനും കഴിയുന്നി ല്ല. അതിശൈത്യമുള്ള അന്ധകാര നിബിഢമായ ഒരു രാത്രിയിൽ അകലെ നിന്ന് തീവെളിച്ചം കാണു ന്നതായാൽ അതിനെ കേവലം കാണുക എന്നത് നാശത്തിൽ നിന്ന് രക്ഷിക്കാനാവില്ലെന്നത് ഓരോരു ത്തർക്കും മനസ്സിലാക്കാവുന്നതേ യുള്ളൂ. തന്റെ തണുപ്പ് അകന്നു പോകും വിധം അഗ്നിയെ വേണ്ടത്ര

അകലെ നിന്ന് പ്രകാശം ദർശിക്കുന്നവന്റെ ലക്ഷണം സന്മാർഗത്തിന്റെ ചില അടയാളങ്ങൾ അയാൾ കാണപ്പെടുന്നുണ്ടെങ്കിലും സവിശേഷാനുഗ്രഹങ്ങളുടെ അടയാളങ്ങൾ അയാളിൽ കാണപ്പെടുന്നില്ല എന്നതാണ്. അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിലുള്ള അഭാവവും ദേഹേച്ഛപരമായ വികാരങ്ങളും കാരണം അയാളുടെ സങ്കോചാവസ്ഥ അകലുന്നില്ല. അയാളുടെ വിഷയാസക്തികൾ ദഹിച്ചു ഭസ്മമാകുന്നുമില്ല. കാരണം അയാൾ ദിവ്യവെളിച്ചത്തിൽ നിന്ന് എത്രയോ ദൂരത്താണ്. അയാൾ സമ്പൂർണമായ നിലയിൽ ദൂതന്മാരുടെയും പ്രവാചകന്മാരുടെയും അനന്തരാവകാശികളാകുന്നില്ല. ചില ആന്തരിക കളങ്കങ്ങൾ അയാളിൽ അന്തർലീനമാണ്. ദൈവവുമായുള്ള അയാളുടെ ബന്ധം കാലുഷ്യങ്ങളിൽ നിന്നും പോരായ്മകളിൽ നിന്നും മുക്തമല്ല. എന്തെന്നാൽ, അയാൾ അകലെ നിന്നാണ് തന്റെ മങ്ങിയ കാഴ്ച യോടെ ദൈവത്തെ നോക്കുന്നത്. അല്ലാതെ അയാൾ അവന്റെ മടിയിലല്ല.

സമീപിക്കുന്നവനാണ് രക്ഷപ്പെടുക. എന്നാൽ, അകലെ നിന്ന് പ്രകാശം ദർശിക്കുന്നവന്റെ ലക്ഷണം സന്മാർഗത്തിന്റെ ചില അടയാളങ്ങൾ അയാൾ കാണപ്പെടുന്നുണ്ടെങ്കിലും സവിശേഷാനുഗ്രഹങ്ങളുടെ അടയാളങ്ങൾ അയാളിൽ കാണപ്പെടുന്നില്ല എന്നതാണ്. അല്ലാഹുവിൽ ഭരമേൽപ്പിക്കുന്നതിലുള്ള അഭാവവും ദേഹേച്ഛപരമായ വികാരങ്ങളും കാരണം അയാളുടെ സങ്കോചാവസ്ഥ അകലുന്നില്ല. അയാളുടെ വിഷയാസക്തികൾ ദഹിച്ചു ഭസ്മമാകുന്നുമില്ല. കാരണം അയാൾ ദിവ്യവെളിച്ചത്തിൽ നിന്ന് എത്രയോ ദൂരത്താണ്. അയാൾ സമ്പൂർണമായ നിലയിൽ ദൂതന്മാരുടെയും പ്രവാചകന്മാരുടെയും അനന്തരാവകാശികളാകുന്നില്ല. ചില ആന്തരിക കളങ്കങ്ങൾ അയാളിൽ അന്തർലീനമാണ്. ദൈവവുമായുള്ള അയാളുടെ ബന്ധം കാലുഷ്യങ്ങളിൽ നിന്നും പോരായ്മകളിൽ നിന്നും മുക്തമല്ല. എന്തെന്നാൽ, അയാൾ അകലെ നിന്നാണ് തന്റെ മങ്ങിയ കാഴ്ച യോടെ ദൈവത്തെ നോക്കുന്നത്. അല്ലാതെ അയാൾ അവന്റെ മടിയിലല്ല. തങ്ങളിൽ ദേഹേച്ഛപരമായ വികാരങ്ങളുള്ള വ്യക്തികളുടെ ആ വികാരങ്ങൾ ചില സമയത്ത് അവരുടെ സ്വപ്നങ്ങളിലും ആവേശപൂർവം ആഞ്ഞു വീശാറുണ്ട്. ഇത് ദൈവത്തിൽ നിന്നാണ് എന്നാണ് അവർ മനസ്സിലാക്കുന്നത്. അതാകട്ടെ, കേവലം ദോഷപ്രവണമായ ആത്മാവിൽ നിന്നുള്ളതാകുന്നു. ഉദാഹരണമായി, താൻ ഇന്ന വ്യക്തിയെക്കാൾ ഉത്തമനായതിനാൽ ഒരിക്കലും അനുസരിക്കുന്നതല്ലെന്നു പറയുന്നതായി ഒരാൾ സ്വപ്നത്തിൽ കാണുന്നുവെന്നിരിക്കട്ടെ. താൻ വാസ്തവത്തിൽ ഉത്തമനാണെന്ന് അയാൾ ഇതു കൊണ്ട് നിഗമനം ചെയ്യുന്നു. ആ സംഭാഷണമാകട്ടെ, തന്റെ അഹംബോധത്തിന്റെ പ്രക്ഷുബ്ധതയിൽ നിന്നാണുണ്ടാകുന്നത്. ഇതുപോലെ, സ്വപ്നത്തിൽ അഹംബോധത്തിന്റെ പ്രക്ഷുബ്ധതയാൽ പലവിധത്തിലുള്ള സംഭാഷണങ്ങൾ നടക്കുന്നു. ആ വചനങ്ങൾ ദൈവ പ്രീതി അനുസരിച്ചുള്ളതാണെന്ന് അജ്ഞതയാൽ അയാൾ മനസ്സിലാക്കുകയും അങ്ങനെ നാശമടയുകയും ചെയ്യുന്നു. ദൈവത്തിലേക്ക് അയാൾ പൂർണമായി നീങ്ങാതിരിക്കുകയും തന്റെ സർവശക്തിയോടും സർവാർപ്പണത്തോടും സർവാത്മനാ അവനെ സ്വീകരിക്കാതിരിക്കുകയും ചെയ്തതിനാൽ ദൈവത്തിൽ നിന്ന് കാരുണ്യത്തിന്റെ ജ്യോതിസ്സ് പൂർണമായ നിലയിൽ അവന് നല്കപ്പെടുന്നില്ല. അയാളെ ഗർഭത്തിൽ നിന്ന് ഇതുവരെ പുറത്ത് വന്നിട്ടില്ലാത്തെ ജീവനുള്ള കുഞ്ഞിനോട് ഉപമിക്കാം. ആത്മീയലോകത്തെ സമ്പൂർണ ദൃശ്യം കാണാതെ അതിപ്പോഴും കണ്ണടച്ചിരിക്കുകയാണ്. ഏതൊരു മാതാവിന്റെ ഗർഭപാത്രത്തിലാണോ അത് വളർന്നത് അവരുടെ മുഖം ഇനിയും ആ കുഞ്ഞ് കണ്ടിട്ടില്ല. മുറി വൈദ്യൻ ആളെക്കൊല്ലും എന്ന ചൊല്ലു പോലെ, അയാൾ തന്റെ അപൂർണജ്ഞാനം കാരണം അപകടം പിടിച്ച അവസ്ഥയിലാണ്. അത്തരം ആളുകൾക്കും കുറച്ചൊക്കെ ജ്ഞാനവും യാഥാർഥ്യങ്ങളും മനസ്സിലാക്കാൻ കഴിയുമെങ്കിലും അത് മൂത്രത്താൽ മലീമസമായ പാലു പോല, അല്ലെങ്കിൽ മാലിന്യ മടങ്ങിയ ജലം പോലെയാണ്. ഈ പദവിയിലുള്ള വ്യക്തി ആദ്യത്തെ പദവിയെ അപേക്ഷിച്ച് സ്വപ്നങ്ങളിലും വെളിപാടുകളിലും സാത്താനിക ബോധനങ്ങളിൽ നിന്നും അന്ത:പ്രചോദനങ്ങളിൽ നിന്നും സ്വല്പം സുരക്ഷിതനാണെങ്കിലും അയാളുടെ പ്രകൃതത്തിൽ സാത്താന്റെ ഭാഗം അവശേഷിക്കുന്നതിനാൽ സാത്താനിക ദുർബോധനങ്ങളിൽ നിന്ന് അയാൾക്ക് സുരക്ഷിതനായിരിക്കാൻ കഴിയില്ല. വാസ്തവമെന്താണെന്നുവെച്ചാൽ, വഹ്‌യിന്റെയും വെളിപാടിന്റെയും സംശുദ്ധി ആത്മാവിന്റെ സംശുദ്ധിയെയാണ് ആശ്രയിച്ചിരിക്കുന്നത്. ഏതൊരാളുടെ ആത്മാവിലാണോ മാലിന്യം അവശേഷിക്കുന്നത് അയാളുടെ വഹ്‌യിലും വെളിപാടിലും മാലിന്യം അവശേഷിക്കുന്നു. (തുടരും)

# അഹ്മദിയ്യാ പ്രസ്ഥാനം

1924ൽ ലണ്ടനിലെ വെംബ്ലി എക്സിബിഷൻ ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ നടന്ന മതസമ്മേളനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) അവതരിപ്പിച്ചതും സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ ഇംഗ്ലീഷിൽ വായിച്ചു കേൾപ്പിച്ചതുമായ പ്രബന്ധമാണ് Ahmadiyya Movement അഥവാ അഹ്മദിയ്യാ പ്രസ്ഥാനം എന്ന ഈ ലഘുകൃതി. ഇംഗ്ലീഷിൽ നിന്ന് വിവർത്തനം: ആരിഫ് മുഹമ്മദ് ബി.എം.

## ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

### മുഖവുര

ആദ്യമായി ഞാൻ ദൈവത്തിന്റെ അതിരില്ലാത്ത അനുഗ്രഹങ്ങൾക്ക് നന്ദി പറയുകയാണ്. അവനെ തിരിച്ചറിയാനും ദിവ്യഭാഷണം കരസ്ഥമാക്കാനും വേണ്ട കഴിവും പ്രാപ്തിയും അവൻ നമുക്ക് തന്നനുഗ്രഹിച്ചിരിക്കുന്നു. ദിവ്യസാക്ഷാത്കാരത്തിലേക്കു നയിക്കുന്ന ജ്ഞാനവിഹായസ്സുകളുടെ കവാടം ഞങ്ങൾക്ക് തുറന്നു തരികയും അവനുമായി ബന്ധം സ്ഥാപിക്കാൻ കഴിയുകയും ചെയ്തതിൽ ഞാൻ അവനെ സ്തുതിക്കുന്നു. ഇനി ഞാൻ ഈ മതസമ്മേളനത്തിൽ പറയാനുദ്ദേശിച്ച വിഷയത്തെക്കുറിച്ച്, അതായത്, അഹ്മദിയ്യത്തിനെക്കുറിച്ച് പ്രതിപാദിക്കാം.

എന്താണ് അഹ്മദിയ്യത്ത്? 1300 വർഷം മുൻപ് മുഹമ്മദ് നബി(സ) തിരുമേനി മുഖേന ലോകത്ത് അവതരിച്ചതും വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ടതുമായ ഇസ്‌ലാം ആണ് അഹ്മദിയ്യത്ത്. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഇസ്‌ലാം നവീനാശയങ്ങൾക്കും കൈകടത്തലുകൾക്കും വിധേയമാവുകയും ആ മതത്തിലെ പല കാര്യങ്ങളും പൂർണമായും അവഗണിക്കപ്പെടുകയും ചെയ്തതിന്റെ ഫലമായി അവയിൽ ഗവേഷണങ്ങൾ നടക്കാതെ വന്നു. ഹദ്റത്ത് അഹ്മദ്(അ) ഈ കൈകടത്തലുകളെ ഉന്മൂലനം ചെയ്തുകൊണ്ട് വിശുദ്ധ ഖുർആനിൽ നിലീനമായിക്കിടക്കുന്ന ആത്മീയ സത്യങ്ങളുടെ കലവറ പുറത്തു കൊണ്ടുവന്നു. ഭക്തിനഷ്ടപ്പെട്ട ജനസമൂഹത്തിനു പക്ഷേ അത് സ്വായത്തമാക്കാനായില്ല. മറ്റു വാക്കുകളിൽ പറഞ്ഞാൽ, സ്വച്ഛ രൂപം നഷ്ടപ്പെട്ട് വിസ്മൃതിയിലാണ്ടുപോയ യഥാർഥ ഇസ്‌ലാമിനെയാണ് വാഗ്ദത്ത മസീഹ്(അ) ദൈവിക മാർഗദർശന പ്രകാരം ലോകത്തിനു മുൻപാകെ സമർപ്പിച്ചത്.

### അഹ്മദിയ്യാ പ്രസ്ഥാനം സ്ഥാപിക്കപ്പെട്ടത്

അഹ്മദിയ്യാ പ്രസ്ഥാനം അത്ര പഴക്കം ചെന്ന ഒന്നല്ല. അതു സ്ഥാപിതമായിട്ട് 34 വർഷമേ ആയിട്ടുള്ളൂ. 1889 ൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) ദൈവിക നിർദേശ പ്രകാരമാണ് ഈ പ്രസ്ഥാനം സ്ഥാപിച്ചത്. ഗ്രന്ഥങ്ങളിൽ ദീർഘദർശനം ചെയ്യപ്പെട്ട മസീഹും, മിക്ക പ്രവാചകന്മാരും വാഗ്ദാനം ചെയ്തിട്ടുള്ള ആത്മീയ ഗുരുവും താനാണെന്ന് അദ്ദേഹം വാദിച്ചു. ദൈവം അദ്ദേഹത്തെ അഭിസംബോധന ചെയ്തു കൊണ്ട് ഇപ്രകാരം വെളിപാടിറക്കി.

**മുൻ പ്രവാചകന്മാരുടെ പ്രവചനങ്ങൾ നിന്നിൽ നിവർത്തിക്കപ്പെട്ടിരിക്കുന്നു. എല്ലാ പ്രവാചകന്മാരുടെയും വസ്ത്രത്താൽ നീ അണിയിക്കപ്പെട്ടിരിക്കുന്നു.(അതായത്, അവരുടെ ശക്തിയും പ്രഭാവവും നിനക്ക് നല്കപ്പെട്ടിരിക്കുന്നു.) നിന്നെ മസീഹിബ്നു മറിയം ആക്കിയ ദൈവത്തിനാണ് സർവസ്തുതിയും.അവൻ എന്തുകൊണ്ട് അങ്ങനെ ചെയ്തു എന്ന് ആർക്കും ചോദ്യം ചെയ്യാനാവില്ല.എന്നാൽ, അവന്റെ തീരുമാനം അംഗീകരിക്കാത്തവർ ചോദ്യം ചെയ്യപ്പെടുന്നതാണ്. സമയവും ശ്രമവും പാഴാക്കപ്പെടാത്ത ഗുരുഭൂതനായ മസീഹാണു നീ. ബ്രാഹ്മണരുടെ പ്രവാചകർക്ക് സദൃശ്യനായ ആ പ്രവാചകനെ എതിർക്കുന്നത് ജനങ്ങൾക്ക് നല്ലതല്ല. അല്ലയോ രുദ്രഗോപാല കൃഷ്ണാ, നിന്റെ മഹിമ ഗീതയിലുണ്ട്.**

മാനവകുലത്തിന്റെ പുനരുജ്ജീവനത്തിനു വേണ്ടി ദൈവം അദ്ദേഹത്തെ വാഗ്ദത്ത മസീഹായും കൃഷ്ണനായും ബ്രഹ്മാ

വതാരമായും പ്രവാചകന്മാരുടെ പ്രവചന സാക്ഷാത്കാരവുമായാണ് നിയോഗിച്ചിരിക്കുന്നതെന്ന് ഈ വെളിപാടുകൾ വ്യക്തമാക്കുന്നു. തുടക്കത്തിൽ തന്നെ അദ്ദേഹത്തിന് എല്ലാ അവാന്തര വിഭാഗങ്ങളിൽ നിന്നും മതസമൂഹങ്ങളിൽ നിന്നും കഠിനമായ എതിർപ്പുകളെ അഭിമുഖീകരിക്കേണ്ടി വന്നെങ്കിലും അദ്ദേഹത്തിന്റെ മിഷന് ലഭിച്ച വർധിച്ച വിജയം കാരണം അതു മുന്നോട്ടു പോയിക്കൊണ്ടേയിരുന്നു. ഇസ്‌ലാമിന്റെ വിജേതാവായ ഇദ്ദേഹത്തിന്റെ ആഗമനത്തിൽ ആനന്ദം കൊള്ളേണ്ട മുസ്‌ലിംകൾ തന്നെയാണ് അന്നും ഇന്നും ശക്തമായി എതിർക്കുന്നത്. കറ്റുകെട്ടുകാരനെന്നും കാഫിറെന്നും മുദ്രകുത്തി മുസ്‌ലിം ഉലമാക്കൾ അദ്ദേഹത്തിനെതിരെ ഫത്‌വയിറക്കി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നതോ സംസാരിക്കുന്നതോ ഹസ്തദാനം ചെയ്യുന്നതോ പോലും ഇസ്‌ലാമിക വൃത്തത്തിൽ നിന്ന് പുറത്തു പോകത്തക്ക വിധം ഗുരുതരമായ കുറ്റമാണെന്ന് അവർ പ്രഖ്യാപിച്ചു. ഒരാൾ അഹ്മദിയായാൽ അതോടു കൂടി അയാളുടെ വിവാഹ ബന്ധം അസാധുവാകുമെന്നും അവരെ മർദിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നത് അനുവദനീയമാണെന്ന് മാത്രമല്ല ദൈവപ്രീതി ലഭിക്കാനുള്ള മാർഗമാണെന്നും അവർ ഫത്‌വ നല്കി. ധിക്കാരപരവും നിർലജ്ജവുമായ കാര്യങ്ങൾ ചെയ്യാൻ തുറന്ന നിലയിൽ പ്രേരിപ്പിക്കുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. മാന്യതയോടെ വിവരിക്കാൻ പ്രയാസമാണത്. ഒരു ത്യാഗവും കൂടാതെ ദൈവപ്രീതി നേടാൻ മാർഗങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുന്ന പൊതുജനം ആത്മീയ പുണ്യം ലഭിക്കുന്ന ഈ സുവർണാവസരം കൈവിട്ടു പോകാൻ അനുവദിക്കില്ലല്ലോ. ഫത്‌വ പുറപ്പെടുവിച്ച നിമിഷം തന്നെ അവരത് പ്രയോഗവത്ക്കരിക്കാൻ തുടങ്ങി. അങ്ങനെ ഹദ്‌റത്ത് അഹ്മദി(അ)ൽ ആദ്യം വിശ്വസിച്ച ആ ചെറുസംഘത്തിന് ജീവിതം പീഡനങ്ങളുടെ നീണ്ട പരമ്പരയായിത്തീർന്നു. അതുകാരണം ജമാഅത്തിൽ ആകൃഷ്ടരായ പലരും ഭയപ്പെട്ടു പോയി.

അദ്ദേഹത്തെ എതിർക്കുന്നതിൽ ക്രിസ്ത്യാനികളും ആര്യസമാജികളും സിക്കുകാരും ഒട്ടും പിന്നിലായിരുന്നില്ല. അശ്ലീലവും അസഭ്യം നിറഞ്ഞതുമായ ലഘുലേഖകളാണ് അദ്ദേഹത്തിനെതിരെ പ്രസിദ്ധം ചെയ്തത്. അതിനെക്കുറിച്ച് പരാമർശിക്കാനോ അതിന്റെ ചിലഭാഗങ്ങൾ വായിച്ചു കേൾപ്പിക്കാനോ എന്റെ മാന്യത അനുവദിക്കുന്നില്ല. അദ്ദേഹത്തെ എതിർക്കുന്നതിൽ ജനങ്ങൾക്കുണ്ടായിരുന്ന അന്ധവും അവിവേകപരവുമായ സമീപനം കാരണത്താൽ വിമർശനം തൊഴിലാക്കിയവർക്ക് എല്ലാവിധ വ്യാജാരോപണങ്ങളും ഉന്നയിക്കാൻ അത് പ്രേരകമായി. സർക്കാർ റെക്കോർഡുകളിൽ നിന്നും ആ ആരോപണങ്ങൾ വ്യാജമാണെന്ന് തെളിഞ്ഞിട്ടും കൂടി അദ്ദേഹത്തിനും കുടുംബത്തിനുമെതിരിൽ നിന്ദ്യമായ ആരോപണമുന്നയിക്കാനും അവർ മടിച്ചില്ല. ജമാഅത്തിനോട് സർക്കാർ അനുവർത്തിച്ച നിലപാടും ശരിയായിരുന്നില്ല. ഉദാഹരണമായി,അദ്ദേഹം വളരെ താഴ്ന്ന കുടുംബത്തിൽപ്പെട്ട ആളാണെന്നും ജനങ്ങളെ വഞ്ചിച്ച് പണം തട്ടിയെടുക്കാനാണ് മസീഹുവാദം പുറപ്പെടുവിച്ചതെന്നും സമാദരണീയ കുടുംബത്തിൽപ്പെട്ടവനാണ് താൻ എന്നുള്ള അദ്ദേഹത്തിന്റെ വ്യാജവാദം ഗൂഢപദ്ധതിയുടെ ഭാഗമാണെന്നുമാണ് അദ്ദേഹത്തിനെതിരെ മുഖ്യമായി ഉന്നയിക്കപ്പെടുന്ന ഒരാക്ഷേപം. അതും സർക്കാർ പ്രസിദ്ധം ചെയ്ത റെക്കോർഡിൽ പഞ്ചാബിലെ പ്രമാണികുടുംബങ്ങളുടെ കൂട്ടത്തിൽ അദ്ദേഹവും കുടുംബവും ബഹുമാനാദരങ്ങളോടു കൂടി പരാമർശിക്കപ്പെട്ട സാഹചര്യത്തിൽ. വിദൂര ദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾ ഇത്തരം വ്യാജാരോപണങ്ങളാൽ വഞ്ചിതരാവുകയും ഇവ്വിധം തെറ്റായ നിലയിൽ ജീവിതം നയിച്ച വ്യക്തി പരിശുദ്ധമായ പദവിലേക്ക് നിയമിക്കപ്പെടുന്നതെങ്ങനെയെന്ന് ചിന്തിച്ചു പോവുകയും ചെയ്യുന്നു.

ഈ എതിർപ്പുകളൊക്കെ ഉണ്ടായിട്ടും ജനങ്ങളുടെ ഹൃദയങ്ങൾ പ്രസ്ഥാനത്തിന്റെ വന്ദ്യ സ്ഥാപകരിലേക്ക് ആകർഷിക്കപ്പെട്ടു. അദ്ദേഹത്തോട് ബന്ധം പുലർത്തുകയും ഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്തവർക്ക് അദ്ദേഹത്തിന്റെ സത്യത ബോധ്യമായി. താൻ മസീഹ് ആണെന്ന് വാദിച്ച് 18 വർഷങ്ങൾക്കു ശേഷം 1908ൽ അദ്ദേഹം വഫാത്താകുമ്പോൾ അദ്ദേഹത്തിന്റെ അനുയായികളുടെ എണ്ണം നാല്പതിൽ നിന്ന് ലക്ഷങ്ങളിലേക്ക് ഉയർന്നു. ഇന്ത്യയ്ക്കു പുറത്ത് അഫ്ഗാനിസ്താൻ, ബർമ, സിലോൺ, ആഫ്രിക്ക എന്നീ രാജ്യങ്ങളിൽ അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിന് അനുയായികളുണ്ടായി. അദ്ദേഹത്തിന്റെ വിയോഗാനന്തരം എന്റെ ഗുരുനാഥൻ ഹദ്‌റത്ത് മൗലവി നൂറുദ്ദീൻ സാഹിബി(റ)ന്റെ ഖിലാഫത്ത് കാലത്തും പ്രസ്ഥാനം പുരോഗതി പ്രാപിച്ചു കൊണ്ടിരുന്നു. അദ്ദേഹം ചരമം പ്രാപിച്ചതിനു ശേഷം ഞാൻ ഖലീഫയായി തിരിഞ്ഞെടുക്കപ്പെട്ടപ്പോൾ പ്രസ്ഥാനം ദ്രുതഗതിയിൽ വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ന് ഇംഗ്ലണ്ട്, ജർമനി, അമേരിക്കൻ ഐക്യനാടുകൾ, വെസ്റ്റ് ആഫ്രിക്ക, ഗോൾഡ് കോസ്റ്റ്, ഈജിപ്റ്റ്, പേർഷ്യ, ബുഖാറ, മൊറീഷ്യസ്, എന്നിവിടങ്ങളിൽ റെഗുലർ മിഷനുകളുണ്ട്. ഇന്ത്യയ്ക്കു പുറത്ത് അഫ്ഗാനിസ്താൻ, ബുഖാറ, പേർഷ്യ, മെസപ്പൊട്ടാമിയ, ഹിജാസ്, സിറിയ, ഈജിപ്റ്റ്, അൾജീരിയ, സെൻസിബാർ, കെനിയ, ഉഗാണ്ട, നറ്റാൽ, ഗോൾഡ് കോസ്റ്റ്, സിയറ ലോൺ, നൈജീരിയ, സിലോൺ, ബർമ, സ്ട്രേറ്റ് സെറ്റിൽമെന്റ്സ്, ഫിലിപ്പൈൻസ്, മൊറീഷ്യസ്, ഓസ്ട്രേലിയ,ഫ്രാൻസ്, ഇംഗ്ലണ്ട്,

ഇതുപോലെ, ഹദ്റത്ത് അഹ്മദ്(അ) ഒരു പുതിയ ന്യായ പ്രമാണമോ മതമോ കൊണ്ടു വന്നിട്ടില്ല. അദ്ദേഹം യഥാർഥ ഇസ്‌ലാമികധ്യാപനത്തെ വിശദീ കരിക്കുകയാണു ചെയ്തത്. യേശു വിന്റെ കാലത്ത് ജൂതമതത്തിൽ അനാചാരങ്ങളും കൂട്ടിച്ചേർക്കലു കളും ഉണ്ടായതിനെ തുടർന്ന് മോശെയുടെ യഥാർഥ പാഠങ്ങളെ പ്രതിനിധാനം ചെയ്യാൻ അതിനു കഴിയാതെ വന്നു. അതുപോലെ, വാഗ്ദത്ത മസീഹിന്റെ കാലത്തും ഇസ്‌ലാമിനോട് ചേർത്തു പറഞ്ഞി രിക്കുന്ന അധ്യാപനങ്ങൾ അതിന്റെ യഥാർഥ അധ്യാപനങ്ങളോട് പൊരുത്തപ്പെടാത്തവയായിരുന്നു.

മോശെയുടെ യഥാർഥ പാഠങ്ങളെയാണ് ഇന്ന് ക്രിസ്തുമതം പ്രതിനിധാനം ചെയ്യുന്നത് എന്നല്ല ഞാൻ അർഥമാക്കുന്നത്. അതൊട്ടും തന്നെ ശരിയല്ല. ഞാൻ പറഞ്ഞ തിന്റെ അർഥം മോശെയും യേശു വും പഠിപ്പിച്ചത് ഒന്നു തന്നെയാണ് എന്നാണ്. ഓരോരുത്തരും അവരു ടെ കാലത്ത് വിസ്മരിക്കപ്പെട്ട കാര്യങ്ങളിൽ ഊന്നൽ നല്കി എന്ന വ്യത്യാസമാണുണ്ടായിരുന്നത്. കരുണ ചെയ്യണമെന്നും പ്രതിക്രിയ നടപടി സ്വീകരിക്കണമെന്നുമുള്ള രണ്ടു കല്പനകളും തൗറാത്തി ലുണ്ട്. പക്ഷേ, മോശെയുടെ കാലത്ത് വാളുകൊണ്ട് ജൂത മതത്തെ തുടച്ചു നീക്കാനുള്ള ശ്രമം ഉണ്ടായതിനാൽ പ്രതികാര നടപടി യുമായി ബന്ധപ്പെട്ട വിധിവില ക്കുകളിലാണ് അദ്ദേഹം ഊന്നൽ നല്കിയത്. എന്നാൽ യേശുവിന്റെ കാലമായപ്പോഴേക്കും ജൂതമത ത്തിനെതിരെ ശത്രുക്കൾ വാളെടുത്തിരുന്നില്ല. തന്നെയുമല്ല, ജൂതന്മാരുടെ സ്വഭാവം കഠിന തരവും കാരുണ്യമില്ലാത്തതുമായി തീർന്നു. അതുകൊണ്ട് പൊറുത്തു കൊടുക്കേണ്ടതിലേക്ക് ഊന്നൽ നല്കാൻ യേശു നിർബന്ധിതനായി. ഇസ്‌ലാമിന്റെ കാര്യത്തിൽ സംഭവി

**ശേഷം പേജ് 38 ൽ**

ന്നതാണ്. ആദിമ ക്രിസ്തുദർശനം ജൂതമതത്തിന്റെ ശാഖയായിരുന്നില്ല ല്ലോ. സ്വച്ഛസുന്ദരമായ ജൂതമത മായിരുന്നു അത്. യേശു പറയുന്നു: **'നിയമത്തെയോ പ്രവാചകരെയോ റദ്ദാക്കാനാണ് ഞാൻ വന്നിരിക്കു ന്നത് എന്നു നിങ്ങൾ ധരിക്കേണ്ട; റദ്ദാക്കാനല്ല, നിറവേറ്റാനാണ് ഞാൻ വന്നിരിക്കുന്നത്. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ആകാശ വും ഭൂമിയും കടന്നു പോകും വരെ, എല്ലാം നിറവേറുവോളം നിയമത്തിൽ വള്ളിപുള്ളി മാറ്റം വരികയില്ല."(മത്തായി 5: 17,18,19).** അതുപോലെ മത്തായി എട്ടാം അധ്യായത്തിൽ യേശു കുഷ്ഠ രോഗിയെ ശുദ്ധനാക്കിയതിനു ശേഷം ഇപ്രകാരം പറഞ്ഞു:'നീ പോയി പുരോഹിതനു നിന്നെ കാണിച്ചു കൊടുക്കുക. ഇപ്രകാരം പറഞ്ഞതായി മത്തായി നിവേദനം ചെയ്യുന്നു: **'വേദജ്ഞരും ഫരിസേ യരും മോശയുടെ പീഠത്തിൽ ഇരിക്കുന്നു അതുകൊണ്ട് അവർ നിങ്ങളോടു പറയുന്നവ ശ്രദ്ധിക്കു കയും അനുഷ്ഠിക്കുകയും ചെയ്യു ക. പക്ഷേ, അവർ ചെയ്യുന്നതു നിങ്ങൾ പ്രമാണമാക്കരുത്. കാര ണം, അവർ പ്രസംഗിക്കുന്നത് അവർ ചെയ്യുന്നില്ല.'' (മത്തായി 23:2,3).** തന്റെ ഗിരിപ്രഭാഷണത്തി നൊടുവിൽ യേശു പറയുന്നു: **ഇതത്രേ നിയമവും പ്രവാചകരും (മത്തായി 7:12)** മോശെയുടെ നിയമം അന്നും ജനങ്ങൾക്ക് നിർബന്ധമാ ണെന്ന് യേശു വിശ്വസിച്ചിരുന്നു എന്നാണ് ഈ വചനങ്ങൾ കാണി ക്കുന്നത്. തന്റെ ശിഷ്യന്മാരെയും മറ്റുള്ളവരെയും അദ്ദേഹം പഠിപ്പി ച്ചത് ആ നിയമം അനുസരിക്ക ണമെന്നാണ്. പ്രവാചകന്മാരുടെയും നിയമത്തിന്റെയും സംഗ്രഹമെന്ന നിലയിലാണ് അദ്ദേഹം തന്റെ അധ്യാപനങ്ങളെ വിശദീകരിച്ചത്. അല്ലാതെ ഒരു പുതിയ മതം എന്ന നിലയിലല്ല. സുവിശേഷം സൂക്ഷ്മ മായി ഒന്നു പരിശോധിച്ചാൽ യേശു ഒരു പുതിയ ന്യായപ്രമാണമോ മതമോ സ്ഥാപിച്ചിട്ടില്ലെന്ന് സ്പഷ്ട മായി തെളിയുന്നതാണ്.

ഹോളണ്ട്, അമേരിക്കൻ ഐക്യ നാടുകൾ, ട്രിനിഡാഡ്, കൊസ്റ്ററോറി ക്ക എന്നിവിടങ്ങളിൽ അഹ്മദിയ്യാ സമൂഹത്തെ കാണാം.

ഒരു ഇംഗ്ലീഷ് മാസികയും പ്രാദേശികഭാഷയിൽ 5 പത്രമാസി കകളും പ്രസ്ഥാനത്തിന്റെ ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് പ്രസിദ്ധീ കരിക്കുന്നുണ്ട്. ബംഗാളിൽ നിന്ന് ബംഗാളി മാസികയും സിലോണിൽ നിന്ന് ഇംഗ്ലീഷിലും തമിഴിലുമായി പത്രം പ്രസിദ്ധീകരിക്കുന്നുണ്ട്. മോറീഷ്യസിൽ നിന്ന് ഒരു ഫ്രഞ്ച് പത്രവും പ്രസിദ്ധീകരിക്കുന്നു. അമേരിക്കയിൽ നിന്ന് ഒരു ത്രൈമാസികയും പ്രസിദ്ധീകരിക്കു ന്നുണ്ട്. ഇംഗ്ലണ്ടിൽ നിന്ന് അടുത്തു തന്നെ ഒരു മാസിക പ്രസിദ്ധീകരി ക്കുന്നതാണ്. ഏതാണ്ട് ഒരു മില്യ നോളം ആളുകൾ ഈ പ്രസ്ഥാന ത്തിലുണ്ട്. ക്രിസ്ത്യാനികൾ, സിക്കുകാർ, ഹിന്ദുക്കൾ, ജൂതന്മാർ, പാർസികൾ തുടങ്ങിയ എല്ലാ മതങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള ആളുകൾ ഈ പ്രസ്ഥാനത്തിൽ അംഗങ്ങളായുണ്ട്. ഇസ്‌ലാമിലെ അവാന്തര വിഭാഗ ങ്ങളിൽ നിന്നുള്ളവരും ഇതിൽ പ്രവേശിച്ചിരിക്കുന്നു; പ്രവേശിച്ചു കൊണ്ടിരിക്കുകയുമാണ്. മൂന്നു വർഷം മുൻപാണ് അമേരിക്കൻ മിഷൻ ആരംഭിച്ചത്. ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ അമേരിക്കയിൽ ആയിരത്തിലധികം പേർ ഈ പ്രസ്ഥാനത്തിൽ ചേർന്നിരിക്കുന്നു.

## ഇസ്‌ലാമിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാനം

ക്രിസ്തുമതത്തിന് ആദ്യകാല ത്ത് ജൂതമതവുമായി ഉണ്ടായിരുന്ന തു പോലുള്ള ബന്ധമാണ് അഹ്മദി യ്യാ പ്രസ്ഥാനത്തിന് ഇസ്‌ലാമു മായിട്ട് ഉള്ളത്. ഞാൻ സൂചിപ്പിച്ചതു പോലെ, താൻ വാഗ്ദത്ത മസീഹ് ആണെന്നതാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ന്റെ ഒരു വാദം. ഇതു മനസ്സിലാക്കിയാൽ, അഹ്മദിയ്യ ത്ത് ഇസ്‌ലാമിലെ വെറും ഒരു ശാഖയല്ല, യഥാർഥ ഇസ്‌ലാം തന്നെയെന്ന് എളുപ്പം ഗ്രഹിക്കാവു

# ഹദ്റത്ത് മൗലാനാ ഹാജിയുൽ ഹറമൈൻ ഹാഫിസ് ഹഖീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹഖീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര ആരംഭിക്കുന്നു.

**ഇബ്നു വഫാ ബേപ്പൂർ**

ഹദ്റത്ത് മൗലാനാ ഹാജി ഹാഫിസ് ഹഖീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) ആത്മീയമായി വളരെ ഉന്നതി പ്രാപിച്ചയാളും സദ്ഗുണസമ്പന്നനും സാത്വികനും മഹാപണ്ഡിതനും അല്ലാഹുവിൽ അടിയുറച്ചു വിശ്വസിക്കുകയും ജീവിതത്തിലുടനീളം തന്റെ സർവ്വവും അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്തിട്ടുള്ള ഒരു മഹാത്മാവും വളരെ പ്രശസ്തനായ ഭിഷഗ്വരനുമായിരുന്നു. അറബി, ഉറുദു, ഫാർസി എന്നീ ഭാഷകളിലുള്ള പ്രാവീണ്യത്തിന്നു പുറമെ ഖുർആൻ, ഹദീസ്, ഫിഖ്ഹ് എന്നീ വിഷയങ്ങളിൽ അഗാധപാണ്ഡിത്യവും പ്രാഗല്ഭ്യവും കരസ്ഥമാക്കിയിരുന്ന അദ്ദേഹം മസീഹ് മൗഊദി(അ)ന്റെ ആത്മ സുഹൃത്തായിരുന്നു. അല്ലാഹുവിനും അവന്റെ റസൂലി (സ)നും ശേഷം തന്റെ ഭാര്യാ മക്കളെക്കാളും സർവ്വ സമ്പത്തിനേക്കാളും തന്റെ ജീവനേക്കാളും ഈ ലോകത്ത് ലഭ്യമായ എല്ലാറ്റിലുമുപരി ആ മഹാത്മാവ് മസീഹ് മൗഊദി(അ)നെ ഹൃദയം കൊണ്ട് സ്നേഹിച്ചിരുന്നു.

ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിന്നായുള്ള ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രയത്നങ്ങൾക്കും ഹദ്റത്ത് മൗലാനാ ഹഖീം നൂറുദ്ദീൻ സാഹിബ് (റ) ശാരീരികമായും മാനസികമായും സാമ്പത്തികമായുമുള്ള എല്ലാ പിന്തുണയും സഹായവും നൽകിയിരുന്നു. അദ്ദേഹമായിരുന്നു ആദ്യ മുഹാജിർ, മസീഹ് മൗഊദി(അ)ന്റെ കൈയിൽ ഒന്നാമതായി ബൈഅത്ത് (അനുസരണ പ്രതിജ്ഞ) ചെയ്യാൻ ഭാഗ്യം ലഭിച്ചതും അദ്ദേഹത്തിന്നു തന്നേയായിരുന്നു. അദ്ദേഹത്തിന്റെ നന്മയും തഖ്‌വയും കുലീനതയും ഉൽകൃഷ്ട സ്വഭാവഗുണങ്ങളും അറിവും പരിഗണിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വഫാത്തിനു ശേഷം മുഅ്മിനീങ്ങളുടെ ജമാഅത്ത് ഐകകണ്ഠ്യേന ഒന്നാമത്തെ ഖലീഫയായി തെരഞ്ഞെടുത്തതും അദ്ദേഹത്തെ തന്നെയായിരുന്നു. അഹ്മദിയ്യാ ഖിലാഫത്ത് വ്യവസ്ഥിതിയുടെ സ്ഥിരതയ്ക്കും ഭദ്രതയ്ക്കും വേണ്ടി അദ്ദേഹം കാഴ്ച വെച്ച ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ സേവനങ്ങളിൽ ഏറ്റവും മഹനീയവും മഹത്തായതും അവിസ്മരണീയവുമാണ്. ആ മഹാത്മാവ് ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട് അധികനാൾ കഴിയുന്നതിന്നു മുമ്പു തന്നെ സ്വാർത്ഥ തൽപരരും സ്വാർത്ഥ മോഹികളുമായ ഒരുകൂട്ടം ആളുകൾ ഖിലാഫത്തിന്റെ അസ്തിവാരം ഇളക്കാനും ഖിലാഫത്ത് മന്ദിരത്തെ കിടിലം കൊള്ളിക്കുവാനുമായി ഇറങ്ങിപ്പുറപ്പെട്ടപ്പോൾ അവരെ അതിശക്തമായി നേരിടുകയും ആഞ്ഞടിക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം ഖിലാഫത്ത് വ്യവസ്ഥിതിക്ക് താങ്ങും തണലും ശക്തിയും പകർന്നു കൊണ്ടിരുന്നു. അദ്ദേഹം കാണിച്ച ധീരമായ ആ സേവനം ലോകാവസാനം വരെ സ്മരിക്കപ്പെടുന്നതായിരിക്കും.

ഹദ്റത്ത് മൌലവി ഹഖീം നൂറുദ്ദീൻ സാഹിബ്(റ) കാണിച്ച അനുസണവും അദ്ദേഹം ചെയ്ത മാനസികവും ശാരീരികവും സാമ്പത്തികവുമായ ത്യാഗങ്ങളേയും സേവനങ്ങളേയും പ്രകീർത്തിക്കുക യും പ്രശംസിക്കുകയും ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സമുദായത്തിലെ മുഴുവൻ ആളുകളും നൂറുദ്ദീൻ ആയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് തന്റെ ഗ്രന്ഥങ്ങളിൽ ഉടനീളം പ്രകടമാക്കുകയും ചെയ്തിട്ടുണ്ട്.

ലോകത്ത് ഇസ്‌ലാമിന്റെ ശ്രേഷ്ഠതയും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ മഹത്വവും വെളിപ്പെടുത്തുന്നതിനും ദീനുൽ ഇസ്‌ലാമിന്റെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിനും അതിനെ മറ്റു മതങ്ങളുടെ മേൽ വിജയിപ്പിക്കുന്നതിന്നുമായി

ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) യെ അല്ലാഹു വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിച്ചപ്പോൾ മഹത്തായ ദൗത്യവും ഭാരിച്ച ഉത്തരവാദിത്വവും കണ്ട് ആ പുണ്യാത്മാവ് മനുഷ്യസഹജമായ ബലഹീനത നിമിത്തം ഭയപ്പെട്ടു. അവിടുന്ന് സർവ്വശക്തനായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുനിഞ്ഞു. പ്രാർത്ഥനയിൽ നിരതനായി. അല്ലാഹുവേ, ഈ ഭാരിച്ച ഉത്തരവാദിത്വം പൂർത്തിയാക്കുന്നതിന്നായി നീ എനിക്കൊരു സഹായിയെ പ്രദാനം ചെയ്യേണമേ എന്നു വിനീതനായി അപേക്ഷിച്ചു. അപ്പോൾ അല്ലാഹു അറിയിച്ചു

ينصرك رجال نوحى اليهم من السمآء

നിന്നെ സഹായിക്കുവാനായി ദിവ്യബോധനത്തിലൂടെ ചിലരോട് നാം കൽപിക്കും. അവർ വന്നു നിന്നെ സഹായിക്കും.ഹദ്റത്ത് മസീഹ് മൗഊദ്(അ) രാവും പകലും അല്ലാഹുവിന് മുന്നിൽ തേങ്ങിക്കൊണ്ട് ചോദിച്ചു, 'യാ റബ് മൻ അൻസ്വാരി. യാ റബ് മൻ അൻസ്വാരി.' എന്റെ നാഥാ, ആരാണെന്നെ സഹായിക്കുക. ആരായിരിക്കും എന്റെ സഹായികൾ.

ഈ കാര്യങ്ങൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ആയിനയെ കമാലാത്തെ ഇസ്‌ലാം എന്ന വളരെ പ്രസിദ്ധമായ ഗ്രന്ഥത്തിൽ പറയുകയാണ്. ദീനിന്റെ സഹായിയായി വർത്തിക്കുന്ന പലരേയും ഞാൻ മനസ്സിൽ കണ്ടു. അവരിലാരെങ്കിലും എന്റെ സഹായിയായിരുന്നുവെങ്കിലെന്നു ഞാൻ ആശിച്ചു. അതിന്നുവേണ്ടിയുള്ള എന്റെ അന്വേഷണവും ഉത്കണ്ഠയും ജിജ്ഞാസയും ദാഹിച്ച് വലഞ്ഞു നടക്കുന്ന ഒരാൾ വെള്ളത്തിന്നായി അലയുന്നതിനേക്കാൾ തീക്ഷ്ണതരമായിരുന്നു. ഞാൻ രാവും പകലും അല്ലാഹുവിന്റെ തിരുസന്നിധിയിൽ പൊട്ടിക്കരഞ്ഞു കൊണ്ടിരുന്നു. സർവ്വശക്തനായ അല്ലാഹുവിനെ വിളിച്ചു വിലപിച്ചുകൊണ്ടിരുന്നു. എന്റെ നാഥാ, എന്റെ രക്ഷിതാവേ, ഈ കാര്യത്തിൽ ആരാണെന്റെ സഹായിയും ഉപകാരിയുമെന്നു ഞാനവനോട് ചോദിച്ചു. ഏകാകിയായ ഞാനിതാ എളിമയിലും അഭിമാനഭംഗത്തിലുമാണുള്ളതെന്നു ഞാനവനെ വിനയപുരസ്സരം അറിയിച്ചു. തുടർച്ചയായുള്ള എന്റെ രോദനവും പ്രാർത്ഥനയും അവൻ കേട്ടു. ആകാശം എന്റെ പ്രാർത്ഥനകളാൽ നിറഞ്ഞു കവിഞ്ഞപ്പോൾ അവനെന്റെ ദുആകളും നിസ്സഹായതയും സ്വീകരിച്ചു.

അങ്ങിനെ സർവ്വലോകനാഥന്റെ കാരുണ്യകടാക്ഷം തിളച്ചു മറിഞ്ഞു. അതോടെ അവനെനിക്കു സാത്വികനായ ഒരു കൂട്ടുകാരനെ നൽകി. എന്റെ സഹായികളിൽ വെച്ച് ഏറ്റവും പ്രിയപ്പെട്ട കൺമിഴിയാണയാൾ. ദീനിന്റെ കാര്യത്തിലുള്ള എന്റെ സ്നേഹിതരുടെ കാതലും കലർപ്പില്ലാത്ത സത്തുമാണദ്ദേഹം. തേജോമയമായ അദ്ദേഹത്തിന്റെ സദ്ഗുണങ്ങൾ പോലെ അദ്ദേഹത്തിന്റെ പേരും നൂറുദ്ദീൻ (ദീനിന്റെ പ്രകാശം) എന്നു തന്നെയാണ്. ജന്മം കൊണ്ട് അദ്ദേഹം ഭേര സ്വദേശിയാണെങ്കിലും വംശ പരമ്പരയിലൂടെ ഇസ്‌ലാമിന്റെ സമുന്നതനേതാക്കളായ ഖുറൈശി ഹാശിമിയും സദ്‌വൃത്തരായ മാതാ പിതാക്കളുടെ സന്താനവുമാണ്. അദ്ദേഹത്തെ ലഭിച്ചതിലൂടെ ഛേദിക്കപ്പെട്ട എന്റെ ശരീരഭാഗം തിരികെ ലഭിച്ച സന്തോഷവും സംതൃപ്തിയും എനിക്ക് ലഭിക്കുകയുണ്ടായി. നബി കരീ(സ)മിന്ന് ഉമർ ഫാറൂഖി(റ) നെ ലഭിച്ചപ്പോൾ കൈവന്ന ആനന്ദവും ആഹ്ലാദവും എനിക്കും ലഭിക്കുകയുണ്ടായി. അതോടെ ഞാനെന്റെ ദു:ഖങ്ങൾ മറന്നു. അദ്ദേഹം എന്റെ അടുക്കൽ വന്നു. ഞാനുമായി കണ്ടുമുട്ടി. ദീനിന്റെ മാർഗ്ഗത്തിൽ മുൻകടന്നുപോയ സഹായികളിൽ ഒരാളായി ഞാനദ്ദേഹത്തെ കണ്ടെത്തി.

എനിക്കദ്ദേഹത്തിന്റെ ധനം ഉപകാരപ്പെട്ടതു പോലെ മറ്റാരുടേയും ധനം ഉപകാരപ്പെട്ടിട്ടില്ല. അദ്ദേഹം അല്ലാഹുവിന്റെ തൃപ്തിക്കായി കുറെവർഷങ്ങളായി സാമ്പത്തിക സഹായം ചെയ്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹം തന്റെ അഗാധമായ പാണ്ഡിത്യത്തിലും അനുഗ്രഹങ്ങളിലും നന്മയിലും ഉദാരതയിലും എല്ലാവരേയും പിൻതള്ളിക്കൊണ്ട് മുന്നേറിയിരിക്കുന്നു. ആ ത്യാഗിവര്യൻ തന്റെ മുഴുവൻ സമ്പത്തും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിച്ചു കൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്നു ഏറ്റവും കൂടുതൽ സന്തോഷം ലഭിക്കുന്നത് അല്ലാഹുവിന്റെ വചനമായ ഖുർആനിലൂടേയാണ്. ആ മഹാന്റെ സ്വഭാവ വിശേഷണങ്ങൾ വിവരിക്കുകയാണെങ്കിൽ ഉദാരത അദ്ദേഹത്തിന്റെ ആരാധനയും, അറിവ് ആഹാരവും, സഹിഷ്ണുത ജീവിത സ്വഭാവവും, തവക്കുൽ ശക്തിയുമാണ്. അദ്ദേഹത്തെ പോലൊരു മഹാപണ്ഡിതനെ ഞാനെവിടേയും കണ്ടിട്ടില്ല. ധനപരമായി അനുഗൃഹീതനും ഐശ്വര്യവാനുമായിട്ടും അദ്ദേഹത്തെ പോലൊരു ദരിദ്രനേയോ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഇത്രയധികം പണം ചെലവഴിക്കുന്ന ഒരാളേയോ എനിക്കെവിടേയും കണ്ടെത്തുവാനായില്ല.

അദ്ദേഹം എന്റെ അടുക്കൽ വന്നു. ഞാനുമായി കണ്ടുമുട്ടി. എന്റെ ദൃഷ്ടികൾ അദ്ദേഹത്തിൽ പതിഞ്ഞു. അദ്ദേഹം എന്റെ നാഥനായ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഒരു ദൃഷ്ടാന്തമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഇദ്ദേഹത്തെ ലഭിച്ചത് നിരന്തരമായ എന്റെ പ്രാർത്ഥനയുടെ ഫലമാണെന്നെനിക്ക് ദൃഢവിശ്വാസമുണ്ട്. ഇദ്ദേഹം അല്ലാഹുവിന്റെ തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാളാണെന്നും എന്റെ ഉൾകാഴ്ചയും വിവേചനശക്തിയും എന്നോട് പറഞ്ഞു. (ആയിനെ കമാലാത്തെ ഇസ്‌ലാം പേജ് 581, 582)

ഹദ്റത്ത് മൗലവി ഹഖീം

നൂറുദ്ദീൻ സാഹിബിന്റെ ഗുണഗണങ്ങളെ പ്രകീർത്തിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ മറ്റൊരു ഗ്രന്ഥത്തിൽ എഴുതുകയാണ്, ''മൗലവി ഹഖീം നൂറുദ്ദീൻ സാഹിബ് ആത്മാർത്ഥതയിലും കൂറിലും സ്നേഹത്തിലും അർപ്പണബോധത്തിലും നിസ്വാർത്ഥതയിലും ഉദാരതയിലും ദാനശീലത്തിലും ഇസ്‌ലാമിനോടുള്ള അനുകമ്പയിലും സഹതാപത്തിലും അസാധാരണമായ ഒരു സ്ഥാനം കൈവരിച്ച വ്യക്തിയാണ്. ധനത്തിന്റേയും സമ്പത്തിന്റേയും ആധിക്യമുണ്ടാകുമ്പോൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അൽപസ്വൽപം ചെലവഴിക്കുന്നവരെ നാം ധാരാളം കണ്ടിട്ടുണ്ട്. എന്നാൽ സ്വയം പട്ടിണി കിടന്നുകൊണ്ട് തന്റെ പ്രിയപ്പെട്ട ധനം മുഴുവനും അല്ലാഹുവിന്റെ തൃപ്തിക്കായി ചെലവഴിക്കുകയും തനിക്കായി ഈ ലോകത്ത് ഒന്നും തന്നെ ബാക്കി വെയ്ക്കാതിരിക്കുകയും ചെയ്യുന്ന മഹനീയ ഗുണം പൂർണ്ണമായ നിലയിൽ മൗലവി സാഹിബിൽ മാത്രമാണു കണ്ടത്. അല്ലെങ്കിൽ മൗലവി സാഹിബുമായുള്ള സഹവാസം നിമിത്തം തങ്ങളുടെ ഹൃദയത്തിൽ മാറ്റം വരുത്തിയവരിലും ഈ ഗുണം കണ്ടേക്കാം. മൗലവി സാഹിബ് ഇന്നുവരെ ഈ വിനീതനു ദീനിന്റെ സേവനത്തിനായി മൂവ്വായിരം രൂപയോളം നൽകിക്കഴിഞ്ഞിരിക്കുന്നു. എനിക്കദ്ദേഹത്തിന്റെ പണം ഉപകാരപ്പെട്ടതിനു സമാനമായ മറ്റൊരുദാഹരണം കാണിക്കാൻ എന്റെ പക്കലില്ല. ഇത് ഭൗതികവും സാമൂഹികവുമായ കീഴ്‌വഴക്കത്തിന്ന് പൊതുവിൽ എതിരാണെങ്കിലും അല്ലാഹുവിലുള്ള ദൃഢ വിശ്വാസവും ഇസ്‌ലാം മതം സത്യവും ദൈവത്തിങ്കൽ നിന്നും അവതരിക്കപ്പെട്ടിട്ടുള്ളതാണെന്ന് അടിയുറച്ചു വിശ്വസിക്കുകയും കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുകയും അല്ലാഹുവിനോടും അവന്റെ റസൂലി(സ)നോടും വിശുദ്ധ ഖുർആനോടുമുള്ള സ്നേഹത്താലും അഭിനിവേശത്താലും സ്വയം അലിഞ്ഞില്ലാതായിക്കൊണ്ട് തന്റെ ഹലാലും പരിശുദ്ധവുമായ ധനം ദീനിന്നു സമർപ്പിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ മുന്നിൽ അത്തരം വികാരവിചാരങ്ങൾ വളരെയധികം വിലമതിക്കപ്പെടുന്ന ഒന്നാണ്.

അവൻ പറയുന്നു,

لَنْ تَنَالُوا الْبِرَّ حَتّٰى تُنْفِقُوا مِمَّا تُحِبُّونَ

(നിങ്ങൾ ഇഷ്ടപ്പെടുന്ന ധനത്തിൽ നിന്നും ചെലവഴിക്കുന്നതു വരെ നിങ്ങൾ പരിപൂർണ്ണ നന്മ പ്രാപിക്കുകയില്ല). തുടർന്നുള്ള ഉറുദു ഫാർസി ഈരടികളിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുകയാണ്,

'ദൈവത്തിൽ തങ്ങളുടെ സകലതും അർപ്പിക്കുന്നവർ മാത്രമാണ് അവന്റെ യഥാർത്ഥ പ്രേമി. എന്റെ പ്രാണപ്രിയൻ (അതായത് അല്ലാഹു) എങ്ങനെയാണ് എന്നോട് സംതൃപ്തനാവുക എന്ന ഒരൊറ്റ ചിന്ത മാത്രമായിരിക്കും അവരുടെ മനസ്സിൽ രാവും പകലും. ജീവനും സ്വത്തും അവനു മുന്നിൽ ബലികഴിച്ചാലും ഞാൻ ഇപ്പോഴും ദുർഗുണനും നിസ്സാരനുമാണല്ലോ എന്ന ചിന്തയായിരിക്കും അവരുടെ ഹൃദയങ്ങളെ അലട്ടിക്കൊണ്ടിരിക്കുക. മനുഷ്യനെന്ന ഒരു പിടി മണ്ണ് ആ പരിശുദ്ധനുമായി ഒട്ടിച്ചേരുമ്പോൾ മാത്രമാണ് യഥാർത്ഥ പരിശുദ്ധി കൈവരുന്നത്. എന്റെ സമുദായത്തിലെ മുഴുവൻ അംഗങ്ങളും നൂറുദ്ദീനെ പോലെയായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. പക്ഷേ, അതിന്നു ദൃഢവിശ്വാസത്തിന്റെ പ്രകാശം തങ്ങളുടെ ഹൃദയത്തിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു.' (നിശാനെ ആസ്മാനി, റൂഹാനി ഖസായിൻ, വാള്യം 4, പേജ് 46)

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ അറബി ഗ്രന്ഥമായ ഹമാമത്തുൽ ബുശ്റയിൽ ഹദ്റത്ത് മൌലവി ഹഖീം നൂറുദ്ദീൻ സാഹിബിന്റെ ഉൽകൃഷ്ട സ്വഭാവ വൈശിഷ്യം വിവരിച്ചു കൊണ്ട് അരുൾ ചെയ്യുകയാണ്,

എന്റെ എല്ലാ സ്നേഹിതന്മാരും പൊതുവിൽമുത്തഖീങ്ങൾ തന്നേയാണ്. എന്നാൽ അവരിൽ ശക്തമായ ഉൾകാഴ്ചയും അവബോധവും അഗാധമായ അറിവും ലോലഹൃദയനും ദയാലുവും ഇസ്‌ലാമിൽ അടിയുറച്ചു വിശ്വസിക്കുന്നവനും സ്നേഹസമ്പന്നനും ദൈവികജ്ഞാനവും ദൈവഭയവുമുള്ള സ്ഥിരചിത്തനും അനുഗൃഹീതനും സാത്വികനും ധർമ്മനിഷ്ഠയും നന്മ നിറഞ്ഞവനും ഹദീസ് ഫിഖ്ഹ് വിഷയങ്ങളിൽ അഗാധ പാണ്ഡിത്യമുള്ളവനും പേരുകേട്ട ഭിഷഗ്വരനും ഹാജിയും വിശുദ്ധ ഖുർആൻ മന:പാഠവുമാക്കിയ ഖുറൈശി ഗോത്രത്തിലെ സിദ്ധീഖി പാരമ്പര്യവുമുള്ള ഒരാളുണ്ട്. അദ്ദേഹത്തിന്റെ തിരുനാമം മൗലവി ഹഖീം നൂറുദ്ദീൻ ഭേരവി എന്നാണ്. അല്ലാഹു അദ്ദേഹത്തിന് ആത്മീയവും ഭൗതീകവുമായ എല്ലാ ഐശ്വര്യങ്ങളും പ്രദാനം ചെയ്യുമാറാകട്ടെ.

സ്നേഹത്തിലും ആത്മാർത്ഥതയിലും കൂറിലും ഭയഭക്തിയിലും നന്മയിലും നിസ്വാർത്ഥതയിലും അദ്ദേഹം എന്റെ എല്ലാ ശിഷ്യന്മാരിലും വെച്ച് പ്രഥമ സ്ഥാനീയനാണ്. അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസത്തിലും നിസ്വാർത്ഥതയിലും ദീനിന്റെ സേവന കാര്യത്തിലും ഇദ്ദേഹം ഒരസാധരണ വ്യക്തി തന്നേയാണ്. ദീനിന്റെ ഉന്നമനത്തിന്നായി അദ്ദേഹം പല രീതിയിൽ തന്റെ പണം ചെലവഴിച്ചിട്ടുണ്ട്. മാത്രവുമല്ല ഭാര്യാമക്കളേക്കാളും ഭൗതികമായ തന്റെ മുഴുവൻ സമ്പത്തിനേക്കാളും സകല ചുമതലകളെ ക്കാളും അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനു അദ്ദേഹം പ്രഥമ സ്ഥാനം നൽകുന്നു. എല്ലായിപ്പോഴും അവന്റെ തൃപ്തി മാത്രമാണദ്ദേഹം കാംക്ഷിക്കുന്നത്. അതിനായി തന്റെ ജീവനും ധനവും ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറുമാണ്. ഏതവസരത്തിലും കൃതജ്ഞതാമനോഭാവത്തോടെയാണദ്ദേഹം ജീവിതം നയിക്കുന്നത്.

ലോലഹൃദയനും ഋജുമാനസനും ദയാലുവും എല്ലാ നന്മകളും നിറഞ്ഞവനുമായ അദ്ദേഹം തന്റെ ശരീരേഛകളുടെ ആർത്തിയിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നും വളരെ വിദൂരത്താണു നിൽക്കുന്നത്. നന്മകൾ ചെയ്യുവാനുള്ള ഒരവസരവും അദ്ദേഹം പാഴാക്കാറില്ല. റസൂൽ കരീമി(സ)ന്റെ ദീനിന്റെ ഔന്നത്യത്തിന്നും അഭ്യുദയത്തിനുമായി തന്റെ രക്തം ഒഴുക്കാനും ഖാത്തമുന്നബിയ്യീന്റെ മാർഗ്ഗത്തിൽ ജീവൻ ത്യജിക്കുവാനുമുള്ള അദ്ദേഹത്തിന്റെ മോഹവും വാഞ്ഛയും അനിർവചനീയമാണ്. നന്മയെ പിൻതുടർന്നുകൊണ്ട് തിന്മയെ വിപാടനം ചെയ്യുവാനായി ഏത് സാഹസത്തിന്നും അദ്ദേഹം മുതിരും. ഇത്തരത്തിലുള്ള ഉന്നതങ്ങളായ ധാർമ്മിക ഗുണങ്ങളുള്ളവനും നേർമാർഗ്ഗം പൂകിയവനുമായ ഒരു സ്നേഹിതനെ നൽകിയതിൽ ഞാൻ അല്ലാഹുവിനെ സ്തുതിക്കുന്നു. (ഹമാമത്തുൽ ബുശ്റ, പേജ് 15 16)

## ഹദ്റത്ത് അബൂബക്കർ സിദ്ധീഖു(റ) മായുള്ള സാദൃശ്യം

ഹദ്റത്ത് മസീഹ് മൗഊദ് (അ) അൽവസിയ്യത്ത് എന്ന തന്റെ ഗ്രന്ഥത്തിൽ നബി(സ)തിരുമേനിക്കു ശേഷം ഈ ജമാഅത്തിൽ ഉണ്ടാകാൻ പോകുന്ന രണ്ടാം ശക്തിപ്രഭാവത്തെ ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)ന്റെ ഖിലാഫത്തുമായാണ് താരതമ്യം ചെയ്തിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിര്യാണത്തിന് ശേഷം അല്ലാഹു ആ മഹാത്മാവിന്റെ സഹാബാക്കളെ ഏതൊരു കൈയിൽ ഒരുമിച്ചു കൂട്ടിയോ അദ്ദേഹത്തിനു അതായത് ഹദ്റത്ത് മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബിനു ഹദ്റത്ത് അബൂബക്കർ സിദ്ധീഖു(റ)മായി പല കാര്യങ്ങളിലും സാദൃശ്യമുള്ളതായി കാണാം.

1. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പ്രവാചകത്വവാദം പുറപ്പെടുവിച്ചപ്പോൾ യാതൊരു സംശയത്തിന്നും സങ്കോചത്തിന്നും ഇടം നൽകാതെ യാതൊരു തെളിവും ആവശ്യപ്പെടാതെ പുരുഷന്മാരിൽ ആദ്യമായി നബി തിരുമേനി (സ)യെ സ്വീകരിച്ചത് ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ) ആയിരുന്നു. ഹദ്റത്ത് റസൂൽ തിരുമേനി (സ)അരുൾ ചെയ്യുകയാണ്.

ഞാൻ ജനങ്ങളെ വിളിച്ചു. എന്നിട്ട് പറഞ്ഞു, അല്ലാഹുവിനാൽ അയക്കപ്പെട്ട നിങ്ങളുടെ റസൂലാണു ഞാൻ. അവർ പറഞ്ഞു, കള്ളമാണ് നീ പറയുന്നത്. എന്നാൽ അബൂബക്കർ എന്നെ സത്യപ്പെടുത്തിക്കൊണ്ട് സ്വീകരിച്ചു. (ബുഖാരി കിത്താബുതഫ്സീർ)

ഇസ്ലാമിന്റെ ഭാഗത്തേക്ക് ജനങ്ങളെ വിളിച്ചപ്പോൾ അവർ സംശയം പ്രകടിപ്പിക്കുകയും സ്വീകരിക്കാൻ വിസമ്മതിക്കുകയും ചെയ്തു. എന്നാൽ അബൂബക്കർ യാതൊരു സങ്കോചവും കൂടാതെ ഒരു സംശയവും പ്രകടിപ്പിക്കാതെ അൽപം പോലും വൈകാതെ എന്നെ സ്വീകരിച്ചു. (ഇബ്നു ഹിശാം, വാള്യം ഒന്ന്)

ഹദ്റത്ത് മസീഹ് മൗഉദ്(അ) ഹദ്റത്ത് മൗലാനാ ഹകീം നൂറുദ്ദീൻ സാഹിബ്(റ)നെ കുറിച്ച് വിവരിക്കുകയാണ്,

നാലു ഭാഗത്തു നിന്നും കാഫിർ കാഫിർ എന്ന ശബ്ദം അലയടിച്ചുയരുകയും പലരും സംശയവും സങ്കോചവും കാണിക്കുകയും ചെയ്ത അവസരത്തിൽ ആദ്യമായി എന്നെ സത്യപ്പെടുത്തുകയും സ്വീകരിക്കുകയും ചെയ്തുകൊണ്ട് മൗലവി സാഹിബിന്റെ കത്തെനിക്കു ഖാദിയാനിൽ കിട്ടി. അതിലദ്ദേഹം എഴുതി. 'താങ്കൾ തന്നേയാണ് മസീഹ് മൗഊദ് എന്ന കാര്യം ഞാൻ സാക്ഷ്യപ്പെടുത്തുന്നു.'

آمَنَّا و صَدَّقْنَا فَاكْتُبْنَا مَعَ الشَّاهِدِين

(ഇസാലെ ഔഹാം, റൂഹാനി ഖസായിൻ, വാള്യം 3, പേജ് 521)

2. ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)നെ കുറിച്ച് റസൂൽ കരീം(സ) അരുൾ ചെയ്തു,

وَمَا نَفَعَنِي مَالُ أَحَدٍ قَطُّ مَا نَفَعَنِي مَالُ أَبِي بَكْرٍ

(തിർമിദി)

അബൂബക്കറിന്റെ ധനം എനിക്കുപകാരപ്പെട്ടതു പോലെ മറ്റൊരാളുടെ ധനവും എനിക്കുപകാരപ്പെട്ടില്ല.

ഇതുപോലെ ഹദ്റത്ത് മൗലവി ഹകീം നൂറുദ്ദീൻ സാഹിബിന്റെ സാമ്പത്തിക സഹായങ്ങളേയും ഔദാര്യങ്ങളേയും പ്രകീർത്തിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണ്,

അദ്ദേഹത്തിന്റെ ധനം എനിക്ക് ഉപകാരപ്പെട്ടതുപോലെ അതിന്ന് സമാനമായി മറ്റൊന്നെനിക്ക് കാണിക്കാനില്ല. (ഇസാലെ ഔഹാം)

എനിക്ക് ഇദ്ദേഹത്തിന്റെ ധനം ഉപകാരപ്പെട്ടതുപോലെ മറ്റാരുടേയും ധനം ഉപകാരപ്പെട്ടിട്ടില്ല. അദ്ദേഹം അല്ലാഹുവിന്റെ തൃപ്തിക്കായി കുറെ വർഷങ്ങളായി ജമാഅത്തിനു സാമ്പത്തിക സഹായം ചെയ്തു കൊണ്ടിരിക്കുകയാണ്. (ആയിനയെ കമാലാത്തെ ഇസ്ലാം പേജ് 582)

3. നബി കരീം(സ)ന്റെ വഫാത്തിന്ന് ശേഷം മുഴുവൻ സഹാബാക്കളും ഐക്യകണ്ഠ്യേന ഹദ്റത്ത് അബൂബക്കർ സിദ്ധീഖി (റ)നെ ഒന്നാം ഖലീഫയായി അംഗീകരിച്ചതു പോലെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിര്യാണത്തിന്നു ശേഷം മുഴുവൻ സഹാബാക്കളും ഹദ്റത്ത് മൗലവി ഹകീം നൂറുദ്ദീൻ സാഹിബ്(റ)നെ ഒന്നാം ഖലീഫയായി അംഗീകരിച്ചു.

ഹദ്റത്ത് ഹകീം നൂറുദ്ദീൻ സാഹിബിൽ കണ്ട ഉന്നതമായ ധാർമ്മിക ഗുണങ്ങളാണു ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഗ്രന്ഥങ്ങളിൽ വിവരിച്ചത്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വാക്കുകളിൽ പറഞ്ഞാൽ നാഡിമിടിപ്പു എപ്രകാരം ഹൃദയത്തെ അനുഗമിക്കുന്നുവോ അതുപോലെ അദ്ദേഹം

മസീഹ് മൗഊദിനെ അനുസരിക്കു മായിരുന്നു. ഹദ്റത്ത് ഹകീം നൂറുദ്ദീൻ സാഹിബ് (റ) ഹദ്റത്ത് മസീഹ് മൗഊദിനോടും ജമാഅത്തിനോടും കാണിച്ച സ്നേഹവും ആത്മാർത്ഥതയും കൂറും അനുസരണവും വിധേയത്വവും സമാനതകളില്ലാത്തവയാണ്. അദ്ദേഹം ഒരിക്കൽ മസീഹ് മൗഊദിനെഴുതിയ കത്തിലെ ഈ ചെറിയൊരു ഭാഗം അതിന്റെ ഒരു ഉത്തമ മാതൃകയാണ്. അദ്ദേഹം എഴുതുകയാണ്

'മൗലാനാ, മുർശിദുനാ, ഇമാമുനാ, അസ്സലാമു അലൈക്കും വ:വ.

ബഹുമാന്യരെ, കാലത്തിന്റെ ഇമാമായ അങ്ങയെ എന്തൊരു ഉദ്ദേശ്യത്തിന്നായിട്ടാണോ മുജദ്ദിദായി അല്ലാഹു നിയോഗിച്ചയച്ചിരിക്കുന്നത് അതിന്റെ സാഫല്യത്തിന്നായി എല്ലായിപ്പോഴും അങ്ങയുടെ സവിധത്തിൽ കഴിയാൻ ഭാഗ്യം ലഭിക്കേണമേ എന്നാണ് ഈയുള്ളവന്റെ പ്രാർത്ഥന. അങ്ങെന്നെ അനുവദിക്കുകയാണെങ്കിൽ ജോലി രാജി വെച്ചു അങ്ങയുടെ തിരുസവിധത്തിൽ ഞാൻ കാലം കഴിച്ചോളാം. അങ്ങ് കൽപിക്കുകയാണെങ്കിൽ എല്ലാം ഉപേക്ഷിച്ചു രാജ്യമൊട്ടാകെ ചുറ്റിക്കറങ്ങി ജനങ്ങളെ സത്യമതത്തിലേക്ക് വിളിക്കുകയും ആ വഴിയിൽ തന്നെ ഞാനെന്റെ ജീവിതം അവസാനിപ്പിക്കുകയും ചെയ്തോളാം. അങ്ങയുടെ മാർഗ്ഗത്തിൽ ഞാൻ പ്രാണത്യാഗം ചെയ്യുന്നു. എന്റെ പക്കൽ എന്തുണ്ടോ അതെന്റേതല്ല. അതങ്ങയുടേതാണ്. എന്റെ യജമാനരേ, നേർമാർഗ്ഗത്തിലേക്ക് എന്നെ നയിക്കുന്നവരുമായവരേ, ഞാൻ അങ്ങേയറ്റത്തെ സത്യസന്ധതയോടും ആത്മാർത്ഥതയോടും കൂടി പറയട്ടെ, എന്റെ മുഴുവൻസ്വത്തും ധനവും ദീനിന്റെ പ്രചരണത്തിന്നായി വിനിയോഗിക്കപ്പെടുകയാണെങ്കിൽ ഞാൻ ധന്യനായി, ഈയുള്ളവൻ കൃതാർത്ഥനായി.'

അദ്ദേഹം മുമ്പും ആത്മീയമായി ഉയർന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. പഞ്ചാബി മസീഹിനെ സ്വീകരിച്ചതുകൊണ്ട് താങ്കൾ എന്തു നേടി എന്നൊരിക്കൽ ഒരാൾ ചോദിച്ചപ്പോൾ മുമ്പു ഞാൻ റസൂൽ കരീം(സ) നെ സ്വപ്നത്തിൽ ദർശിക്കാറുണ്ടായിരുന്നു എന്നും മസീഹ് മൗഊദിനെ സ്വീകരിച്ച ശേഷം ആ പുണ്യാത്മാവിന്റെ ആത്മീയ ശക്തിപ്രഭാവത്താൽ ഞാനിപ്പോൾ ജാഗ്രതാവസ്ഥയിലും തിരുമേനി(സ)യെ ദർശിക്കാറുണ്ടെന്നായിരുന്നു മറുപടി. ഹദ്റത്ത് മസീഹ് മൗഊദി(അ)നെ സ്വീകരിച്ച ശേഷം ഹകീം നൂറുദ്ദീൻ സാഹിബ് നന്മയിൽ മുന്നേറാൻ ലഭിക്കുന്ന ഒരവസരവും പാഴാക്കിയിരുന്നില്ല. മസീഹ് മൗഊദി(അ)ന്റെ തൃപ്തിയും ആ പുണ്യാത്മാവിന്റെ ദുആയും മോക്ഷത്തിനു ഒഴിച്ചുകൂടാനാവാത്തതാണെന്നു ആ പുണ്യാത്മാവ് എന്നും കരുതുന്നുണ്ടായിരുന്നു.

മസീഹ് മൗഊദി(അ)ന്റെ സഹാബിയായിരുന്ന മിയാ ജാൻ മുഹമ്മദ് സാഹിബ് മരണപ്പെട്ടപ്പോൾ ഖബറടക്കത്തിന്നായി മയ്യത്ത് ഖബർസ്ഥാനിൽ എത്തിച്ചു. മയ്യത്തു നമസ്ക്കാരത്തിനു ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നേയാണു നേതൃത്വം നൽകിയത്. നമസ്ക്കാരം വല്ലാതെ ദീർഘിച്ചു. സാത്വികനും നല്ലവനുമായ തന്റെ ആ പ്രിയപ്പെട്ട സ്വഹാബിക്കു വേണ്ടി അദ്ദേഹത്തിന്റെ മഗ്ഫിറത്തിന്നായി മസീഹ് മൗഊദ്(അ) അനിതര സാധാരണമായ നിലയിൽ ദീർഘമായി ദുആ ചെയ്തു. കൂടെ നിന്നു നമസ്ക്കരിക്കുന്നവരുടെ കാലുകൾ കഴയ്ക്കാനും കെട്ടിയ കൈകൾ വേദനിക്കാനും തുടങ്ങി. പ്രധാന സഹാബാക്കളിലൊരാളായ പീർ സിറാജുൽ ഹഖ് സാഹിബ് നുഅ്മാനി(റ) പറയുകയാണു നമസ്ക്കാരത്തിൽ എന്റെ സ്ഥിതി പറഞ്ഞറിയിക്കാനാവാത്ത വിധം വഷളായി. ഞാനിതിനു മുമ്പ് ഇത്ര നീണ്ട മയ്യത്തു നമസ്ക്കാരം നമസ്ക്കരിച്ചിട്ടില്ല. മറ്റുള്ളവരുടെ കാര്യവും അതു തന്നേയായിരിക്കും ഞാൻ എന്റെ കാര്യമാണു പറഞ്ഞത്.

നമസ്ക്കാരത്തിനു ശേഷം ഹദ്റത്ത് നൂറുദ്ദീൻ സാഹിബ്(റ) മസീഹ് മൗഊദി(അ)ന്റെ അടുക്കൽ വന്നു. എന്നിട്ടു വളരെ വിനയപുരസ്സരം പറഞ്ഞു, ഹുസൂർ ഇത് എന്റെ മയ്യത്തായിരുന്നുവെങ്കിൽ, ഇത് എന്റെ മയ്യത്തു നമസ്ക്കാരമായിരുന്നുവെങ്കിലെന്നു ഞാൻ നമസ്ക്കാരത്തിൽ വല്ലാതെ ആഗ്രഹിച്ചു പോയി. കാരണം ഹുസൂർ അത്രമാത്രം പരേതനു വേണ്ടി ദുആ ചെയ്തല്ലോ. ഹദ്റത്ത് മസീഹ് മൗഊദ്(അ) ചിരിച്ചു കൊണ്ട് പറഞ്ഞു: മൗലവി സാഹിബ് താങ്കൾ എന്നും നന്മ മാത്രം ആഗ്രഹിക്കുന്ന അതിൽ മുന്നേറാൻ ശ്രമിക്കുന്ന ആളാണ്. താങ്കളുടെ പേര് പോലെ തന്നെ. ഇതാണ് ഹകീമുൽ ഉമ്മത്ത് നൂറുദ്ദീനെ അഅ്സം.

## ഹദ്റത്ത് ഹകീം നൂറുദ്ദീൻ സാഹിബിന്റെ വംശാവലി

മൗലാനാ ഹാജി ഹകീം നൂറുദ്ദീൻ സാഹിബ്(റ) അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സന്താന പരമ്പരയിൽപ്പെട്ട ഒരു മഹാത്മാവാണ്. ആ പരമ്പരയിലെ ധാരാളം പേർ ഔലിയാക്കളും വലിയ ദൈവഭക്തരും വിശുദ്ധ ഖുർആനെ അകമഴിഞ്ഞു സ്നേഹിക്കുകയും പഠിക്കുകയും മന:പാഠമാക്കിയവരുമായിരുന്നു. അദ്ദേഹത്തിന്റെ വംശാവലിപ്പട്ടിക (Genealogical table/Family tree) പരിശോധിക്കുകയാണെങ്കിൽ അദ്ദേഹം മുതൽ മുകളിലേക്കു പതിനൊന്നു തലമുറ വരെയുള്ള പൂർവ്വപിതാക്കൾ എല്ലാവരും തന്നെ വിശുദ്ധ ഖുർആൻ മന:പാഠമാക്കിയവരായിരുന്നതായി കാണാം. ഏകദേശം 1500 വർഷം മുമ്പ് മുഹമ്മദ് മുസ്തഫാ(സ)ന്റെ വഫാത്തിന്നു ശേഷം ഹദ്റത്ത് ഉമർ ഖത്ത്വാബ് ഖിലാഫത്തെന്ന അതിമഹനീയ സ്ഥാനത്ത് രണ്ടാം ഖലീഫയായി അവരോധിക്കപ്പെട്ടു.

ഇന്നു അല്ലാഹു ആ പുണ്യാത്മാവിന്റെ സന്താനപരമ്പരയിലെ ഒരു സുതനെ ഇസ്ലാമിന്റെ നവോത്ഥാനത്തിന്നായി തിരുമേനി(സ)യുടെ പ്രവചനപ്രകാരം ഈ കാലത്ത് അവതീർണ്ണരായ വാഗ്ദത്ത മഹ്ദി മസീഹി(അ)ന്റെ നിര്യാണത്തെ തുടർന്ന് ഒന്നാം ഖലീഫയായി അവരോധിച്ചു. 1912 മാർച്ച് 28ാം തിയ്യതി ബദർ വാരികയിൽ പ്രസിദ്ധം ചെയ്ത അദ്ദേഹത്തിന്റെ വംശപരമ്പരപ്പട്ടിക പൊതുവിജ്ഞാനത്തിന്നായി താഴെ ചേർക്കുന്നു.

36. ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഉമർ ഖത്ത്വാബ്(റ) 35. ഹദ്റത്ത് സുൽത്താനുൽ മശായിഖ് ശേഖ് അബ്ദുള്ളാഹ്(റ) 34.ഹദ്റത്ത് നസീറുദ്ദീൻ 33. ഹദ്റത്ത് സുൽത്താൻ ഇബ്രാഹിം 32. ഹദ്റത്ത് ശേഖ് ഇസ്ഹാഖ് 31. ഹദ്റത്ത് ശേഖ് ഫതഹ് മുഹമ്മദ് ഖാൻ 30. ഹദ്റത്ത് വായിസ് അക്ബർ 29. ഹദ്റത്ത് വായിസ് അസ്ഗർ 28. ഹദ്റത്ത് അബ്ദുള്ളാഹ് 27. ഹദ്റത്ത് ശേഖ് മസ്ഊദ് 26. ഹദ്റത്ത് ശേഖ് അബ്ദുസ്സാമിഅ് 25. ഹദ്റത്ത് ശേഖ് മഹ്മൂദ് 24. ഹദ്റത്ത് നസീറുദ്ദീൻ 23. ഹദ്റത്ത് ശേഖ് ഫറഖ് ശാഹ് കാബൂളി ഖുദുസ് സിർറഹുൽ അസീസ് 22. ഹദ്റത്ത് ശേഖ് അഹ്മദ് അൽ മഅ്റൂഫ് ഹാഫിസ് മഹ്മൂദ് 21. ഹദ്റത്ത് ശേഖ് ശിഹാബുദ്ദീൻ 20. ഹദ്റത്ത് ശേഖ് മുഹമ്മദ് 19. ഹദ്റത്ത് ശേഖ് യൂസുഫ് 18. ഹദ്റത്ത് അഹ്മദ് 17.ഹദ്റത്ത് ശുഐബ് 16. ഹദ്റത്ത് ശേഖ് ജമാലുദ്ദീൻ 15. ഹദ്റത്ത് ശേഖ് സുലൈമാൻ 14. ഹദ്റത്ത് ശേഖ് ബഹാഉദ്ദീൻ 13. ഹദ്റത്ത് ശേഖ് ബദറുദ്ദീൻ 12. ഹദ്റത്ത് ഖാസി അബ്ദുർറഹ്മാൻ 11. ഹദ്റത്ത് ഹാഫിസ് അബ്ദുൽ ഗനി 10. ഹദ്റത്ത് ഹാഫിസ് അബ്ദുന്നസീർ 9. ഹദ്റത്ത് ഹാഫിസ് നസ്റുള്ളാഹ് 8. ഹദ്റത്ത് ഹാഫിസ് അബ്ദുൽ അസീസ് മഗ്ഫൂർ 7.ഹദ്റത്ത് ഹാഫിസ് യാർ മുഹമ്മദ് 6. ഹദ്റത്ത് ഹാഫിസ് അബ്ദുർ റബ്ബ് 5. ഹദ്റത്ത് ഹാഫിസ് ഫഖറുദ്ദീൻ 4. ഹദ്റത്ത് ഹാഫിസ് മഅസുദ്ദീൻ 3. ഹദ്റത്ത് ഹാഫിസ് ഗുലാം മുഹമ്മദ് 2. ഹദ്റത്ത് ഹാഫിസ് ഗുലാം റസൂൽ 1. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ ഹാഫിസ് ഹഖീം നൂറുദ്ദീൻ സാഹിബ് (റ)

ഹദ്റത്ത് ഹഖീം നൂറുദ്ദീൻ സാഹിബ് പാക്കിസ്ഥാനിൽ ശാഹ്പൂർ ജില്ലയിലെ ഭേരയിൽ 1841ൽ ജനിച്ചു. മാതാപിതാക്കൾ ഇട്ട പേര് നൂറുദ്ദീൻ എന്നു തന്നെയായിരുന്നു. പിതാവ് ഹാഫിസ് ഗുലാം റസൂൽ സാഹിബും മാതാവ് മിയാൻ ഖാദിർ ബഖ്ശ് സാഹിബിന്റെ മകൾ നൂർ ബഖ്ത് സാഹിബയുമാണ്. മാതാവും പിതാവും ഉന്നത കുലജാതരും എല്ലാവരാലും ആദരിക്കപ്പെടുന്ന കുടുംബത്തിൽ പെട്ടവരുമായിരുന്നു. അതുകാരണം ചെറുപ്പ കാലം തൊട്ടു തന്നെ നൂറുദ്ദീൻ സാഹിബ് വളരെ പരിശുദ്ധ ശിക്ഷണത്തിലും ചുറ്റുപാടിലൂടേയുമായിരുന്നു കടന്നു പോയത്. ഇവരുടെ ഒമ്പത് മക്കളിൽ നൂറുദ്ദീൻ സാഹിബ് ഏറ്റവും ഇളയവനായിരുന്നു. ഇദ്ദേഹത്തിന്ന് ആറ് സഹോദന്മാരും രണ്ട് സഹോദരിമാരുമാണ് ഉണ്ടായിരുന്നത്.

ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തന്റെ മാതാവിനെ കുറിച്ച് വിവരിക്കുകയാണ്, ഉമ്മ വളരെ ചെറുപ്രായത്തിൽ തന്നെ ഖുർആൻ ഓതാൻ പഠിച്ചിരുന്നു. പതിമൂന്നാമത്തെ വയസ്സു മുതൽ ഖുർആൻ മറ്റുള്ളവർക്കു പഠിപ്പിച്ചു കൊടുക്കാനും തുടങ്ങി. ഉമ്മ വളരെ ഉത്സാഹത്തോടെ എപ്പോഴും ഖുർആൻപാരായണം ചെയ്യുമായിരുന്നു. അതുകാരണം ഞങ്ങൾ എല്ലാ സഹോദരീ സഹോദരന്മാർക്കും ഖുർആനുമായി ചെറുപ്രായം മുതൽ തന്നെ നല്ല ബന്ധമാണുണ്ടായിരുന്നത്. എന്റെ ഉമ്മാക്ക് ഒമ്പത് മക്കളുണ്ടായിരുന്നുവെങ്കിലും കൃത്യസമത്ത് തന്നെ നമസ്ക്കാരം അനുഷ്ഠിക്കുമായിരുന്നു. കുട്ടികൾ കാരണത്താൽ ഒരിക്കലും നമസ്ക്കാരം 'ഖള' ആക്കിയിരുന്നില്ല. നമസ്ക്കരിക്കുന്ന സ്ഥലത്ത് ഒരു വൃത്തിയുള്ള പുതപ്പു തൂക്കിയിട്ടുവെച്ചിരിക്കും. സമയമായാൽ വുസു എടുത്ത് ആ പുതപ്പു പുതച്ചു നമസ്ക്കരിക്കും. അതുപോലെ ഖുർആൻ പാരായണം ഒരു ദിവസം പോലും ഉപേക്ഷിച്ചിരുന്നില്ല. ഞാൻ എന്റെ ജനനത്തിനു മുമ്പ് ഉമ്മാന്റെ ഉദരത്തിൽ വെച്ചും പിന്നീട് മടിയിൽ കിടന്നുകൊണ്ടും ഖുർആൻ കേട്ടിട്ടുണ്ട്. എന്നെ ഖുർആൻ പഠിപ്പിച്ചത് ഉമ്മയായിരുന്നു.

ഹഖീം നൂറുദ്ദീൻ സാഹിബ് വളരെ ചെറുപ്പം തൊട്ട് അനന്യസാധാരണമായ ഓർമ്മശക്തി പ്രകടിപ്പിച്ചിരുന്നു. മുലകുടി മാറ്റിയതുപോലും നന്നായി ഓർക്കുന്നതായി അദ്ദേഹം പറയുമായിരുന്നു. സാധാരണ നമ്മുടെ നാട്ടിൽ മാതാക്കൾ ചെയ്യാറുള്ളതുപോലെ മുലകുടി നിർത്തുവാനും മുലകുടിക്കുന്ന കുട്ടിക്ക് വെറുപ്പുളവാക്കുവാനുമായി മാതാക്കൾ സ്തനങ്ങളിൽ കറുത്ത മരുന്നു പുരട്ടാറുള്ളതുപോലെ മാതാവ് ചെയ്തതും അദ്ദേഹത്തിനു ഓർമ്മയുണ്ട്. ആ സമയങ്ങളിൽ തന്റെ ഏറ്റവും മൂത്ത സഹോദരന്റെ ഭാര്യ എന്റെ മനസ്സു മാറ്റാനും സന്തോഷിപ്പിക്കുവാനുമായി എന്നെ എടുത്തു നടക്കുകയും **'അൻത്തൽ ഹാദി അൻത്തൽ ഹഖ് ലൈസൽ ഹാദി ഇല്ലാ ഹുവ'** എന്ന് താരാട്ടു രൂപത്തിൽ ചൊല്ലിക്കൊണ്ടിരിക്കാറുണ്ടെന്നും ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് പറയുമായിരുന്നു. മാതാവ് ഹദ്റത്ത് നൂർ ബക്ത്ത് സാഹിബ തന്റെ നാട്ടിലും ചുറ്റുപാടിലുമുള്ള ചെറിയ കുട്ടികളെ ഖുർആനും പഞ്ചാബിയിൽ അതിന്റെ തർജ്ജമയും ഫിഖ്ഹും പഠിപ്പിക്കാറുണ്ടായിരുന്നു. ഇത്തരത്തിൽ നൂറുക്കണക്കിനു കുട്ടികളെ അവർ ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ ആരേയും അടിക്കുകയോ ചീത്ത പറയുകയോ ചെയ്തിരുന്നില്ല. പഠനത്തിൽ ശ്രദ്ധയില്ലാത്ത കുട്ടികളോട് അവർ പഞ്ചാബിയിൽ ഇത്രമാത്രം

**ശേഷം പേജ് 43 ൽ**

# ഈ അപ്പത്തിൽ നിന്ന് നിങ്ങൾക്കും പങ്ക് പറ്റാം

ദൈവത്തിൽ നിന്നുള്ള ആത്മീയാഹാരം അവൻ മനുഷ്യർക്കായി കാലാകാലങ്ങളിൽ നൽകിപോരുന്നു. സത്യാത്മാക്കൾ അവരുടെ അപ്പം ആഹരിക്കട്ടെ.

## ഫലാഹുദ്ദീൻ ശുംസ്

**'അവൻ അവരോടു പറഞ്ഞു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഇങ്ങനെ പറയുക: 'ദൈവമേ നിന്റെ നാമം പൂജിതമാകേണമേ. നിന്റെ രാജ്യം വരണമേ. ദിവസേന വേണ്ട അപ്പം അന്നന്നു ഞങ്ങൾക്ക് തരേണമേ. ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ (ലൂക്കോസ് 2–3); സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ (ദൈവമേ) നിന്റെ രാജ്യം വരേണമേ. നിന്റെ തിരുവിവിഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും നിറവേറണമേ. ദിവസേന വേണ്ട അപ്പം ഇന്ന് ഞങ്ങൾക്ക് തരേണമേ (ലൂക്കോസ്: 6:9–11)**

ഇത് യേശു പഠിപ്പിച്ച പ്രധാനപ്പെട്ട ഒരു പ്രാർത്ഥനയാണ്. കോടിക്കണക്കിന് ക്രിസ്ത്യാനികൾ കഴിഞ്ഞ രണ്ടായിരം വർഷമായി ഈ പ്രാർത്ഥന ആവർത്തിക്കുന്നു. ഈ പ്രാർത്ഥനയ്ക്ക് രണ്ട് വശങ്ങളുണ്ട്. ആദ്യത്തേത് ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കണമെന്ന അർത്ഥനയാണ്. രണ്ടാമത്തേത് ദിവസേനയുള്ള ആഹാരത്തിനുവേണ്ടിയുള്ള അർത്ഥനയും. ഈ പ്രാർത്ഥനയാണ് ക്രിസ്ത്യാനികൾ ദിവസവും ആവർത്തിക്കുന്നത്. ഇവിടെ ദിവസേനയുള്ള ആഹാരം എന്നത് മിക്ക ആളുകൾക്കും ഗോതമ്പ് കൊണ്ടോ ചോളം കൊണ്ടോ ഉണ്ടാക്കിയ റൊട്ടിയാണ്. പക്ഷേ ഇത് മാത്രമാണ് ഈ പ്രാർത്ഥനയുടെ താല്പര്യമെങ്കിൽ ഈ പ്രാർത്ഥനാവചനത്തിലെ സൗന്ദര്യം നഷ്ടമായിപ്പോവുന്നു. 'ദിവസേന വേണ്ട അപ്പം അന്നന്നു ഞങ്ങൾക്ക് തരണമേ' എന്ന പ്രാർത്ഥനാശൈലിക്ക്, തികച്ചും വ്യത്യസ്തമായ മറ്റൊർത്ഥമാണുള്ളത്.

ഇവിടെ യേശു പറഞ്ഞത് നാം ദിനേന വയർ നിറക്കുന്ന ആഹാരത്തെക്കുറിച്ചല്ല. മറ്റൊരു രീതിയിലുള്ള ആഹാരത്തെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്.

**ബൈബിളിൽ യേശു പിശാചിന്റെ പ്രലോഭനം നേരിട്ടതായി നാം വായിക്കുന്നു. "പ്രലോഭകൻ വന്ന് അവനോട് പറഞ്ഞു: 'നീ ദൈവപുത്രനെങ്കിൽ ഈ കല്ലുകളോട് അപ്പമാകാൻ കല്പിക്കുക.' യേശു പറഞ്ഞു: മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്; ദൈവത്തിന്റെ തിരുവായിൽ നിന്ന് പുറപ്പെടുന്ന എല്ലാ വചനങ്ങളാലും അത്രേ. (മത്താ. 4:3–4).**

യേശു പിന്നീട് ഈ വചനത്തിന്റെ അർത്ഥം വിവരിക്കുന്നു. **'സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങി വന്നു ലോകത്തിന് ജീവൻ നൽകുന്നതാണ് ദൈവത്തിന്റെ അപ്പം' അവർ അവനോട് പറഞ്ഞു: 'കർത്താവേ ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും തന്നാലും (യോഹ: 6.33–34)**

ഈ അപ്പത്തെപ്പറ്റിയുള്ള പ്രതിപാദനം ബൈബിൾ പഴയനിയമത്തിലും കാണാം. **'മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത് മറിച്ച് കർത്താവിന്റെ വായിൽ നിന്നും പുറപ്പെടുന്നവയെല്ലാം കൊണ്ട് അത്രേ' (ആവ: 8:3)**

മറ്റൊരർത്ഥത്തിൽ പറയുകയാണെങ്കിൽ മനുഷ്യന്റെ ആത്മീയാഹാരം സമയാസമയങ്ങളിൽ ദൈവത്തിന്റെ വചനങ്ങളിൽ നിന്നാണ് വരേണ്ടത്. മുമ്പ് ഇസ്രായേൽ ജനത പ്രവാചകൻ മോസസിലൂടെ ആത്മീയമായി അനുഗ്രഹിക്കപ്പെടുകയുണ്ടായി. അപ്രകാരം തന്നെ യേശുവിന്റെ അനുയായികളും ദൈവത്തിൽ നിന്നുള്ള ഈ ആത്മീയാഹാരം മുഖേന ആഹരിക്കപ്പെടുകയുണ്ടായി. യേശു ഈ ലളിതമായ ഈ വചനത്തിലൂടെ നമ്മെ പഠിപ്പിക്കുന്നത് ദിനേന ഈ ആത്മീയ ഭക്ഷണത്തിന്റെ ആവശ്യകത മുൻനിർത്തി അതിന്റെ നിവർത്തിപ്പിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്നാണ്. ഇന്നലത്തെ അപ്പം ഇന്നലെയുടെ ജനതക്കുള്ള അനുഗ്രഹമാണ്. അത്കൊണ്ട് ഇന്നത്തെ ജനതയുടെ വിശപ്പ് ശമിക്കണമെന്നില്ല. കഴിഞ്ഞ വർഷത്തെ വർഷ

ജലത്തിന് ഈ വർഷത്തെ വരൾച്ചയിൽ നിന്നും കൃഷിയെ രക്ഷിപ്പാൻ സാധ്യമല്ലല്ലോ? കാരുണ്യവാനായ ദൈവം അവന്റെ മക്കളുടെ വിശപ്പടക്കാൻ വേണ്ടി നടത്തുന്ന പ്രാർത്ഥന അവഗണിക്കില്ല. വളരെ മനോഹരമായി യേശു ഇത് വിവരിക്കുന്നു.

**'അപ്പം ചോദിക്കുന്ന മകനു കല്ലുകൊടുക്കുന്ന ആരെങ്കിലും നിങ്ങളുടെ കൂട്ടത്തിലുണ്ടോ? അതുപോലെ മകൻ മീൻ ചോദിച്ചാൽ ആരാനും സർപ്പത്തെകൊടുക്കുമോ? മക്കൾക്ക് നല്ല ദാനങ്ങൾ കൊടുക്കണമെന്ന് ദുഷ്ടരായ നിങ്ങൾക്ക് പോലും അറിയാമെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോട് ചോദിക്കുന്നവർക്ക് എത്രയോ അധികം നല്ലവ നൽകും. (മത്താ. 7:9–12)**

യേശു മുന്തിരിത്തോട്ടത്തിന്റെ ഉടമയുടെ കഥ എന്ന പേരിൽ മഹത്തായ ഒരു ഉപമാകഥ ബൈബിളിൽ വിവരിക്കുന്നു (മത്താ 21, മാർക്കോസ് 12, ലൂക്കോസ് 20).

ഈ കഥയിൽ ഒരു മുന്തിരിത്തോട്ടത്തിന്റെ ഉടമ തോട്ടം സ്ഥാപിച്ച് അത് കുടിയാന്മാരെ ഏല്പിച്ച് മറ്റൊരു നാട്ടിലേക്ക് പോയി കൊയ്ത്ത് അടുത്തപ്പോൾ തോട്ടത്തിന്റെ ഉടമ തന്റെ ഭൃത്യന്മാരെ മുന്തിരിപ്പഴങ്ങൾ ശേഖരിക്കാൻ അയച്ചു. പക്ഷേ കുടിയാന്മാർ ഉടമ അയച്ച ഭൃത്യന്മാരെ അടിച്ചുകൊല്ലുകയും മറ്റയാളെ അടിക്കുകയും ചെയ്തു. അവസാനം ഉടമ തന്റെ മകനെ അയച്ചു. അയാളെയും കുടിയാന്മാർ കൊന്നുകളഞ്ഞു. ഇത്തരമൊരവസ്ഥയിൽ തോട്ടത്തിന്റെ ഉടമ ആ കുടിയാന്മാരോടു എങ്ങനെയായിരിക്കും പെരുമാറുക എന്ന് യേശു ചോദിക്കുന്നു? അപ്പോൾ ശിഷ്യന്മാർ പറഞ്ഞ ഉത്തരം 'അയാൾ (തോട്ടമുടമ) ആ നികൃഷ്ടരെ നികൃഷ്ടമാംവിധം വധിക്കും. യഥാകാലം വിള നൽകുന്ന കുടിയാന്മാർക്ക് ഏല്പിച്ചു കൊടുക്കും.'

## തള്ളിക്കളഞ്ഞ മൂലക്കല്ല്

**പിന്നീട് യേശു മറ്റൊരു ഉപമ പറയുന്നു. 'നിങ്ങൾ ഇത് വിശുദ്ധ ലിഖിതത്തിൽ വായിച്ചിട്ടില്ലേ. പണിക്കാർ തള്ളിക്കളഞ്ഞ കല്ലു തന്നെ മൂലക്കല്ലായിതീർന്നത്. ഇത് ദൈവത്തിന്റെ പ്രവർത്തിയാണ്, നമ്മുടെ ദൃഷ്ടിയിൽ വിസ്മയകരവും'' അതിനാൽ ഞാൻ നിങ്ങളോട് പറയുന്നു. ദൈവരാജ്യം നിങ്ങളിൽ നിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതയ്ക്കു നൽകും' (മത്തായി 21: 42–44)**

ഈ കൊച്ചുകഥ യേശുവിനെ ക്രൂശിക്കാൻ ശ്രമിച്ച യഹൂദികളുടെ വിധിയെപറ്റി സൂചിപ്പിക്കുന്നു. അവർ ഒന്നിനു പിറകെ ഒന്നായി പ്രവാചകന്മാരെ നിഷേധിച്ചു. അവസാനം അവരുടെ അക്രമം പുത്രൻ എന്ന് വിശേഷിപ്പിക്കപ്പെട്ട യേശുവിന്റെ നേരെ തിരിഞ്ഞു. അതായത് യേശു വിവരിച്ചത് ദൈവത്തിന്റെ ക്രോധം ആ യഹൂദജനതയിലേക്ക് തിളച്ചുപൊങ്ങി എന്നാണ്. അവന്റെ ദൈവരാജ്യവും പ്രവാചകത്വത്തിന്റെ അനുഗ്രഹവും അവരിൽ നിന്ന് എടുത്തുമാറ്റി മറ്റൊരു ജനതക്ക് നൽകുകയും ചെയ്തു. ഏതാണ് ഈ ജനത? തിന്മ പ്രവർത്തിച്ച യഹൂദരിൽ നിന്നും ആ അനുഗ്രഹം എടുത്ത് മാറ്റി നൽകിയ മറ്റൊരു ജനതയേതാണ്?

ഇവിടെ പറഞ്ഞ ജനത എബ്രഹാമിന്റെ മകനായ ഇസ്മായേലിന്റെ പിന്തുടർച്ചക്കാരായ ജനതയല്ലാതെ മറ്റാരുമല്ല. അദ്ദേഹം വീട്ടിൽ നിന്നും പുറത്ത് പോയ ആളായിരുന്നു. അതായത് പണിക്കാർ നുള്ളിക്കളഞ്ഞ മൂലക്കല്ല് ആയിരുന്നു. ദൈവം ഇസ്മാഈലിനെക്കുറിച്ച് പറയുന്നു: **'ഞാൻ അവനെ വലിയ ഒരു ജനതയാക്കും' അനന്തരം ദൈവം അവളുടെ കണ്ണ് തുറന്നു. അവൾ ഒരു നീരുറവ കണ്ടു അവൾ ചെന്നു തുരത്തിയിൽ വെള്ളം നിറച്ച് പുത്രനു കുടിക്കാൻ കൊടുത്തു.** (21:18, 19). വീണ്ടും അവന്റെ പിതാവ് അബ്രാഹാമിനോട് : 'നീ എന്റെ വാക്ക് അനുസരിച്ചതിനാൽ നിന്റെ സന്തതികളിലൂടെ ഭൂമിയിലെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും (മത്താ 22:18, അപ്പോ പ്രവ. 3:25, ഗലാതിയർ 3:8–9).

ദൈവത്തിന്റെ രാജ്യം ഒരു ജനതയിൽ നിന്നും മറ്റൊരു ജനതയിലേക്ക് മാറ്റിയതിനെപറ്റി ബൈബിൾ ഉല്പത്തിയിൽ വ്യക്തമായ മറ്റൊരു തെളിവ് പറയുന്നു: 'അവർ പറഞ്ഞതെല്ലാം ശരി തന്നെ. നിന്നെപോലെ (മോസസ്) ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്നും

---

ദൈവത്തിന്റെ രാജ്യം ഒരു ജനതയിൽ നിന്നും മറ്റൊരു ജനതയിലേക്ക് മാറ്റിയതിനെപറ്റി ബൈബിൾ ഉല്പത്തിയിൽ വ്യക്തമായ മറ്റൊരു തെളിവ് പറയുന്നു: 'അവർ പറഞ്ഞതെല്ലാം ശരി തന്നെ. നിന്നെപോലെ (മോസസ്) ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്നും അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അയാൾ അവരോട് സംസാരിക്കും. അയാൾ എന്റെ നാമത്തിൽ ഉച്ചരിക്കുന്നു. എന്റെ വാക്കുകൾ ചെവി കൊള്ളാത്തവനോട് ഞാൻ തന്നെ കണക്ക് ചോദിക്കും. എന്റെ നാമത്തിൽ സംസാരിക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടില്ലാത്ത ഒരു വാക്കെങ്കിലും സം സാരിക്കാൻ മുതിരുകയോ, മറ്റു ദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരിക്കും" (ആവ 18:18 –20)

അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അയാൾ അവരോട് സംസാരിക്കും. അയാൾ എന്റെ നാമത്തിൽ ഉച്ചരിക്കുന്നു. എന്റെ വാക്കുകൾ ചെവി കൊള്ളാത്തവനോട് ഞാൻ തന്നെ കണക്ക് ചോദിക്കും. എന്റെ നാമത്തിൽ സംസാരിക്കാൻ ഞാൻ ആജ്ഞാപിച്ചിട്ടില്ലാത്ത ഒരു വാക്കെങ്കിലും സംസാരിക്കാൻ മുതിരുകയോ, മറ്റു ദേവന്മാരുടെ നാമത്തിൽ സംസാരിക്കുകയോ ചെയ്താൽ ആ പ്രവാചകൻ മരിക്കും" (ആവ 18:18-20)

ഈ ബൈബിൾ പ്രവചനമെല്ലാം മുഹമ്മദ് നബി(സ)യുടെ വരവിനാൽ പൂർത്തിയായി. യേശുവിന് ആറ് നൂറ്റാണ്ടുകൾക്ക് ശേഷമാണ് അദ്ദേഹം അറേബ്യയിൽ പ്രത്യക്ഷപ്പെട്ടത്. അദ്ദേഹം മോസസിന് സദൃശനായിരുന്നു. അദ്ദേഹം പുതിയ ന്യായപ്രമാണം കൊണ്ടുവന്നു. ഇസ്മായിലി പാരമ്പര്യത്തിൽ വന്നയാളായിരുന്നു. അബ്രഹാമിന്റെ ബീജത്തിൽ നിന്നുള്ളവനായിരുന്നു. ഇസ്രയേൽ മക്കളുടെ സഹോദരനുമായിരുന്നു.അദ്ദേഹം ഒരിക്കലും സ്വയം സംസാരിച്ചില്ല. ദൈവത്തിന്റെ വെളിപാടനുസരിച്ചായിരുന്നു സംസാരിച്ചത്. ആ ശുദ്ധവെളിപാടുകൾ രേഖപ്പെടുത്തിയ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ.

ദൈവം ഈ വചനത്തിൽ 'എന്റെ നാമത്തിൽ സംസാരിക്കുന്നവൻ' എന്നാണ് പറഞ്ഞിട്ടുള്ളത്. മുഹമ്മദ് നബി(സ)ക്ക് അവതരിച്ച വിശുദ്ധ ഖുർആനിലെ ഓരോ അധ്യായവും **'പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു'** എന്ന വചനത്തോടെയാണ് ആരംഭിക്കുന്നത്. ഈ പ്രവചനം മുഹമ്മദ് നബി(സ)യിൽ അക്ഷരംപ്രതി പൂർത്തിയാവുന്നു.

അബ്രഹാമിനോട് 'നിന്റെ സന്തതികളാൽ എല്ലാ ജനതയും അനുഗ്രഹിക്കപ്പെടും' എന്ന പ്രവചനവും മുഹമ്മദ് നബി(സ)യിലാണ് പൂർത്തിയായത്. യേശു പോലും ഇസ്രായേലിലെ കാണാതെപോയ ആട്ടിൻ ഗോത്രങ്ങളെ ഒരുമിച്ചുകൂട്ടാനാണ് വന്നത് എന്ന് പറയുന്നു. അപ്രകാരം 'അബ്രഹാമിന്റെ ബീജത്തിൽ നിന്നുള്ളവൻ' എന്ന വിശേഷണം യേശുവിന് യോജിക്കില്ല. കാരണം യേശു പിതാവില്ലാതെയാണ് ജനിച്ചത്.

**യേശുവിന്റെ പ്രവചനം**

അത് കൂടാതെ വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകൻ താനല്ല എന്ന് യേശു തന്റെ അനുയായികളോട് പറയുന്നു. **'ഇനിയും പല കാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട്.' എന്നാൽ ഇപ്പോൾ നിങ്ങൾക്ക് അത് താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും.'**

ഇവിടെ മഹാനായ ഒരു പ്രവാചകൻ 'സത്യാത്മാവ്' തീർച്ചയായും വരാനുണ്ടെന്ന് യേശു പ്രവചിക്കുന്നു. അപ്പോസ്ത പ്രവർത്തികൾ ഈ പ്രവചനം വീണ്ടും സത്യപ്പെടുത്തുന്നു. 'നിങ്ങൾ ക്കായി നിയോഗിക്കപ്പെട്ട ക്രിസ്തുവിനെ, യേശുവിനെ, അവൻ അയക്കുകയും ചെയ്യും. ആദികാലം മുതൽ തന്റെ വിശുദ്ധ പ്രവാചകരുടെ അധരങ്ങളിലൂടെ ദൈവം അരുൾ ചെയ്തവയെല്ലാം സംസ്ഥാപിതമാകുന്ന സമയം വരെ സ്വർഗ്ഗം അവനെ സ്വീകരിക്കേണ്ടതുണ്ട്. മോശെ പറഞ്ഞു: **'കർത്താവായ ദൈവം എന്നെ ഉയർത്തിയത് പോലെ നിങ്ങൾക്ക് വേണ്ടി ഒരു പ്രവാചകനെ നിങ്ങളുടെ സഹോദരനിൽ നിന്നും ഉയർത്തും. അവൻ നിങ്ങളോട് പറയുന്നതെല്ലാം നിങ്ങൾ ചെവിക്കൊള്ളണം. ആ പ്രവാചകനെ ശ്രവിക്കാത്ത ഏതൊരാളും ജനത്തിൽ നിന്ന് ഉന്മൂലനം ചെയ്യപ്പെടും.** (അപ്പോ. പ്രവ. 3:20:23).

ഈ വചനങ്ങളിൽ പറയുന്നത് അവസാനകാലത്ത് യേശുവിനെ വീണ്ടും ദൈവം അയക്കുമെന്നാണ്. പക്ഷേ ഇത് സംഭവിക്കുന്നതിന് മുമ്പായി മോസസിനാൽ പ്രവചനം ചെയ്യപ്പെട്ട പ്രവാചകൻ വരേണ്ടതുണ്ട്. അങ്ങനെയാണ് ദൈവസാമ്രാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുക. അപ്രകാരം തന്നെ സംഭവിക്കുകയും ചെയ്തു.

യേശു തനിക്ക് ശേഷം വരുന്ന പ്രവാചകനെ പറ്റി വ്യക്തമായി പ്രവചിക്കുകയും ആകാശത്ത് നിന്നുള്ള അപ്പം ലഭിക്കാൻ ഉള്ള പ്രാർത്ഥന പഠിപ്പിക്കുകയും ചെയ്തു. 'അവർക്ക് കണ്ണുണ്ട് പക്ഷേ കാണില്ല' പ്രവാചകരുടെ സത്യം കാണാൻ കൂട്ടാക്കാത്ത ദുഷ്ടാത്മാക്കളെ സംബന്ധിച്ചാണ് ഈ വചനം പറയുന്നത്.

## കള്ളപ്രവാചകന്മാരെക്കുറിച്ചുള്ള താക്കീത്

യേശു കള്ളപ്രവാചകരെ പറ്റി താക്കീത് നൽകിയിട്ടുണ്ട് അതിനർത്ഥം ഭാവിയിൽ വരുന്നവരെല്ലാം കള്ള പ്രവാചകരാണ് എന്നല്ല. വരാനിരിക്കുന്ന പ്രവാചകൻമാർക്കിടയിൽ കള്ള പ്രവാചകരുണ്ടാകും അത്കൊണ്ട് നിങ്ങൾ സത്യ പ്രവാചകരെ തിരിച്ചറിയാനുള്ള മുന്നറിയിപ്പാണ് യേശു നൽകിയത്. 'വ്യാജ പ്രവാചകരെ സൂക്ഷിച്ചുകൊള്ളൂ അവർ ആടിന്റെ വേഷത്തിൽ നിങ്ങളെ സമീപിക്കും അപ്രകാരം അവനെയും നിങ്ങൾക്ക് ഫലം കൊണ്ടു തിരിച്ചറിയാം (മത്താ 7 : 15,20)

ഇനി ഒരു പ്രവാചകനും വരാനില്ലെങ്കിൽ വ്യാജ പ്രവാചകനെകുറിച്ച് മുന്നറിപ്പ് നൽകേണ്ട യാതൊരാവശ്യവുമില്ല. ഇനി ഒരു പ്രവാചകനും വരാനില്ല എന്ന് പറഞ്ഞാൽ മാത്രം മതിയായിരുന്നു. അതിന് പകരം അദ്ദേഹം പറഞ്ഞത് **'വ്യാജ പ്രവാചകരെ സൂക്ഷിച്ചുകൊള്ളൂ അവർ ആടിന്റെ വേഷത്തിൽ വരും' എന്നാൽ അവർ അകത്ത് ദുര നിറഞ്ഞ ചെന്നായ്ക്കളാണ്. ഫലങ്ങൾകൊണ്ട് അവരെ നിങ്ങൾക്ക് തിരിച്ചറിയാം മുൾചെടി**

**യിൽ നിന്നു മുന്തിരിപ്പഴമോ ഞെരിഞ്ഞിലിൽ നിന്ന് അത്തിപ്പഴമോ ശേഖരിക്കാറുണ്ടോ? അതേ നല്ല വൃക്ഷത്തിൽ നല്ല ഫലമുണ്ടാകും. ചീത്ത വൃക്ഷങ്ങളിൽ ചീത്ത ഫലവുമുണ്ടാകും. നല്ല വൃക്ഷം ചീത്തഫലവും ചീത്ത വൃക്ഷം നല്ല ഫലവും കായ്ക്കാറില്ല. നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിലിടും. അപ്രകാരം അവരെയും നിങ്ങൾക്ക് ഫലം കൊണ്ട് തിരിച്ചറിയാം** (മത്താ : 15 – 20) ഈയൊരു മാനദണ്ഡം വെച്ച് കൊണ്ട് മുഹമ്മദ് നബി(സ)യുടെ സത്യത പരിശോധിക്കാം. അദ്ദേഹത്തെ മക്കയിൽ നിന്ന് പുറത്താക്കിയതിനാൽ പിന്നെ ഏതാനും വർഷങ്ങൾക്ക് ശേഷം പതിനായിരം അനുയായികളുമായി മക്കയിൽ തിരിച്ചെത്തി. പാറാൻ താഴ് വരയിലൂടെയാണ് അദ്ദേഹം വന്നത്. ഇത് മോസസിന്റെ മറ്റൊരു പ്രവചനത്തിന്റെ പൂർത്തികരണമാണ്. (കർത്താവും സീനായിൽ വന്നു. സേയിറിൽ വെച്ച് നമ്മുടെ മേൽ ഉദിച്ചു. പാറാൻ പർവ്വതത്തിൽ അവൻ പ്രകാശിച്ചു. (ആവർത്തനം: 33 :2)

വിശുദ്ധപ്രവാചകൻ മുഹമ്മദ്നബി(സ) പ്രകൃതി സാധാരണമാംവിധം ദിവംഗതനായി. അതിന് ശേഷം അദ്ദേഹത്തിന്റെ സന്ദേശം ലോകം മുഴുവൻ അനുയായികൾ പ്രചരിപ്പിച്ചു. അതായിരുന്നു പടിഞ്ഞാറ് ദേശത്ത് തിളങ്ങിയ മുഹമ്മദി(സ)ന്റെ വെളിച്ചം. ആ വെളിച്ചമാണ് യൂറോപ്പിനെ ഇരുണ്ട കാലഘട്ടത്തിൽ നിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവന്നത്. ഈ കാലത്തും മുഹമ്മദ്നബി (സ)യുടെ അനുയായികൾ അനുദിനം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു. ലോകത്തിലെ എല്ലാ കോണുകളിലും വ്യാപിക്കുന്നു. വ്യാജ പ്രവാചകന്മാരെ ദൈവം നശിപ്പിക്കുമെന്ന് പ്രവചനമുണ്ടെങ്കിൽ മുഹമ്മദ്നബി(സ)ക്ക് എന്ത്കൊണ്ട് ഇത്ര വലിയ വിജയമുണ്ടായി?

## ക്രിസ്തീയ സഹോദരങ്ങൾ മുഹമ്മദ് നബി(സ)യെ തിരിച്ചറിയുക

മോസസിനു സദൃശനായി വന്ന മുഹമ്മദ് നബി(സ)യെ അംഗീകരിക്കാൻ ഞങ്ങൾ ഞങ്ങളുടെ പ്രിയപ്പെട്ട ക്രിസ്തീയ സഹോദരന്മാരെ ക്ഷണിക്കുകയാണ്. അദ്ദേഹമാണ് മനുഷ്യവംശത്തിന് ആകമാനം വാഗ്ദാനം ചെയ്യപ്പെട്ട പ്രവാചകൻ: അദ്ദേഹത്തെ 'സമാധാനത്തിന്റെ രാജകുമാരൻ' 'നിത്യനായ പിതാവ്, ആശ്വാസ പ്രദൻ, സത്യത്തിന്റെ ആത്മാവ്, പ്രവാചകന്മാരുടെ മുദ്ര എന്നി അഭിധാനങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്.

വിശുദ്ധഖുർആനിൽ വിശ്വസിക്കൽ ക്രിസ്ത്യാനികളുടെ മതപരമായ ധർമ്മമാണ്. മുഹമ്മദിന് (സ) ദൈവത്തിൽ നിന്ന് വെളിപ്പെട്ട ഈ വിശുദ്ധഗ്രന്ഥം എല്ലാ തിരുവെഴുത്തുകളിലും പ്രവചിക്കപ്പെട്ട സത്യങ്ങളുടെ സംക്ഷേപമാണ്. എല്ലാ ലൗകികവും ആത്മീയവുമായ പ്രശ്നങ്ങൾക്കും ഇതിൽ പൂർണമായ പരിഹാരമുണ്ട് അതിൽ ശാശ്വതശാന്തിക്കുള്ള വഴികളുണ്ട്. ഉത്തരമില്ലാത്ത പ്രശ്നങ്ങൾക്ക് അതിൽ പരിഹാരമുണ്ട്. ഇതിനെല്ലാറ്റിനുമുപരിയായി ലളിതവും എളുപ്പവുമായ ജിവിതസംഹിതയായതുകൊണ്ട് ഈ മതം അനായാസം ആചരിക്കാം. നിങ്ങളുടെ ജീവിതത്തിലെ എല്ലാ പ്രതിബന്ധങ്ങളും ദൈവസഹായത്താൽ പരിഹരിക്കപ്പെടും. യാതൊരുവിധ മന:ശാസ്ത്ര ചികിത്സകൊണ്ടും സാന്ത്വനം കൊണ്ടും പുനഃരുജീവിപ്പിക്കാൻ കഴിയാതെ മരിച്ചുപോയ ആത്മാവിനെ പുനരുജീവിപ്പിക്കാൻ ഈ സ്വർഗ്ഗീയ സത്യത്തിന് സാധ്യമാണ്.

ഇതിന് വേണ്ടിയാണ് നിങ്ങൾ പ്രാർത്ഥിക്കേണ്ടത്. തീർച്ചയായും നിങ്ങളുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകപ്പെടും. വരിക ദൈവത്തിന് വേണ്ടി നിങ്ങൾ സ്വയം സമർപ്പിതരാവുക. വാഗ്ദാനം ചെയ്യപ്പെട്ട ആ പുണ്യാത്മാവ് ആഗതനായിരിക്കുന്നു. അദ്ദേഹത്തിൽ വിശ്വസിച്ചുകൊണ്ട് ദൈവരാജ്യത്തിൽ അണിചേരുക.

മറ്റൊരു ദിവ്യപുരുഷന്റെ ഗമനംകൂടി യേശു പ്രവചിച്ചിട്ടുണ്ട്. മുഹമ്മദ് നബി(സ)യുടെ തന്നെ രണ്ടാം വരവ്. എല്ലാ അടയാളങ്ങളുടെ പൂർത്തീകരണത്തിന്റെ നിറവിൽ മുഹമ്മദ്നബി (സ)യുടെ അവതരണത്തിന് ശേഷമാണ് അത് സംഭവിക്കുക. മുഹമ്മദ് നബി (സ)യെ വിശ്വസിക്കാതെ അദ്ദേഹത്തിന്റെ രണ്ടാം വരവിൽ അവതരിക്കുന്ന മഹാത്മാവിനെ നിങ്ങൾക്ക് തിരിച്ചറിയാൻ സാധ്യമല്ല. പ്രവചനങ്ങളുടെ ഭാഷയും പ്രതീകങ്ങളുടെ അർത്ഥവും നാം മനസിലാക്കേണ്ടതുണ്ട്. യേശു രണ്ടാമതും നിങ്ങളുടെ കൺ മുന്നിൽ വന്നണയുകയും തിരോഭവിക്കുകയും ചെയ്തിരിക്കുന്നു. 'രാത്രി വന്ന കള്ളനെപ്പോലെ! അദ്ദേഹം ഇരുപതാം ആണ്ടിൽ ആഗതനായി. കഷ്ടം നിങ്ങൾക്ക് അദ്ദേഹത്തെ തിരിച്ചറിയാനായില്ല.

ഇന്ത്യയിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) യേശുവിന്റെ സാമ്യതയിലും സാദൃശ്യത്തിലും ആഗതനായി. യേശുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച സകല പ്രവചനങ്ങളും അദ്ദേഹത്തിൽ പൂർത്തിയായി. അദ്ദേഹം സകല മനുഷ്യർക്കും തന്റെ യജമാനനായ മുഹമ്മദ് നബി (സ)യുടെ സന്ദേശം നല്കി. ഒരിക്കൽ കൂടി ദൈവത്തിന്റെ മുഖം കാണുമാറാകുകയും, ദൈവത്തിന്റെ ശബ്ദം കേൾക്കുമാറാകുകയും ചെയ്തു. നിങ്ങൾ അത്യധികം പ്രത്യാശയോടെയും വൈകാരികാവേശത്തോടും പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്ന അപ്പം ഒരിക്കൽ കൂടി നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. നിങ്ങൾ സന്തോഷിക്കുക. നിങ്ങളുടെ പ്രാർത്ഥനകൾ നിങ്ങൾ അറിഞ്ഞോ അറിയാതെയോ സഫലമായ ഈ മുഹൂർത്തം തിരിച്ചറിയുക – ഇതാ ദൈവരാജ്യം സമാഗതമായി. നിങ്ങൾക്കും നിങ്ങളുടെ അപ്പത്തിന്റെ പങ്ക്പറ്റാം.

# സർ ഐസക് ന്യൂട്ടൻ ഏകദൈവ വിശ്വാസിയായ ശാസ്ത്രപ്രതിഭ

ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന സർ ഐസക് ന്യൂട്ടൻ സമഗ്രമായ പ്രകൃതി നിയമങ്ങളിൽ ദൈവത്തെ ദർശിക്കുകയും ദൈവത്തിന്റെ ഏകത്വത്തിൽ വിശ്വസിക്കുകയും ചെയ്ത മഹാനായ ശാസ്ത്ര പ്രതിഭയാണ്. *വിവ: താരീഖ് അലനല്ലൂർ.*

**ഡോ. ഫസൽ മാലിക്ക്**

1664 ലെ ശീതകാലത്ത് ആകാശത്ത് പ്രത്യക്ഷപ്പെട്ട ധൂമകേതു ഐസക്ക് ന്യൂട്ടൻ എന്ന ഇരുപത്തിരണ്ടുകാരനായ യുവാവിൽ ഉണർത്തിയ അത്ഭുതം ചെറുതായിരുന്നില്ല. ആകാശത്തേയും ആകാശഗോളങ്ങളെയും കുറിച്ചുള്ള ആകാംക്ഷ ഭക്ഷണത്തേക്കളും ഉറക്കത്തെക്കാളുമെല്ലാം അവന് വലുതായിരുന്നു. ഇംഗ്ലണ്ടിലെ വൂൾസ് സ്ട്രോപ്പിലെ ഒരു ഗ്രാമത്തിൽ വളർന്ന ന്യൂട്ടനെ യന്ത്രങ്ങളും അവയുടെ പ്രവർത്തനങ്ങളുമെല്ലാം വളരെയധികം സ്വാധീനിച്ചു. കളിച്ചു നടക്കേണ്ട പ്രായത്തിൽ സൂര്യജലഘടികാരങ്ങളും കാറ്റാടിയന്ത്രങ്ങളുമെല്ലാം നിർമ്മിക്കുന്നതിനായിരുന്നു ഐസക്ക് ന്യൂട്ടന് താൽപര്യം. ആകാശഗോളങ്ങളുടെയും നക്ഷത്രങ്ങളുടെയുമെല്ലാം സഞ്ചാരപഥം നിശ്ചയിക്കാനായിരുന്നു തന്റെ കൂടുതൽ സമയവും ന്യൂട്ടൻ വിനിയോഗിച്ചിരുന്നത്. തന്റെ നിരീക്ഷണങ്ങളെ വീട്ടു മുറ്റത്ത് നിർമ്മിച്ച ഒരു



ഘടികാരത്തിൽ അദ്ദേഹം അടയാളപ്പെടുത്തുകയും ഒടുവിൽ കാലനിർണ്ണയത്തിന് ഒരു ഗ്രാമം മുഴുവൻ അതിനെ ആശ്രയിക്കുകയും ചെയ്തു. അതിന് ഐസക്ക് ഡയൽ എന്ന് പേര് വരികയും ചെയ്തു.

ശാസ്ത്രത്തോട് അടുത്ത് നിൽക്കുന്നവരെല്ലാം ദൈവവിശ്വാസത്തെ പരിഹസിച്ചിരുന്ന ആ കാലഘട്ടത്തിൽ ന്യൂട്ടൻ ഏകദൈവ വിശ്വാസം പുലർത്തിപ്പോന്നിരുന്നു എന്നത് അതിശയകരമാണ്. അസാധാരണനായ ഒരു ഗണിതജ്ഞൻ എന്ന നിലക്കും ശാസ്ത്രജ്ഞൻ എന്ന നിലക്കും സ്രഷ്ടാവിനെ അന്വേഷിച്ചു കൊണ്ടിരുന്ന ന്യൂട്ടൻ ദൈവത്തെ അവന്റെ പ്രവർത്തനത്തിലൂടെയും പ്രപഞ്ചത്തെ ചൂഴ്ന്ന് നിൽക്കുന്ന ഏകതാനതയിലും ഒരേയൊരു ശക്തിയുടെ അസ്തിത്വം നോക്കിക്കാണുകയും എല്ലാം അതിൽ ഉള്ളടങ്ങിയതായി മനസ്സിലാക്കുകയും ചെയ്തു. ജീവിതത്തിലുടനീളം അദ്ദേഹം ബൈബിൾ പഠിക്കുകയും അതിലടങ്ങിയ തത്വങ്ങളെപറ്റി എഴുതുകയും ചെയ്തു. എന്നാൽ പരസ്യമായി ദൈവത്തിന്റെ ഏകത്വത്തെ പിന്തുണക്കാനും ത്രിത്വത്തെ തള്ളിക്കളയാനുമുള്ള ഉത്തമബോധ്യം അദ്ദേഹത്തിന്ന് വന്നിട്ടില്ലായിരുന്നു. ക്രമേണ ശാസ്ത്രത്തിലൂടെയുള്ള തന്റെ ദൈവത്തിലുള്ള വിശ്വാസം അദ്ദേഹം തന്റെ ആദ്യഗ്രന്ഥമായ പ്രിൻസിപ്പിയ (Principia) യിലും തുടർന്നെഴുതിയ ഓപ്ടിക്സിലും (Opticks) രേഖപ്പെടുത്തി. ഒരിക്കൽ ആയത്തുൽ ഖുർസിയുടെ വ്യാഖ്യാനം നൽകു

മ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഹ് (റഹ്) ഇപ്രകാരം പറയുകയുണ്ടായി. ചില ശാസ്ത്ര ജ്ഞന്മാർ ദൈവത്തിൽ നിന്നകലു ന്നു. എന്നാൽ ന്യൂട്ടൻ ദൈവിക പ്രകാശം അന്വേഷിച്ചു എന്ന് മാത്രമല്ല, അത് കണ്ടെത്തുകയും ചെയ്തു. ശാസ്ത്രജ്ഞന്മാരെ വലിയുള്ളാഹ് (അല്ലാഹുവിന്റെ സുഹൃത്ത്) എന്ന് വിശേഷിപ്പി ക്കാൻ സാധിക്കുമായിരുന്നെങ്കിൽ ആ പദവിക്ക് ന്യൂട്ടൻ അർഹമായേ നെ എന്ന് അദ്ദേഹം പറയുകയുണ്ടാ യി.

ദാഹിക്കുന്ന ഒരുവൻ വെള്ളം അന്വേഷിക്കുന്ന തിടുക്ക ത്തോടെ ന്യൂട്ടൻ ബൈബിളിലെ ഓരോ വാക്യങ്ങളും ഇഴ കീറി പരിശോധിക്കുകയും അതിനെയെ ല്ലാം ചോദ്യം ചെയ്യുകയും ചെയ്തു. ത്രിത്വ സങ്കൽപ്പത്തെ യുക്തി ഉപയോഗിച്ച് അദ്ദേഹം അന്വേഷി ക്കുകയും ആ തത്വത്തെ ധൈര്യ പൂർവ്വം തിരസ്ക്കരിക്കുകയും ചെയ്തു. ദൈവത്തിനും മനുഷ്യ നുമിടക്ക് മധ്യസ്ഥനായി മനുഷ്യ നായി യേശു മാത്രമേയുള്ളൂ എന്ന് അദ്ദേഹം അടിയുറച്ച് വിശ്വസിച്ചു.

വലിയ ആകാംക്ഷയോടെ യാണ് അദ്ദേഹം പ്രകൃതിയേയും ദൈവത്തേയും പരിശോധിക്കുക യും ദൈവത്തിന്റെ ദിവ്യശക്തിയെ തിരിച്ചറിയുകയും ആത്മാവിന്റെ അനശ്വരതയെ ചോദ്യം ചെയ്യുക യും ചെയ്തത്. തന്റെ കാം ബ്രിഡ്ജിലെ ബിരുദ പഠന കാലത്ത് ഐസക്ക് ന്യൂട്ടൻ എഴുതിയ കുറിപ്പുകൾ അദ്ദേഹത്തിന്റെ മരണ ശേഷം 'ക്വാണ്ടം ഫിലോഫസിയെ സംബന്ധിച്ച ചില ചോദ്യങ്ങൾ' (Question of quandom Philosophiae) എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹത്തിന് അതീവ താൽപര്യമു ണ്ടായിരുന്ന ദൈവം, സമയം, ചലനം, ഗുരുത്വം പോലെയുള്ള പല വിഷയൾക്കെതിരെയുള്ളതായിരുന്നു ഈ ഗ്രന്ഥം.

1660 കളുടെ ആദ്യത്തിൽ അദ്ദേഹത്തിന് ഇരുപത് വയസ്സ് പ്രായമുള്ളപ്പോൾ തന്റെ മനസ്സിൽ രൂപപെട്ട ചോദ്യങ്ങളാണ് അദ്ദേഹ ത്തിന്റെ പിന്നീടുള്ള എല്ലാ കണ്ടു പിടുത്തങ്ങൾക്കും അടിത്തറയിട്ടത്. 1687 ലാണ് ഭൗതിക ശാസ്ത്രത്തിന്റെ പുതിയ ഒരു കാലഘട്ടത്തിന് തുടക്കം കുറിച്ച ന്യൂട്ടന്റെ മുഖ്യ കൃതി ദ മാത്തമെറ്റിക്കൽ പ്രിൻസിപ്പി ൾ ഓഫ് നാച്വറൽ ഫിലോസഫി (The Mathametical Principle of Natural Philosophy) പ്രസിദ്ധീകരി ച്ചത്. തുടർന്ന് വന്ന രണ്ട് ദശാബ്ദ ങ്ങൾ ന്യൂട്ടൻ ഗോളവ്യവസ്ഥയെ സംബന്ധിച്ചും ഗുരുത്വബലം എല്ലാ വസ്തുക്കളിലും എങ്ങനെ തുല്യമായി പ്രവർത്തിക്കുന്നു എന്നുമുള്ള പഠനത്തിലും മുഴുകി യിരുന്നു. പല സമയത്തും അദ്ദേഹ ത്തിന് തന്റെ ശ്രദ്ധ പ്രകാശിക (ഓപ്ടിക്സിൽ)ത്തിലേക്ക് തിരിക്കാനുള്ള സന്ദർഭങ്ങളുണ്ടാവു കയും അത് സംബന്ധിച്ച പ്രഭാഷ ണങ്ങൾ നടത്തുക പോലും ചെയ്തുവെങ്കിലും പെട്ടെന്ന് തന്നെ ഗുരുത്വ പഠനത്തിലേക്ക് തന്നെ മടങ്ങിയെത്തുകയായിരുന്നു.

ആദ്യം പ്രകൃതിയെ കണ്ടെ ത്തുക അതു വഴി സത്യത്തിലേക്ക് എത്തിച്ചേരുകയും ചെയ്യുക എന്ന തത്വമായിരുന്നു ന്യൂട്ടൻ ജീവിതത്തിലുടനീളം അന്വേഷിച്ചത്. ഈ അടിസ്ഥാന തത്ത്വം പറഞ്ഞുകൊണ്ടാണ് അദ്ദേഹം തന്റെ 'പ്രിൻസിപ്പിയ' എന്ന ഗ്രന്ഥം ആരംഭിക്കുന്നത്. ഇതിനെ തുടർന്നു വരുന്ന വിഷയങ്ങൾ മൂന്ന് ഭാഗങ്ങളാക്കുകയും അവയെല്ലാം ഓരോ ഗ്രന്ഥങ്ങളാക്കുകയും ചെയ്തിരിക്കുന്നു. വസ്തുക്കളുടെ ചലനത്തെക്കുറിച്ച് പഠിക്കുകയും പിണ്ഡം (Mass) ബലം (Force) ആക്കം (Momentem) തുടങ്ങി യവയെ വിശദീകരിക്കുകയും തന്റെ മൂന്ന് ചലന നിയമങ്ങൾ പ്രസ്താവിക്കുകയുമാണ് ആദ്യ രണ്ട് ഗ്രന്ഥങ്ങളിൽ. ഗുരുത്വാകർഷ ണ സിദ്ധാന്തത്തിന് തെളിവുകൾ നൽകാനും അതിനെ സമർത്ഥി ക്കാനുമാണ് മൂന്നാമത്തെ ഗ്രന്ഥം ഉപയോഗിച്ചിരുന്നത്. ഐസക്ക് ന്യൂട്ടന്റെ പ്രിൻസിപ്പിയ എന്ന പുസ്തകത്തിന് ശാസ്ത്രീയ ലോകത്ത് വലിയ സ്വീകാര്യത ലഭിച്ചു. പക്ഷേ ജർമൻ ഗണിത ശാസ്ത്രജ്ഞനായിരുന്ന ലബ്നീസ് ഉൾപ്പെടെ അക്കാലത്ത് ജീവിച്ചിരു ന്ന പല ഗണിത ശാസ്ത്രജ്ഞ ന്മാരും ന്യൂട്ടനോട് വിയോജിച്ചിരു ന്നു. എന്നിരുന്നാലും പ്രിൻസിപ്പിയ യിൽ പറയപ്പെട്ട എല്ലാ കാര്യങ്ങളും ഗവേഷണങ്ങളുമെല്ലാം തള്ളികള യുക അസാദ്ധ്യമായിരുന്നു. അത്കൊണ്ട് തന്നെ അദ്ദേഹത്തിന്റെ കീർത്തി യൂറോപ്പിൽ മുഴുവൻ ക്ഷണനേരം കൊണ്ട് വളർന്നു. ഒരു ദശാബ്ദം കൊണ്ട് തന്നെ പ്രിൻസിപ്പിയയുടെ പ്രാധാന്യത്തെ പറ്റി ലാപ്ലെസ് എന്ന ഫ്രഞ്ച് ഗണിതശാസ്ത്രജ്ഞൻ വിസ്മയ ത്തോടെ ഇപ്രകാരം എഴുതി: ഈ പ്രപഞ്ചത്തിലെ എല്ലാ കണത്തിന്റെ സ്ഥാനവും വേഗതയും ഗണിക്കുക യും അതിന്മേൽ പ്രയോഗിക്ക പ്പെടുന്ന ബലവും കണക്ക് കൂട്ടി നിർണ്ണയിക്കുകയും ചെയ്യുകയാ ണെങ്കിൽ ന്യൂട്ടന്റെ നിയമങ്ങൾ പ്രയോഗിച്ച് ഈ പ്രപഞ്ചത്തിന്റെ ഭൂതവും ഭാവിയും അറിയാൻ എളുപ്പമാണ്.

ഐൻസ്റ്റീൻ കാലഘട്ടം വരെ ഭൗതിക ശാസ്ത്രത്തിന്റെ അടിസ്ഥാന ശിലയായി നില കൊണ്ടിരുന്നത് പ്രിൻസിപ്പിയായി രുന്നുവെന്ന് പറഞ്ഞാലും അത് ഒരിക്കലും അതിശയോക്തിയാവില്ല. കാരണം മുഴുപ്രപഞ്ചത്തേയും ക്കുറിച്ച് മനസ്സിലാക്കാൻ അത് തന്നെ ധാരാളമായിരുന്നു. തിരമാല കളുടെ ചലനവും, ഗോളങ്ങളുടെ സഞ്ചാര പഥങ്ങളുമുൾപ്പെടെ എല്ലാ ന്യൂട്ടോണിയൻ നിയമങ്ങൾക്ക് വി ധേയമായിരുന്നു.

ദൈവത്തിന്റെ പ്രവർത്തന ങ്ങൾ മനസ്സിലാക്കാൻ മാത്രമാണ് ന്യൂട്ടൻ ശ്രമിച്ചതെന്ന് പ്രിൻസിപ്പിയ എന്ന ഗ്രന്ഥം വിശകലനം ചെയ്യു

മ്പോൾ നമുക്ക് ഗ്രഹിക്കാവുന്നതാണ്. പ്രിൻസിപ്പിയ യുടെ മൂന്നാം വാല്യത്തിന്റെ ആദ്യപതിപ്പിൽ ഇങ്ങനെ പറയുന്നു. ഒരോ ഗ്രഹങ്ങളുടെയും സാന്ദ്രതക്കനുസരിച്ച് അവക്ക് ചൂട് ലഭിക്കാൻ വേണ്ടി ദൈവം ഓരോ ഗ്രഹങ്ങളെയും സൂര്യനിൽ നിന്ന് പല അകലത്തിൽ വിന്യസിച്ചിരിക്കുന്നു.

തുടർന്ന് വരുന്ന പതിപ്പുകളിൽ നിന്ന് അദ്ദേഹം ഈ ഭാഗം നീക്കം ചെയ്തു അതിന് പകരമായി ജനറൽ സ്കോളിയം (General Scholium- വിശദീകരണ ലേഖനം) എന്ന പേരിൽ ഒരു പുതിയ ഭാഗം ചേർത്താണ് ഉപസംഹരിച്ചിട്ടുള്ളത്. പ്രിൻസിപ്പിയയിലുടനീളം എല്ലാ പരീക്ഷണ നിരീക്ഷണങ്ങളും ഉപസംഹരിക്കുന്നത് ഈ സ്കോളിയം പ്രതിപാദിച്ചു കൊണ്ടാണ്. തന്റെ മതപരവും ശാസ്ത്രീയവുമായ നിലപാടുകൾക്കെല്ലാം ഒരു വിശദീകരണം നൽകുകയും അത് സംബന്ധിച്ച് ഒരു അന്തർദൃഷ്ടി ലോകത്തിന് നൽകണമെന്ന് അദ്ദേഹത്തിന് ആവശ്യമായി തോന്നിയത് കൊണ്ടാണ് അങ്ങനെ എഴുതിയത്. പ്രകൃതി ദൈവത്തിന്റെ സൃഷ്ടിയാണെന്നും അത് ദൈവത്തെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയാണെന്നും പ്രകൃതിയെ മനസ്സിലാക്കുന്നതിലൂടെ നമുക്ക് ദൈവത്തിന്റെ പ്രകൃതി യെന്താണെന്ന് മനസ്സിലാവുമെന്നും ന്യൂട്ടൻ വിശ്വസിച്ചിരുന്നു.

സൗരയൂഥത്തിന്റെ അത്ഭുതം ചർച്ചചെയ്യുമ്പോൾ അദ്ദേഹം ഏകദൈവത്തിന്റെ മഹത്വം ചർച്ച ചെയ്യുന്നു. അല്ലാഹുവിന്റെ സൃഷ്ടിക്രമത്തിൽ ഒരു ക്രമക്കേടും നിനക്ക് കാണാൻ സാദ്ധ്യമല്ല. (6:4) എന്ന ഖുർആനിക വചനത്തിന്റെ യഥാർത്ഥ പ്രതിഫലനമാണ് ജനറൽ സ്കോളിയം.

ഐസക്ക് ന്യൂട്ടൻ ഇപ്രകാരം എഴുതുന്നു: 'സൂര്യനും ഗ്രഹങ്ങളും ധൂമകേതുക്കളുമടങ്ങിയ ഈ മനോഹര സംവിധാനത്തിന് അതിശക്തനും വിവേകിയുമായ ഒരുവന്റെ കീഴിൽ മാത്രമേ നിലനിൽപ്പുള്ളൂ. അത്പോലെ തന്നെ മറ്റു പല നക്ഷത്രങ്ങളും ഇത്തരം അനേകം സംവിധാനങ്ങളുടെ കേന്ദ്രമാണെന്നിരിക്കെ അവയെ എല്ലാം നിയന്ത്രിക്കുന്നവൻ ഏകനായിരിക്കണം എന്നതാണ് യുക്തി. ഈ കേന്ദ്രത്തിൽ നിലകൊള്ളുന്ന നക്ഷത്രങ്ങളിൽ നിന്നുള്ള പ്രകാശ വികിരണവും സൂര്യനിൽ നിന്നുള്ള പ്രകാശ പ്രസരണവും ഒരു പോലെയാവുകയും ആ പ്രകാശമെല്ലാം ഒരു സംവിധാനത്തിൽ നിന്ന് മറ്റൊരു സംവിധാനത്തിലേക്ക് ഒരു പോലെ സഞ്ചരിക്കുകയും ചെയ്യുന്നു. ഗോളങ്ങളെയെല്ലാം ഒരു നിശ്ചിത അളവിൽ സ്ഥാപിക്കുകയും അവയ്ക്കിടയിലെല്ലാം ഗുരുത്വബലം നിലനിൽക്കുകയും ചെയ്യുന്നു. (പ്രപഞ്ചത്തിലെ എല്ലായിടത്തും ഏക നിയമമായിരിക്കെ ആ നിയമങ്ങൾ സൃഷ്ടിച്ചവനും ഏകനായിരിക്കണമെന്ന് താൽപര്യം)

ജനറൽ സ്കോളിയത്തിന്റെ മൂന്നാം ഖണ്ഡത്തിൽ ദൈവത്തിന്റെ ഗുണഗണങ്ങളെ അദ്ദേഹം ഇപ്രകാരം വിവരിക്കുന്നു.:

'അവന്റെ നിർവ്യാജമായ ആധിപത്യത്തിൽ നിന്ന് നമുക്ക് വ്യക്തമാവുന്നത് യഥാർത്ഥ ദൈവം ജീവിച്ചിരിക്കുന്നവനും വിവേകിയും അതിശക്തനും സമ്പൂർണ്ണനും സർവ്വജ്ഞനുമാണെന്നാണ്. അതായത് അവൻ അനശ്വരതയിൽ നിന്ന് അനശ്വരതയിലേക്കും അനന്തതയിൽ നിന്ന് അനന്തതയിലേക്കും വ്യാപിച്ചു കിടക്കുന്നു. അവനാണ് എല്ലാം നിയന്ത്രിക്കുന്നവനും എല്ലാ അറിയുന്നവനും.

ദൈവത്തെ കുറിച്ചുള്ള ഈ ചർച്ച പ്രിൻസിപ്പിയ മാത്തമറ്റിക്കയിലെ ജനറൽ സ്കോളിയത്തിൽ അദ്ദേഹം അവസാനിപ്പിച്ചിട്ടില്ല. ദ്രവ്യത്തിന്റെ സൃഷ്ടിയിൽ ദൈവത്തിന്റെ പങ്കിനെ പറ്റി അദ്ദേഹത്തിന്റെ രണ്ടാമത്തെ ഗ്രന്ഥമായ ഓപ്റ്റിക്സിൽ അദ്ദേഹം ചർച്ച ചെയ്യുന്നു. അദ്ദേഹത്തിന്റെ മരണ ശേഷം ഓപ്റ്റിക്സിലെ അദ്ദേഹത്തിന്റെ പല കുറിപ്പുകളും കണ്ടെത്തിയിരുന്നു. അതിൽ പറഞ്ഞിരിക്കുന്ന നാല് സിദ്ധാന്തങ്ങളും പ്രകാശികത്തിന്റെ ആമുഖമായിട്ടാണ് ശാസ്ത്ര ലോകം കണക്കാക്കുന്നത്. 1704 ൽ അത് പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലെ ആദ്യ സിദ്ധാന്തം തന്നെ ദൈവത്തെ സംബന്ധിക്കുന്നതായിരുന്നു. 'ദൈവത്തിന്റെ അസ്തിത്വം അഥവാ അനന്തവും അനശ്വരതയും സർവ്വജ്ഞനും സർവ്വശക്തനുമായ ഒരു ആത്മീയ സത്ത' എന്ന ഒരു ഖണ്ഡിക നിറയുന്ന ( The being of a God or Spirit Infinite, Eternal, Omniscient, Omnipotent) തലവാചകത്തിൽ അത് ആരംഭിക്കുന്നു.

നമ്മുടെ ഈ ലേഖനത്തിൽ ചർച്ചചെയ്യപ്പെടുന്ന ഈ മൂന്ന് ഗ്രന്ഥങ്ങൾ മാത്രം പരിശോധിക്കുമ്പോൾ തന്നെ നമുക്ക് അദ്ദേഹത്തിന്റെ അചഞ്ചലമായ ദൈവ വിശ്വാസത്തെ സാക്ഷ്യപ്പെടുത്താൻ സാധിക്കും. കാരണം അവ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ മൂന്ന് കാലഘട്ടങ്ങളിൽ എഴുതപ്പെട്ടവയാണ്. 1660 ലെ ചില തത്വശാസ്ത്ര പരമായ ചോദ്യങ്ങൾ (Certain Philosophical Questions)എന്ന ഗ്രന്ഥം അദ്ദേഹത്തിന്റെ വിദ്യാഭ്യാസകാലത്ത് അതായത് അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആദ്യഘട്ടത്തിൽ ന്യൂട്ടൻ എഴുതിയതാണ്. അദ്ദേഹം തന്റെ ജീവിതത്തിന്റെ മധ്യകാലഘട്ടത്തിൽ അതായത് 1684 ൽ എഴുതിയ ഗ്രന്ഥമാണ് പ്രിൻസിപ്പിയ മാത്തമറ്റിക്ക. (Principia Mathematica) ജീവിതത്തിന്റെ ഏകദേശം അവസാന കാലത്താണ് (1740) ഓപ്റ്റിക്സ് എന്ന ഗ്രന്ഥം എഴുതപ്പെടുന്നത്. കാലം കഴിയുന്തോറും അദ്ദേഹത്തിന്റെ വിശ്വാസം വർദ്ധിച്ചു വന്നിരുന്നു എന്ന് പല കാലഘട്ടങ്ങളിൽ രചിക്കപ്പെട്ട

അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തന്നെ സാക്ഷ്യപ്പെടുത്തുന്നു.

മുകളിൽ നടത്തിയ ചർച്ചയിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന ഒരു ചോദ്യമിതാണ്. എന്തുകൊണ്ട് ദൈവത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ രചനകൾ അദ്ദേഹം തന്റെ ജീവിത കാലത്ത് തന്നെ പ്രസിദ്ധപ്പെടുത്തിയില്ല? ന്യൂട്ടന്റെ ദൈവത്തെ സംബന്ധിച്ചുള്ള അറിവും വിശ്വാസത്തെ സംബന്ധിച്ചുമുള്ള ധാരണകളും അദ്ദേഹത്തിന് ചുറ്റുമുള്ളവരുടെതിനെക്കാൾ അഗാധവും അതിഗഹനവുമായിരുന്നു. കാന്റർബറി ആർച്ച് ബിഷപ്പായിരുന്ന ഡോ. തോമസ് ടെന്നിസൻ (1636–1715) ന്യൂട്ടനോട് പറഞ്ഞത് ദൈവത്തെ പറ്റി ഞങ്ങളെയെല്ലാവരെക്കാളും താങ്കൾക്ക് അറിയാമെന്നാണ്.

എന്തുകൊണ്ട് ന്യൂട്ടന്റെ ജീവിതകാലഘട്ടത്തിൽ ഇതൊന്നും പറഞ്ഞില്ല എന്ന പ്രശ്നത്തിന് ആ കാലഘട്ടത്തിലെ മതരാഷ്ട്രീയ സ്ഥിതി ഗതികൾ പരിശോധിച്ചാൽ നമുക്ക് ഈ ചോദ്യത്തിന്നുള്ള ഉത്തരം ലഭിക്കും. ബൈബിളിനെ പ്രത്യേകിച്ചു ത്രിത്വസിദ്ധാന്തത്തെ ചോദ്യം ചെയ്യുന്നത് കൊടും പാപമായി അന്ന് കണക്കാക്കപ്പെട്ടിരുന്നു. അതിന് മരണ ശിക്ഷ വരെ നൽകപ്പെട്ടിരുന്നു. വളരെയധികം ഒറ്റപ്പെട്ട് ജീവിച്ചിരുന്ന ഒരു മനുഷ്യനായിരുന്നു ന്യൂട്ടൻ. അത്കൊണ്ട് തന്നെ തന്റെ മതപരവും ദൈവികവുമായ വിശ്വാസം പരസ്യപ്പെടുത്തുന്നതിൽ നിന്ന് അദ്ദേഹം വിമുഖനായിരുന്നു. അത്വഴി തന്റെ ശാസ്ത്രീയ സിദ്ധാന്തങ്ങളും പാണ്ഡിത്യവും ചോദ്യം ചെയ്യപ്പെടുമോയെന്ന് പോലും അദ്ദേഹം ഭയന്നിരുന്നു. ഇത് മനസ്സിലാക്കാൻ നമുക്ക് ന്യൂട്ടന്റെ വ്യക്തിത്വം തിരിച്ചറിയേണ്ടത് വളരെ അത്യാവശ്യമാണ്.

ആപ്പിളിന്റെ പതനത്തെ കുറിച്ച് പറയാതെ ന്യൂട്ടനെ കുറിച്ചുള്ള ചർച്ച അവസാനിപ്പിക്കാൻ സാധിക്കില്ല. തന്റെ തലയിൽ ആപ്പിൾ വീണപ്പോഴാണ് അദ്ദേഹം ഗുരുത്വ ബലത്തെ കുറിച്ച് ചിന്തിച്ച് തുടങ്ങിയത് എന്നത് വെറും കെട്ടുകഥ മാത്രമാണ്. ആപ്പിൾ മരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ന്യൂട്ടന്റെ തൊട്ടപ്പുറത്ത് വീണ ആപ്പിൾ ആണ് അദ്ദേഹത്തിൽ കൗതുകം ജനിപ്പിച്ചത് എന്ന് അദ്ദേഹത്തിന്റെ സുഹൃത്തായ വില്യം സ്റ്റക്കിലി സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യത്തെ പോലും ചിലർ അംഗീകരിക്കുന്നില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി (റ) പറഞ്ഞത് ഇപ്രകാരമാണ്.

ആപ്പിളിന്റെ പതനം അദ്ദേഹത്തെ അത്ഭുതപ്പെടുത്തിക്കാണും. എന്ത് കൊണ്ട് അത് നേരെ താഴോട്ട് വീഴുകയും ഒരു കോണിൽ സഞ്ചിക്കുകയും ചെയ്യുന്നില്ല എന്ന് അദ്ദേഹം ചിന്തിച്ചു.

ഇങ്ങനെ അസാധാരണമായ പല നേട്ടങ്ങളും ജീവിതത്തിൽ നേടിയെടുക്കാൻ എങ്ങനെ അദ്ദേഹത്തിന് സാധിച്ചു? യുക്തിവാദികൾ കൊടികുത്തിവാഴുന്ന ഇക്കാലത്ത് അദ്ദേഹത്തിന്റെ ജ്ഞാനത്തിന്റെ അടിത്തട്ടിൽ നിന്ന് പുറപ്പെട്ട ലാളിത്യത്തിന്റെ വാക്കുകൾ അത്ഭുതാവഹമായിത്തോന്നാം. അദ്ദേഹം ഇപ്രകാരം പറഞ്ഞിരുന്നു.

ലോകം എന്നെ എങ്ങനെ നോക്കിക്കാണുന്നുവെന്ന് എനിക്കറിയില്ല. കണ്ടെത്തപ്പെടാത്ത അറിവുകളുടെയും സത്യങ്ങളുടെയും സമുദ്രം എന്റെ മുന്നിൽ പരന്നു കിടക്കുന്നു. ആ സമുദ്രത്തിന്റെ മടിത്തട്ടിൽ നിന്ന് മനോഹരമായ ഒരു കല്ല് അല്ലെങ്കിൽ ചന്തമുള്ള ഒരുകക്ക പെറുക്കിയെടുത്ത് കളിക്കുന്ന ഒരു കുട്ടി മാത്രമാണ് ഞാൻ.

ശതാബ്ദങ്ങളോളം കവികളെയും തത്വചിന്തകരെയും ശാസ്ത്രജ്ഞന്മാരെയും സ്വാധീനിച്ച വിനയം നിറഞ്ഞ ഈ വാക്കുകൾ ഉത്ഭവിച്ചത് ലോകത്തിലെ തന്നെ ഏറ്റവും സമർത്ഥനായ മസ്തിഷ്ക്കത്തിന്റെ ഉടമയിൽ നിന്നാണ്. ശാസ്ത്രത്തെ അദ്ദേഹം എത്രത്തോളം മനസ്സിലാക്കിയോ അത്രതന്നെ അദ്ദേഹം സർവ്വ വ്യാപിയായ ദൈവത്തെ കുറിച്ചും ബോധവാനായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് നാലാമൻ (റഹ്) ഇപ്രകാരം എഴുതി

ദൈവം ന്യൂട്ടന് സ്വയം പ്രകടമാവുകയും 'അല്ലാഹു ഇച്ഛരിക്കുന്നത് മാത്രമേ മനുഷ്യന് അറിയുന്നുള്ളൂ' എന്ന ഖുർആനിക വാക്യം അദ്ദേഹം തന്റെ ജീവിതത്തിലുടനീളം ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തു.

ദൈവത്തെ അന്വേഷിച്ചു നടന്ന ഒരു സാധാരണ വിദ്യാർത്ഥിയായിരുന്ന സർ ഐസക്ക് ന്യൂട്ടന് ആ അന്വേഷണത്തിന്റെ പാതയിൽ വെച്ച് തന്നെ ചലന നിയമങ്ങളും ഗുരുത്വനിയമങ്ങളുമെല്ലാം ലഭിക്കുകയും അദ്ദേഹം അത് നമുക്ക് പഠിപ്പിച്ചു തരികയും ചെയ്തു. സർവജ്ഞനായ തന്റെ രക്ഷിതാവിന്റെ പാതയിൽ നിന്ന് അദ്ദേഹം ഒരിക്കൽപോലും തെന്നിമാറിയിട്ടില്ല. ഈ പ്രപഞ്ചത്തിൽ തന്റെ സ്ഥാനം മനസ്സിലാക്കുകയും ഈ ബൃഹദ് വ്യവസ്ഥയിൽ അദ്ദേഹത്തിന്റെ കണ്ടെത്തലുകളെല്ലാം വെറും കുട്ടിക്കളി മാത്രമാണെന്ന കാര്യത്തിൽ ഒട്ടും തന്നെ സംശയം വെച്ച് പുലർത്താതിരിക്കുകയും ചെയ്തതാണ് അദ്ദേഹത്തിന്റെ വിജയം. അതിശയകരമായ കാര്യമെന്തെന്നാൽ അദ്ദേഹം നമുക്ക് നൽകിയ ജ്ഞാനങ്ങൾക്ക് പുറമെ പരിഹരിക്കാൻ ഒരു സമസ്യ കൂടി നീട്ടുകയുണ്ടായി. ഗുരുത്വത്തിന്നുള്ള കാരണമെന്താണ് എന്നതാണ് ആചോദ്യം.

www.alislam.org

# വംശീയതയും ഇസ്‌ലാമും

ജനവർഗ്ഗം (Ethnic)അഥവാ വംശം (Race) ഒരു ശാസ്ത്രീയ പരികല്പനയാണെങ്കിൽ വംശീയത (Racism) അയുക്തികവും വികാരപരവുമായ ഒരു സാമൂഹിക തിന്മയും ആ തിന്മയുടെ പ്രത്യയശാസ്ത്രവത്ക്കരണവുമാണ്. വംശത്തെ ജനവർഗ്ഗം എന്ന അടിസ്ഥാനത്തിൽ ഒരു പ്രകൃതി യാഥാർത്ഥ്യമായി അംഗീകരിക്കുന്ന ഖുർആൻ വംശീയതയെ ശക്തമായി അപലപിക്കുന്നു.

**എ. എം. മുഹമ്മദ് സലീം**

ജനവർഗ്ഗങ്ങളുടെ സങ്കലനത്തിനും സമന്വയത്തിനും ദ്രുതഗതി കൈവന്നിട്ടും വംശീയതയുടെ ഭീഷണി ഒരു വൻ വിപത്തായി ആധുനിക ലോകത്ത് നിലനിൽക്കുന്നു. ഹിറ്റ്ലറുടെ ആര്യൻ വർഗ്ഗ സിദ്ധാന്തവും ജൂതന്മാരുടെ സയണിസവും ബോസ്നിയൻ മുസ്ലിംകളെ കൊന്നൊടുക്കി സെർബുകൾ നടത്തിയ എത്നിക് ക്ലൻസിംങ്ങും ഇന്ത്യയിലെ ജാതീയതയും അമേരിക്കയിലും യൂറോപ്പിലും ദക്ഷിണാഫ്രിക്കയിലും ഇപ്പോഴും നീറിപ്പുകയുന്ന നിലവിലുള്ള വർണ്ണവിവേചനവും അഫ്ഗാനിസ്ഥാനിലെയും പാകിസ്ഥാനിലേയും ഗോത്രവർഗ്ഗപ്പോരുകളും അങ്ങനെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറുന്ന സംഘർഷങ്ങളിലെല്ലാം വംശീയത എന്ന പൈശാചിക വികാരത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ തേരോട്ടങ്ങൾ കാണാം. ഇതിൽ ആര്യൻ വംശീയത രാഷ്ട്രത്തിന്റെ ദേശീയതയായി പ്രഖ്യാപിച്ച് ലോകത്തെ കിടിലം കൊള്ളിച്ച അഡോൾഫ് ഹിറ്റ്ലർ രണ്ടാം ലോക മഹായുദ്ധത്തോടെ അരങ്ങൊഴിഞ്ഞു. എന്നാൽ യഹൂദ വംശദേശീയതയിൽ രാഷ്ട്രം കെട്ടിപ്പടുത്ത ഇസ്രയേൽ അതിന്റെ ഭീകരമായ പടയോട്ടം തുടരുകയാണ്. അതുപോലെ അവസരം കിട്ടിയാൽ നരമേധങ്ങളും കൂട്ടക്കൊലകളുമായി ആളിക്കത്തുന്ന അണയാത്ത കനൽക്കട്ടകളായി ലോകത്തെമ്പാടുമുള്ള ജനവർഗ്ഗങ്ങളിൽ വംശീയത കുടികൊള്ളുന്നു എന്നതാണ് യാഥാർത്ഥ്യം.

### വംശവും വംശീയതയും

വംശവും (Race) വംശീയതയും (Racism) നാം വേർതിരിച്ച് മനസ്സിലാക്കേണ്ടതാണ്. വംശം എന്നത് ശാസ്ത്രീയമായ ഒരു പരികല്പനയാണ്. വർണ്ണം (നിറം), മുഖാകൃതി (Facial features) ശാരീരികവുമായ പ്രത്യേകതകൾ, ഭാഷ, ജനിതക ഘടന മുതലായ പാരമ്പര്യ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള ജന വിഭാഗങ്ങളെയാണ് (Race) വംശം എന്ന് പറയുന്നത്. ലോകത്തിലെ എല്ലാ ജനതകളും എന്തെങ്കിലും ഒരു വംശത്തിൽപ്പെടുന്നു. ആധുനിക നരവംശ ശാസ്ത്രം ഒരു ജനവർഗ്ഗത്തെ മറ്റൊരു ജനവർഗ്ഗത്തിൽ നിന്ന് തിരിച്ചറിയാനാണ് (വംശം) എന്ന സംജ്ഞ ഉപയോഗിക്കുന്നത്. എന്നാൽ വംശീയത (Racism) എന്നത് അശാസ്ത്രീയവും വികാരപരവുമായ ഒരു സാമൂഹിക തിന്മയാണ്. വംശമഹിമയുടെ പ്രത്യയശാസ്ത്രവത്ക്കരണമാണ് വംശീയത. താന്താങ്ങളുടെ വംശമഹിമ സ്വയം പെരുപ്പിച്ചും മറ്റുള്ള വംശങ്ങളെ ഇകഴ്ത്തിയുമുള്ള പ്രതിലോമകരമായ ഒരു സാമൂഹിക വീക്ഷണം പുലർത്തി അത് ആശയപരമായും കായികപരമായും അധികാരശക്തി കൊണ്ടും മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതാണ് വംശീയത. വംശം എന്ന യാഥാർത്ഥ്യത്തെ വംശീയ വാദികൾ വികാരപരമായ ഒരടിസ്ഥാനമാക്കിക്കണ്ട് അതിന്മേലാണ് അയുക്തികവും വൈകാരികവുമായ വംശീയവാദം കെട്ടിപ്പടുക്കുന്നത്. വംശീയതയെക്കുറിച്ചുള്ള മിഥ്യാധാരണകളും സംഘർഷങ്ങളും ഇല്ലാതാക്കാൻ 1949 ൽ നരവംശശാസ്ത്രജ്ഞന്മാരേയും, സാമൂഹ്യശാസ്ത്രജ്ഞന്മാരേയും ഉൾപ്പെടുത്തു ഐക്യരാഷ്ട്രസഭയുടെ കീഴിലുള്ള UNESCO ഒരു ചർച്ച സംഘടിപ്പിക്കുകയും 1950 ജൂലൈ 15 ന് ഒരു പ്രഖ്യാപനം നടത്തുകയുമുണ്ടായി. ലോകമഹായുദ്ധത്തിലേക്ക് നയിച്ച വംശവെറിയുടെ അടിസ്ഥാനത്തിൽ ഉയർന്നു വന്ന ആര്യൻ നാസിസത്തിന്റെ ഫലമായി ലോക മഹായുദ്ധം കഴിഞ്ഞതിന്റെ വീണ്ടു വിചാരത്തോടുകൂടിയായിരുന്നു ആ സമ്മേളനം നടന്നത്. അതിന്റെ സംക്ഷിപ്തം ഇപ്രകാരമാണ്.

*"എല്ലാ മനുഷ്യരും ഒന്നാണ്. മനുഷ്യർ തമ്മിലുള്ള വൈജാത്യങ്ങളേക്കാൾ ഏറെയാണ് അവർ തമ്മിലുള്ള യോജിപ്പുകൾ. മനുഷ്യന്റെ ശാരീരിക പ്രത്യേകതകൾക്ക് നിദാനം ഭൂമിശാസ്ത്രപരവും സാംസ്കാരികവുമായ ഒറ്റതിരിഞ്ഞുള്ള ജീവിതമാണ്. ദേശീയവും, മതപരവും ഭാഷാപരവും സാംസ്കാരികവുമായ വിഭജനങ്ങൾക്ക് വംശവുമായി യാതൊരു ബന്ധവുമില്ല. വംശം (Race) എന്നതിനേക്കാൾ ജനവർഗ്ഗം (Ethnic) എന്ന സംജ്ഞ ഉപയോഗിക്കുന്നതാണ് ഏറെ ശാസ്ത്രീയം. മനുഷ്യവർഗത്തിന്റെ മുഖ്യ വിഭജനങ്ങൾ മംഗളോയിഡുകൾ (Mangoloid Division) നീഗ്രോയിസുകൾ (Negroid Division) കാക്കസോയിഡപരമായ കഴിവുകളുടെ അടിസ്ഥാനം വംശീയമല്ല. സാംസ്കാരിക പ്രത്യേകതകൾ ജനിതകപരമല്ല. മനുഷ്യന്റെ വ്യക്തിത്വത്തിനും സ്വഭാവത്തിനും വംശവുമായി ബന്ധമില്ല. ജനവർഗ്ഗങ്ങളുടെ സങ്കലനത്തിലൂടെ തന്നെയാണ് വംശം രൂപപ്പെട്ടത്. വംശവും വംശത്തെ സംബന്ധിച്ച മിത്തും വ്യത്യസ്തമാണ് എന്നിവയാണ് ആ പ്രഖ്യാപനത്തിന്റെ സാരസംഗ്രഹം.*

ഐക്യരാഷ്ട്രസഭയുടെ സുചിന്ത്യങ്ങളായ പ്രഖ്യാപനങ്ങൾ വരുന്നതിന് ആയിരത്തി നാനൂറ് വർഷങ്ങൾക്ക് മുമ്പേ മനുഷ്യവർഗ്ഗത്തെ സംബന്ധിച്ച് ഖുർആൻ മുന്നോട്ടുവച്ച യാഥാർത്ഥ്യങ്ങൾ എത്രമാത്രം ആർജവമുള്ളതും ഹൃദയാവർജകവും നരവംശ ശാസ്ത്രത്തിനു പോലും വഴി കാണിക്കുന്നതുമാണ് എന്ന വസ്തുത നമ്മെ അത്ഭുതപ്പെടുത്തും.

**'മനുഷ്യരെ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്നും സൃഷ്ടിക്കുകയും അതിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക.' (4:2). നിശ്ചയമായും ഇത് നിങ്ങളുടെ സമുദായമാകുന്നു ഒരേയൊരു സമുദായം (21:94). 'മനുഷ്യരെ നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു. നിങ്ങൾ പരസ്പരം അറിയുന്നതിനുവേണ്ടി' (49:14) 'നിങ്ങളെ അവൻ മണ്ണിൽ നിന്ന് സൃഷ്ടിച്ചു. അപ്പോൾ നിങ്ങളതാ നാം ഭൂമിയിൽ വ്യാപിക്കുന്ന മനുഷ്യരായിത്തീർന്നിരിക്കുന്നു. ഇത് അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്. നിങ്ങൾക്ക് നിങ്ങളുടെ വർഗത്തിൽ നിന്ന് തന്നെ അവൻ ഇണകളെ സൃഷ്ടിച്ചത്. നിങ്ങളവരോട് കൂടിചേർന്ന് മനസ്സമാധാനം കൈവരുത്താൻ വേണ്ടി. എന്നിട്ട് നിങ്ങളുടെ ഇടയിൽ അവൻ സ്നേഹവും കാരുണ്യവുമുണ്ടാക്കുകയും ചെയ്തു എന്നതും (അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ്) ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. അവന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ടതാണ് ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യവും. തീർച്ചയായും അറിവുള്ളവർക്ക് അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്** (30:21-23).

മനുഷ്യവർഗ്ഗത്തിന്റെ ഏകാത്മകതയെ പറ്റിയും പൊതു ഉല്പത്തിയെ സംബന്ധിച്ചും ഊന്നിപ്പറയുന്ന വി.ഖുർആൻ, ഗോത്രം, സമൂഹം, വർണ്ണം, ഭാഷ മുതലായ ഉപദാനങ്ങൾ പ്രകൃതി നിർമ്മിച്ചതും നരവംശശാസ്ത്രപരമായി മനുഷ്യനെ കൂടുതൽ അറിയാനുള്ളതുമാണ് എന്നാണ് പറയുന്നത്. ഇതിൽ ഭാഷ എന്ന ഘടകം വംശീയമായ വർണ്ണ വിഭജനങ്ങളെ അതിവർത്തിക്കുകയും ഉദ്ഗ്രഥിക്കുകയും ചെയ്യുന്ന ഒരു ഘടകമായിത്തീരാറുണ്ട്. ഉദാഹരണത്തിന് ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന യൂറോപ്പിലേയും അമേരിക്കയിലേയും ജനവർഗ്ഗങ്ങളെ ഭാഷാപരമായി ഉദ്ഗ്രഥിക്കാൻ ഇംഗ്ലീഷ് ഭാഷക്കു കഴിഞ്ഞു. അതുപോലെ സഊദി അറേബ്യ ഏഡൻ. ഗൾഫ് രാജ്യങ്ങൾ, ജോർദ്ദാൻ, ഈജിപ്ത്, സുഡാൻ, ലിബിയ ടൂണിഷ്യ, മോറോക്കോ, അൾജീരിയ എന്നീ ആഫ്രിക്കൻ രാജ്യങ്ങളിലേയും സിറിയ, ഇറാക്ക്, ലബനോൻ എന്നീ പശ്ചിമേഷ്യൻ രാജ്യങ്ങളിലേയും വിവിധ വംശങ്ങളിൽപ്പെട്ട ജനവർഗ്ഗങ്ങളെ ഉദ്ഗ്രഥിക്കാൻ അറബി ഭാഷക്ക് സാധിച്ചു. ഇതിൽ പല ജനവർഗ്ഗങ്ങളും ഇസ്‌ലാം മതം സ്വീകരിച്ചതിനുശേഷമാണ് അറബി ഭാഷ സ്വായത്തമാക്കിയത്. ഭാഷ ഒരു ആർജിത ഗുണവും വംശാതീതവുമായി ഏതൊരു ജനവർഗ്ഗത്തിനു സ്വായത്തമാക്കാൻ കഴിയുന്നതുമാണ്. ഭാഷയേയും നിറത്തേയും ഒരുമിച്ച് ദൃഷ്ടാന്തങ്ങളായെണ്ണുന്ന ഖുർആൻ വംശീയ നിർണ്ണയ വാദത്തിന്റെ മിഥ്യയെ തകർക്കുകയാണ് ചെയ്യുന്നത്. ജനവർഗ്ഗങ്ങളുടെ വംശലക്ഷണങ്ങൾ പ്രകൃതിയിൽ കാണുന്ന വൈവിധ്യങ്ങളുടെ ഭാഗമാണെന്നും അവർ തമ്മിൽ വിവാഹബന്ധത്തിലൂടെ സങ്കലിതമാക്കാമെന്നും ഈ വചനം സൂചിപ്പിക്കുന്നു. മനുഷ്യനെ പുരോഗതിയിലേക്ക് നയിക്കാനും പരസ്പരം ഗ്രഹിക്കാനും ദൈവം നൽകിയ അനുഗ്രഹങ്ങളിലൊന്നാണ് ഗോത്രീയവും വംശപരവുമായ വ്യതിരേകങ്ങളെന്നും മനുഷ്യവർഗ്ഗത്തിന്റെ ഏകാത്മകതയിലൂന്നിക്കൊണ്ട് നിരവധി തവണ ഖുർആൻ ഈ തത്ത്വം ആവർത്തിക്കുന്നുണ്ട്. അത്തരം വംശ വ്യതിരേകങ്ങൾ വിനാശകരമായ വംശീയത സൃഷ്ടിക്കാനുള്ളതല്ല എന്നതാണ് ഖുർആന്റെ സന്ദേശം.

## വംശീയതയും കോളോണിയലിസവും

വംശീയവാദം ലോകസമാധാനത്തെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു സാമൂഹ്യവിപത്താണ്. പാശ്ചാത്യ രാജ്യങ്ങളുടെ കോളോണിയലിസത്തിന്റെ പ്രത്യയശാസ്ത്രം വംശീയതയായിരുന്നു. തൊലിവെളുപ്പിന്റെവർണമഹിമയിൽ, ശ്രേഷ്ഠതയും കുലീനതയും

തങ്ങൾക്കാണെന്ന വർണ്ണ ഡംഭിൽ അഹങ്കരിച്ച പാശ്ചാത്യർ കറുത്ത വർഗ്ഗക്കാർ മാനവ സംസ്കൃതിയിലെ പുറമ്പോക്കിലെ നിലയും വിലയുമില്ലാത്ത അടിമ പണ്ടാരങ്ങളാണെന്നാണ് ഗണിച്ചത്. തങ്ങൾ കീഴടക്കിയ കോളനികളിലെ ജനങ്ങൾ അപരിഷ്കൃതരും പ്രാകൃതരുമാണെന്നാണ് അവർ പറഞ്ഞത്. അക്കൂട്ടരെല്ലാം അടിമകളാകാൻ വിധിക്കപ്പെട്ടവരാണെന്ന് കരുതിയ പാശ്ചാത്യർ ബൈബിൾ സൂക്തങ്ങളുദ്ധരിച്ചാണ് ഈ വർണ്ണ വെറിയുടെ തത്ത്വശാസ്ത്രം പ്രചരിപ്പിച്ചത്. അടിമത്തത്തെ വിധിദത്തമാണെന്ന് സ്ഥാപിക്കുന്ന ബൈബിളിലെ ഉല്പത്തികഥ ഇങ്ങനെയാണ്.

'നോഹിന്റെ മൂന്നു പുത്രന്മാരായിരുന്നു ശേം, യാഫെത്ത്, ഹാം. മനുഷ്യകുലത്തിന്റെ വംശപിതാക്കളാണ് നോഹിന്റെ ഈ മൂന്നു പുത്രന്മാർ. ശേം സെമിറ്റിക് ജനതയുടെ വംശപിതാവാണ്. യാഫെത്ത്, കറുത്തവരും, സെമിറ്റിക്കല്ലാത്തതുമായ ജനതയുടെ പിതാവ്. ഹാം അടിമകളാക്കപ്പെട്ട കറുത്തവരുടെ വംശപിതാവും. ഹാമിന്റെ മകനായ കനാനാണ് താൻ ചെയ്യാത്ത കുറ്റത്തിന് നോഹയുടെ ശാപമേറ്റ് അധഃസ്ഥിതനും അടിമയുമായിപ്പോയത്.കഥ ഇങ്ങനെയാണ്. നോഹ മുന്തിരി കർഷകനായിരുന്നു. ഒരിക്കൽ മുന്തിരിയിൽ നിന്നെടുത്ത വീഞ്ഞ് സേവിച്ച് നോഹ ലഹരിയിൽ മുങ്ങി. മദ്യലഹരിയിൽ ഉടുത്തുണിയില്ലാതെ കൂടാരത്തിൽ കിടക്കുന്ന പിതാവിനെക്കണ്ട ഹാം വിവരം സഹോദരന്മാരായ ശേമിനോടും, യാഫെതിനോടും പറഞ്ഞു. അപ്പോൾ ഈ രണ്ട് സഹോദരന്മാരും പിതാവിന്റെ നഗ്നതയിലേക്ക് നോക്കാതെ വസ്ത്രവുമായി പിറകോട്ട് നടന്ന് ഒരുവിധം നഗ്നത മറച്ചു. മദ്യലഹരിവിട്ടകന്ന നോഹ ശേംമിന്റേയും യാഫെത്തിന്റേയും പ്രവർത്തിയിൽ സംപ്രീതനായി അവരെ അനുഗ്രഹിച്ചു. പിതാവായ നോഹയുടെ നഗ്നതയെപ്പറ്റി സഹോദരന്മാരോടു പറഞ്ഞത് ഹാം ആണെന്നറിഞ്ഞ നോഹ കോപാകുലനായിക്കൊണ്ടു ഹാമിന്റെ ചെറുമകൻ കനാനെ ശപിച്ചു. 'ഹാമിന്റെ മകൻ കനാൻ ശേംമിന്റെ അടിമയാകട്ടെ' എന്നായിരുന്നു ശാപം. പിതാവ് ചെയ്ത കുറ്റത്തിന് മകനെ ശിക്ഷിക്കുകയായിരുന്നു നോഹ. കനാന്റെ വംശപരമ്പരയാണ് കനാൻ ദേശത്ത് വസിച്ചിരുന്നത്. ഇസ്രയേൽ ജനത കനാൻ ദേശത്ത് വരുമ്പോൾ കനാന്റെ വംശ പരമ്പരയിൽ പെട്ടവരായിരുന്നു അവിടെ വസിച്ചിരുന്നത്. കന്യാന്യരോടുള്ള വെറുപ്പും പുച്ഛവും ബൈബിൾ വിവരണങ്ങളിൽ കാണാം. അങ്ങനെ ശേമിന്റെയും യാഫെത്തിന്റെയും വംശങ്ങൾക്ക് അടിമവേല ചെയ്യാൻ ദൈവം തന്നെ വിധിച്ച ഒരു വംശം പിറക്കുകയാണുണ്ടായത്.

വെള്ളക്കാരനല്ലാത്ത കറുത്തവരെ കൊന്നൊടുക്കുവാനും കറുമ്പമാരുടെ ഭൂമി കയ്യേറി കോളനി സ്ഥാപിക്കാനും വർണ്ണമഹിമയുടെ ബൈബിൾ കഥയാണ് അവർക്ക് പ്രചോദനമായി വർത്തിച്ചത്. മതപരമായ സാധൂകരണമുള്ളത്കൊണ്ട് അടിമത്വത്തിനും വർണ്ണ വെറിക്കും വർണ്ണ വിവേചനത്തിനുമെതിരെ ആത്മീയവും പ്രതിരോധവും രോഷവും മനസ്സാക്ഷിക്കുത്തും മതപരമായി അവരിൽ ഉളവായില്ല. കാറൽമാർക്സ് പറഞ്ഞ മയക്കുന്ന മതത്തെ ഇവിടെ കാണാം.

മധ്യകാല നൂറ്റാണ്ടുകളിൽ മൂസ്‌ലിം പ്രതാപം ലോകത്തിന്റെ ഉച്ചിയിൽ എത്തിയിട്ടും മുസ്‌ലിംകൾ എവിടെയും കോളനി സ്ഥാപിക്കുകയുണ്ടായില്ല. സ്പെയിൻ മുതൽ ചൈന വരെയുള്ള വിവിധങ്ങളായ ജനവർഗ്ഗങ്ങളെ ഒരു മതസമൂഹം എന്ന നിലയിൽ നൂറ്റാണ്ടുകളോളം ഉദ്ഗ്രഥിച്ചു നിർത്തുവാൻ ഇസ്‌ലാം മതത്തിനു സാധിച്ചു. തുർക്കി ഖിലാഫത്തിന്റെ പതനത്തിനുശേഷമാണ് സാമ്രാജ്യത്വശക്തികൾ 'പാൻ അറബിസം' എന്ന വംശീയ ഇസ്‌ലാമിനെ അറബികൾക്കിടയിൽ പ്രചരിപ്പിച്ചത്. ഇസ്‌ലാം തുടക്കം കുറിച്ച ജനവർഗ്ഗങ്ങളുടെ ഉദ്ഗ്രഥന ദൗത്യം ഇന്ന് ആഗോളതലത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലൂടെയാണ് നടക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്.

## ഖുർആന്റെ ചരിത്രരചനാ രീതി വംശീയതക്ക് എതിര്

ദേശീയതയേയോ വംശീയതയേയോ ആവേശം കൊള്ളിക്കുകയോ അരക്കിട്ടുറപ്പിക്കുകയോ ചെയ്യുന്ന രീതിയിലുള്ള ഒരു ചരിത്രരചനയല്ല ഖുർആൻ വരച്ചു കാട്ടുന്നത്. ദേശീയ രാഷ്ട്രങ്ങൾക്ക് പാദസേവ ചെയ്യാൻ രചിക്കുന്ന അക്കാഡമിക്ക് ചരിത്രത്തിന്റെ പ്രാമാണികമായ ഒരു സവിശേഷതയും ഖുർആൻ പാലിച്ചിട്ടില്ല. ചരിത്രങ്ങളിലുള്ളതു പോലുള്ള അനുസ്യൂതത (Continuity) കാലാനുക്രമം

മധ്യകാല നൂറ്റാണ്ടുകളിൽ മൂസ്‌ലിം പ്രതാപം ലോകത്തിന്റെ ഉച്ചിയിൽ എത്തിയിട്ടും മുസ്‌ലിംകൾ എവിടെയും കോളനി സ്ഥാപിക്കുകയുണ്ടായില്ല. സ്പെയിൻ മുതൽ ചൈന വരെയുള്ള വിവിധങ്ങളായ ജനവർഗ്ഗങ്ങളെ ഒരു മതസമൂഹം എന്ന നിലയിൽ നൂറ്റാണ്ടുകളോളം ഉദ്ഗ്രഥിച്ചു നിർത്തുവാൻ ഇസ്‌ലാം മതത്തിനു സാധിച്ചു. തുർക്കി ഖിലാഫത്തിന്റെ പതനത്തിനുശേഷമാണ് സാമ്രാജ്യത്വശക്തികൾ 'പാൻ അറബിസം' എന്ന വംശീയ ഇസ്‌ലാമിനെ അറബികൾക്കിടയിൽ പ്രചരിപ്പിച്ചത്. ഇസ്‌ലാം തുടക്കം കുറിച്ച ജനവർഗ്ഗങ്ങളുടെ ഉദ്ഗ്രഥന ദൗത്യം ഇന്ന് ആഗോളതലത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലൂടെയാണ് നടക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണ്.

(Cronological order) ചരിത്രഭൂമിശാസ്ത്രം (Historical Geography) മുതലായ അക്കാഡമിക് ചരിത്രത്തിന്റെ ജാമിതീയ പരികല്പനകൾ മിക്കവാറും ഖുർആന്റെ ചരിത്ര വിവരണത്തിൽ കാണുകയില്ല. ഖുർആനിക ചരിത്രത്തിന്റെ ഈ അരേഖിയത (Nonlinearity) വംശീയതയുടെയും ദേശീയതയുടെയും വേരറുക്കുന്നു. മനുഷ്യന്റെ ധാർമ്മികവും അദ്ധ്യാത്മികവുമായ വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള അദ്ധ്യാപനങ്ങളെ പ്രമേയമാക്കിയാണ് ഖുർആൻ ചരിത്ര വൃത്താന്തങ്ങൾ വിവരിക്കുന്നത്. വംശീയത വളർത്തുന്നതോ രാഷ്ട്ര നിർമ്മാണത്തിനു വേണ്ടിയോയുള്ള ചരിത്രമല്ല ഖുർആൻ വിവരിക്കുന്നത്. ഐഹിക ലോകത്ത് ഗുണങ്ങൾ പ്രതിഫലിക്കുന്നതും പാരത്രിക ലോകം ലക്ഷ്യം വെച്ചുകൊണ്ടുള്ളതുമായ ചരിത്ര വിവരണങ്ങളാണ് അത് നൽകുന്നത്. വി.ഖുർആൻ പറയുന്നു.

*"എന്നാൽ ഇക്കൂട്ടർ ഭൂമിയിൽ സഞ്ചരിച്ചിട്ടില്ലേ? എങ്കിൽ അവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് അവർക്ക് നോക്കിക്കാണാമായിരുന്നു. സൂക്ഷ്മത കൈക്കൊള്ളുന്നവർക്ക് പാരത്രിക ഭവനം ഏറ്റവും ഗുണകരമാണ്. എന്നിട്ടു നിങ്ങൾ ചിന്തിച്ചു മനസ്സിലാക്കുന്നില്ലേ? ......... അവരുടെ ചരിത്ര വിവരണത്തിൽ ബുദ്ധിമാന്മാർക്ക് വലിയ പാഠമാണ്. ഇത് കെട്ടിചമച്ച ഒരു വാർത്തയല്ല. നേരെ മറിച്ച് ഇതിനു മുമ്പുള്ള പ്രവചനങ്ങളുടെ സാക്ഷാത്കാരവും എല്ലാ കാര്യങ്ങളുടെ വിശദീകരണവും സത്യവിശ്വാസികൾക്ക് ഒരു മാർഗ്ഗദർശനവും ഒരു കാരുണ്യവുമാണ്.* (12:111–112).

## ഖുർആൻ: വംശീയഡംഭിനെതിരെ

വംശീയ ഗർവ്വും, ദൈവത്തിന്റെ ഇഷ്ടജനമാണ് തങ്ങളെന്ന മതവിശ്വാസികളുടെ അവകാശവാദങ്ങളെയും വി. ഖുർആൻ ഭത്സിക്കുന്നു. യഹൂദികളും ക്രിസ്ത്യാനികളും ഈ വാദമുയർത്തിയപ്പോൾ, അല്ല; നിങ്ങൾ വൈവിധ്യപൂർണ്ണമായ മനുഷ്യസമുദായത്തിലെ അംഗങ്ങൾ മാത്രമാണ് എന്ന് പറഞ്ഞുകൊണ്ട് ആ അവകാശവാദത്തിനെതിരെ ഖുർആൻ ശക്തമായി പ്രതികരിക്കുന്നുണ്ട്. കാണുക.

**'ഞങ്ങൾ അല്ലാഹുവിന്റെ സന്തതികളും ഇഷ്ടജനങ്ങളുമാണ്' എന്ന് യഹൂദികളും ക്രിസ്ത്യാനികളും പറയുന്നു. പറയുക അങ്ങനെയാണെങ്കിൽ നിങ്ങളുടെ തെറ്റുകൾ നിമിത്തം അവൻ നിങ്ങളെ ശിക്ഷിക്കുന്നതെന്ത്കൊണ്ട്? മറിച്ച് അവൻ സൃഷ്ടിച്ചരിൽപ്പെട്ട മനുഷ്യർ മാത്രമാണ് നിങ്ങൾ'** (5:19).

## ബൈബിൾ ചരിത്രരചനയുടെ ദൂഷ്യങ്ങൾ

ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനമാണ് യഹൂദികൾ എന്നാണ് ബൈബിൾ സങ്കല്പം. യഹൂദികളെ ബൈബിളിൽ 'അം' (Laos Theon – ദൈവജനം) എന്നും മറ്റുള്ളവരെ ലോജ് പുറംജാതി എന്നുമാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

രാഷ്ട്രനിർമ്മാണത്തിന് വേണ്ടിയുള്ള ചരിത്രരചനയുടെ രീതിയിലാണ് ബൈബിൾ ചരി ത്രം വിവരിക്കുന്നത്. കാലാനുക്രമം പുരോഗമിക്കുന്ന ഭൂദേശീയതയിലധിഷ്ഠിതമായ ബൈബിളിന്റെ ചരിത്ര വിവരണത്തിന്റെ ഭയാനകമായ ഫലങ്ങൾ നാലായിരം വർഷം കഴിഞ്ഞിട്ടും ലോകം ഇന്നും അനുഭവിക്കുകയാണ് എന്ന പരമാർത്ഥം നാമറിയുവാൻ വിശുദ്ധ ഖുർആൻ ഇത്തരം വിഷയങ്ങളിൽ കാണിച്ച ദൈവികമായ സൂക്ഷ്മതയും അവധാനതയും നമ്മെ വിസ്മയം കൊള്ളിക്കുന്നു. ഇന്നത്തെ പശ്ചിമേഷ്യയിലെ ഇസ്രയേൽ ഫലസ്തീൻ സംഘർഷങ്ങളുടെ അടിവേരുകൾ ബൈബിളിന്റെ ചരിത്രവിവരണം കൊണ്ടുണ്ടായ ദൂഷ്യഫലങ്ങളാണ്.

ദൈവത്തിന്റെ സ്വന്തം ജനത്തിന് ബൈബിളിലെ ദൈവം തീറെഴുതിക്കൊടുത്ത ഭൂമിയാണ് പോലും ഫലസ്തീൻ. ബൈബിൾ വിവരണം കാണുക: **'അന്ന് യഹോവ അബ്രഹാമിനോട് ഒരു നിയമം ചെയ്തു നിന്റെ സന്തതിക്ക് ഞാൻ മിസ്രയിം നദി (നൈൽ നദി) മുതൽ ഫ്രാത്ത് നദി (യൂഫ്രട്ടീസ്) യായ മഹാനദി വരെയുള്ള ഈ ദേശത്തെ കേന്യർ കെനിസ്വൽ, കദോന്യർ, ഹിത്യർ, പെരിസ്യർ, രെഫായീമ്യർ, അമോയ്യർ, കനാന്യർ, ഗിർഗ്ഗശ്യർ, യെബൂസ്യർ എന്നിവരുടെ ദേശത്തെ തന്നെ തന്നിരിക്കുന്നു എന്നു അരുളിച്ചെയ്തു** (ഉല്പത്തി, 15:18–21). അതായത് മറ്റ് പുറം ജാതിക്കാർ താമസിച്ചുകൊണ്ടിരിക്കെ അവരറിയാതെ തന്നെ ദൈവം തന്റെ ഇഷ്ടജനത്തിന് ഫലസ്തീൻ ഭൂമി ദാനം ചെയ്തു കളഞ്ഞു. ദൈവത്തിന്റെ തന്നെ രണ്ടാം തരം സൃഷ്ടികളായ മനുഷ്യ മക്കളുടെ കൂടികിടപ്പു പോലും ദൈവം വകവെച്ചു കൊടുത്തില്ല. ദൈവം സ്വന്തം ജനതയോട് കാട്ടിയ പക്ഷപാതിത്വം മൂലം ഇഷ്ടജനമായ ഇസ്രയേലികൾക്ക് ബൈബിളിൽ എഴുതിക്കൊടുത്ത ഈ ദാനപത്രത്തിന്റെ അവകാശവാദം ഉന്നയിച്ചാണ് നാലായിരം വർഷങ്ങൾക്ക് ശേഷം അവിടത്തെ കുടിപാർപ്പുകാരായ അമ്പത് ലക്ഷം ഫലസ്തീനികളെ കുടിയിറക്കിവിട്ടും പതിനായിരങ്ങളെ കൊന്നൊടുക്കിയും ഇസ്രയേൽ ഭീകര ഭരണം നടത്തുന്നത്. ദേശത്തിന്റെ അതിരു പോലും നിർണ്ണയിച്ച് ദൈവം യഹൂദർക്ക് നൽകിയ ഭൂമിയാണ് സിയോണിസ്റ്റുകൾ ദാവീദിന്റെ സാമ്രാജ്യത്തിന്റെ അതിരുകളായി കണക്കാക്കുന്നത്. ഇപ്പോഴത്തെ ഇസ്രയേൽ ആ പ്രവിശാലമായ ഭൂപ്രദേശത്തെ ഒരു ചെറുദേശം മാത്രമാണ്. കിഴക്കൻ ഈജിപ്റ്റ്, ജോർദ്ദാൻ, സഊദി അറേബ്യ സിറിയ, ഇറാക്ക് എന്നീ രാജ്യങ്ങളിലേക്കുവരെ യഹോവയുടെ വാഗ്ദാനഭൂമി വ്യാപിപ്പിക്കാം. അവിടെയുള്ള കോടിക്കണക്കിന് മനുഷ്യമക്കളെ ആട്ടിപായിച്ച് ലോക ജനസംഖ്യയിൽ അല്പം വരുന്ന ഇസ്രയേലികൾക്ക് കൈയ്യടക്കാം. വാസ്തവത്തിൽ ബൈബിളിൽ യഹോവ പതിച്ചു നൽകിയ ഭൂമിയെ പറ്റിയുള്ള അവകാശ ബോധ

ത്തിന്റെ ബലത്തിലാണ് പശ്ചിമേഷ്യയിൽ മുഴുവൻ അധിനിവേശ ഭീഷണി മുഴക്കി ഇസ്രയേൽ വിരാജിക്കുന്നത്.

**ജാതീയത**

അതുപോലെ മനുഷ്യമക്കളോടുള്ള കടുത്ത വിവേചനമാണ് ഹിന്ദുമത സമൂഹത്തിലെ ജാതീയത. തീർച്ചയായും ലോകാ സാമസ്തോ സുഖിനോ ഭവന്തു എന്ന മഹത്തായ ദർശനം ലോകത്തിന്ന് സമർപ്പിച്ച പരിശുദ്ധ ഹിന്ദുമതത്തിൽ പിന്നീട് കയറികൂടിയ തിന്മയാണ് ജാതീയത. ജന്മജാതമായി ലഭ്യമായതും മാറാൻ കഴിയാത്തതുമാണ് ജാതിവ്യവസ്ഥ. ഇതിന് വംശീയ വർഗ്ഗീകരണവുമായി (Racial Stratification) സാമ്യതയുണ്ട്. സൈന്ധവ സംസ്കാരത്തിന്റെ തകർച്ചക്കുശേഷം വൈദിക കാലത്ത് ഉടലെടുത്തതാണ് ജാതി വ്യവസ്ഥ. വൈദിക ആര്യന്മാരുടെ അധിനിവേശാനന്തരം ഇന്ത്യയിൽ നിലവിൽ വന്ന വർണ്ണ വ്യവസ്ഥ യൂറോപ്യന്മാരുടെ വർണ്ണ വ്യവസ്ഥയേക്കാൾ യാഥാസ്ഥികവും ആചാരബദ്ധവും അഗാധമായി സമൂഹത്തിൽ വേരുകളുള്ളതുമാണ്. അത്ഭുതകരമെന്ന് പറയട്ടെ മറ്റെങ്ങും കാണാത്തവിധം അത് ആയിരക്കണക്കിന് വർഷങ്ങളായി ഇന്നും തുടരുന്നു. തൊഴിൽ തിരഞ്ഞെടുക്കുക എന്ന അർത്ഥമുള്ള 'വൃ' എന്ന് ധാതുവിൽ നിന്നാണ് വർണം നിഷ്പന്നമായത് എന്ന് പറയപ്പെടുന്നു. എന്ത് തന്നെയായാലും മനുസ്മൃതികാലഘട്ടത്തിൽ അത് നാലായി (ചാതുർവർണ്യം) തിരിച്ചു ജന്മ ജാതവും മതപരവുമായ ജാതി വ്യവസ്ഥയായി.

ബൗദ്ധ പ്രഭാവത്തിൽ കഴിഞ്ഞിരുന്ന പ്രാചീന കേരളത്തിലേക്ക് ആര്യൻ പ്രതിനിധികളായ നമ്പൂതിരിമാരുടെ അധിനിവേശ ശേഷമാണ് അയിത്താചരണത്തിലൂടെ ഈ ഹീന വ്യവസ്ഥ ഇവിടെ അരക്കിട്ടുറപ്പിച്ചത്. സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച നമ്മുടെ കേരളമായിരുന്നു ഇന്ത്യയിലെ ജാതി വ്യവസ്ഥയുടെ ഏറ്റവും ഭീകരമായ രംഗവേദി. മനുസ്മൃതിയിലെ ജാതിവ്യവസ്ഥയിലെ ജാതി നാലാണെങ്കിൽ കേരളത്തിൽ അത് അറുപത്തിനാലാണ്. ആകെയുള്ള 64 ജാതികളിൽ 54 ഉം നമ്പൂതിരിമാർക്ക് തീണ്ടുകുളി ആവശ്യമായ അയിത്ത വിഭാഗക്കാരാണ്. ഉന്നത ജാതിക്കാരിൽ നിന്നും തീണ്ടാപാടകലം സൂക്ഷിക്കേണ്ട കീഴ്ജാതികൾ തമ്മിലും അയിത്തം കർശനമായി പാലിച്ചു. വിഭജനമിങ്ങനെയായിരുന്നു. നമ്പൂതിരി ഇല്ലങ്ങളിലും, കോവിലകങ്ങളിലും, ക്ഷേത്രങ്ങളിലും ഭൃത്യജോലിയും സായുധ സേവനവുമായിരുന്നു നായന്മാർക്കു വിധിച്ചത്. ഈഴവരിൽ വലിയൊരു വിഭാഗവും നായർ തറവാടുകളിലെ ഊഴിയം അടിമകളായിരുന്നു. തെങ്ങിന്റെ കൃഷി പരിചരണവും, കയറ്റവും അത് സംബന്ധമായ ജോലികളുമായിരുന്നു അവർക്ക് വിധിച്ചത്. അധഃകൃതവർഗ്ഗക്കാർക്ക് കൃഷിപ്പണിയായിരുന്നു കുലത്തൊഴിൽ. ഇവർ ചണ്ഡാളരും അടിമകളുമായിരുന്നു. അബദ്ധത്തിൽ ഒരു അടിമ ഉന്നത കുലജാതയായ സ്ത്രീയെ സ്പർശിച്ചാൽ കൊലശിക്ഷ വരെ നൽകാൻ നിയമമുണ്ടായിരുന്നു. ധാർമ്മികതയുടെയും മനുഷ്യത്വത്തിന്റെയും ഉന്നതമായ അദ്ധ്യാപനങ്ങൾ നൽകിയ മഹത്തായ ഹിന്ദുമതത്തിലെ ധീരന്മാരായ മനുഷ്യസ്നേഹികൾ തന്നെ ഹിന്ദുമതത്തെ ഗ്രസിച്ച ഈ ജാതി പിശാചിനെതിരെ പോരാടി. കേരളത്തിലെ ഹിന്ദു പൊതുസമൂഹത്തിൽ ജാതി വ്യവസ്ഥയുടെ ഭാഗമായി നിലനിന്നിരുന്ന അയിത്തവും അസ്പൃശ്യതയും ഏറെക്കുറേ ഇല്ലാതായി. പക്ഷേ വൈവാഹിക ബന്ധങ്ങളിലും മതരംഗത്തും ജാതീയത അഭംഗുരം തുടരുന്നു.

**ഉപസംഹാരം**

കാരുണ്യവാനായ ദൈവം സൃഷ്ടിച്ച മനുഷ്യരിൽ വംശീയതയും, വിഭാഗീയതയുമില്ല. ഖുർആൻ പറഞ്ഞതുപോലെ വൈവിധ്യങ്ങൾ പരസ്പരം അറിയാനും വർണ്ണശബളിമ കൂട്ടാനും ജ്ഞാനം ഉല്പാദിപ്പിക്കാനും വേണ്ടിമാത്രമാണ്. ഒരു വിശ്വമാനവ സംസ്കൃതി രൂപപ്പെടുത്താനാവശ്യമായ ദൈവിക അദ്ധ്യാപനങ്ങൾ ഹിന്ദു, ക്രിസ്ത്യൻ, ജൂത, ബുദ്ധ, ഇസ്ലാം തുടങ്ങി എല്ലാ മതങ്ങളും ഉൾക്കൊള്ളുന്നുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ വിശുദ്ധ പാഠങ്ങൾ മറച്ചുവെച്ചും മറികടന്നും അന്യഥാവ്യാഖ്യാനിച്ചും കൂട്ടിച്ചേർത്തും മനുഷ്യനാണ് വംശീയതയും വിഭാഗീയതയും വർഗ്ഗീയതയും സൃഷ്ടിച്ചത്. ഏതായാലും അനന്തമായ മനുഷ്യവൈവിധ്യങ്ങളെ രമ്യമനോഹരമായി കോർത്തിണക്കാനുള്ള സ്വർണ്ണ നൂൽ സമ്മാനിച്ച മതമാണ് ഇസ്ലാം. വിശുദ്ധ ഖുർആൻ ഈ സന്ദേശത്തെ ശക്തമായ വചനങ്ങളിലൂടെ അരക്കിട്ടുറപ്പിക്കുന്നു.

വാഗ്ദത്ത് മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ വാക്കുകളിൽ ഈ ലേഖനം ഉപസംഹരിക്കട്ടെ. ***'അല്ലാഹുവിന്റെ സത്തയിൽ ഏകത്വം ഉള്ളത് പോലെ, ശാശ്വതമായ ദൈവിക ദാസ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യസമുദായത്തിനും ഏകത്വം തന്നെയാണ് അവൻ വിധിച്ചിരിക്കുന്നത്. വംശവർദ്ധനവ് കാരണം മനുഷ്യസമുദായത്തിൽ രൂപപ്പെട്ടിട്ടുള്ള വൈവിധ്യങ്ങൾ തന്നെയും പൂർണമായ മനുഷ്യ ഐക്യത്തിനുവേണ്ടിയുള്ള മുന്നൊരുക്കമായിരുന്നു. ആദ്യം മനുഷ്യസമുദായത്തിൽ ഏകതയുടെ വിഭിന്നശാഖകൾ സ്ഥാപിച്ചുകൊണ്ട് പിന്നീട് പൂർണമായ ഐക്യവൃത്തത്തിൽ ഏകോപിപ്പിക്കുവാനാണ് ദൈവം ഇച്ഛിക്കുന്നത്. ആകയാൽ ദൈവം സമുദായങ്ങളുടെ വ്യത്യസ്ത ശാഖകൾ ഏർപ്പെടുത്തുകയും ഓരോ സമുദായത്തിലും ഓരോ ഏകത സൃഷ്ടിക്കുകയും ചെയ്തു. സമുദായങ്ങൾ പരസ്പരം ബന്ധപ്പെടുന്നതിന് താമസം സംഭവിക്കാതിരിക്കുകയും വേണമെന്നതാണ് ഇതിന്റെ രഹസ്യം'.*** (ചശ്മെ മഅ്രിഫ പേ. 137).

# അനുഭാവപൂർവ്വം അകന്നുനിന്നവർ

അഹ്മദിയ്യത്തിൽ പൂർണ്ണ വിശ്വാസമുണ്ടായിട്ടും പ്രയാസങ്ങൾക്കും പ്രതിബന്ധങ്ങൾക്കും ബലഹീനതകൾക്കും മുമ്പിൽ ജമാഅത്തിൽ പ്രവേശിക്കാൻ കഴിയാതെ പോയവർ, പ്രവേശിച്ചിട്ടും നിൽക്കാൻ കഴിയാതെ വിട്ടു പോയവർ കോഴിക്കോട്ടെ ചിലരെ അനുസ്മരിച്ചുകൊണ്ട് ലേഖകൻ (മർഹൂം) അഹ്മദിയ്യാ ജമാഅത്ത് കേരള ശതാബ്ദി പതിപ്പ് 2015ൽ എഴുതിയ ലേഖനം പുനഃപ്രസിദ്ധീകരിക്കുന്നു.

## എം. കെ. ഇമ്പിച്ചി കോയട്ടി, കോഴിക്കോട്

അഹ്മദിയ്യാ ജമാഅത്ത് ഉച്ചസൂര്യനെ പോലെ പ്രകാശം ചൊരിയുന്ന ഒരു ഉജ്ജ്വല സത്യമാണ്. നിഷ്ക്കളങ്കമായ ഏതൊരു സത്യഹൃദയത്തിനും എളുപ്പത്തിൽ ഈ യാഥാർത്ഥ്യം ഗ്രഹിക്കാൻ കഴിയുന്നതാണ്. യുക്തിയും ബുദ്ധിശക്തിയും ഉപയോഗിച്ച് കൂലങ്കശമായി പ്രമാണവും രേഖകളും പരിശോധിച്ചല്ല മിക്ക ആളുകളും അഹ്മദിയത്ത് സ്വീകരിച്ചത്. അതിനുള്ള പാണ്ഡിത്യമോ പ്രാഗല്ഭ്യമോ ഇല്ലാത്ത സാധാരണക്കാർ അതിനേക്കാൾ ആധികാരികമായ മറ്റൊരു മാനദണ്ഡത്തിലാണ് ഈ പരിശുദ്ധ ജമാഅത്തത്തിൽ പ്രവേശിച്ചത് എന്നാണ് എന്റെ അനുഭവം. ആ മാനദണ്ഡം അഹ്മദികൾ നയിക്കുന്ന ജീവിത വിശുദ്ധിയും സ്വഭാവ മഹിമയുമാണ്. അഹ്മദികളുടെ വാദത്തിന് സാധാരണക്കാർക്ക് ബോധ്യമാവുന്ന ഏറ്റവും വലിയ സാക്ഷ്യം അതായിരുന്നു. അത്തരത്തിലുള്ള മഹാത്മാക്കളായിരുന്നു കോഴിക്കോട്ടെ ആദ്യകാല അഹ്മദികൾ. ഞാൻ ചരിത്രത്തിൽ നിന്ന് വായിച്ചും കേട്ടും അറിഞ്ഞവരും നേരിൽ കണ്ടവരുമായ അവർ മലക്കുകളെ പോലെയുള്ള മഹാത്മാക്കളായിരുന്നു. അഹ്മദികളുടെ വാദങ്ങൾക്കൊപ്പം അനഹ്മദികൾ നോക്കിക്കണ്ടത് അവരുടെ ജീവിതം കൂടിയായിരുന്നു. അത്തരക്കാരുടെ ജീവിതങ്ങളായിരുന്നു കോഴിക്കോട് വളരെയധികം ആളുകളെ അഹ്മദിയ്യത്തിലേക്ക് ആകർഷിച്ചതും അനുഭാവികളാക്കി മാറ്റിയതും.

അഹ്മദിയ്യത്തിന്റെ കോഴിക്കോട്ടെ ആദ്യകാല ചരിത്രത്തിൽ ചില എതിർപ്പുകളും പ്രയാസങ്ങളും കോഴിക്കോട്ട് അരങ്ങേറിയെങ്കിലും കോഴിക്കോട്ടെ മുസ്‌ലിം സമൂഹം പൊതുവേ സഹിഷ്ണുതയുടേയും സൗഹാർദ്ദത്തിന്റെയും പരസ്പര ബഹുമാന ത്തിന്റേയും സംസ്കാരം പുലർത്തുന്നവരാണ്. കേരളത്തിൽ അഹ്മദിയ്യാ ജമാഅത്തിന് കണ്ണൂരിലും പഴങ്ങാടിയിലുമാണ് വിത്തുപാകിയതെങ്കിലും കോഴിക്കോട്ടെ വിശാലവും വളക്കൂറുള്ളതുമായ മണ്ണിലാണ് അഹ്മദിയ്യാ ജമാഅത്ത് വളർന്ന് പന്തലിച്ചത്. അഹ്മദിയ്യാ ജമാഅത്തിന്റെ കണ്ണിലുണ്ണിയയ മുബല്ലിഗ് മൗലനാ അബ്ദുല്ലാഹ് സാഹിബ് എച്ച് എ യുടെ ഉജ്ജ്വലമായ കർമ്മഭൂമിയും കോഴിക്കോടായിരുന്നു. അത് പോലെ മൗലാനാ അബുൽ വഫാ സാഹിബ് , മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എന്നീ പ്രഗല്ഭരായ അഹ്മദി മിഷണറിമാർ സ്ഥിരതാമസമാക്കിക്കൊണ്ടുള്ള പ്രവർത്തനരംഗവും കോഴിക്കോടായിരുന്നു. ഇവരുടെയെല്ലാം സാന്നിദ്ധ്യം കൊണ്ടും മുത്തഖികളായ നിരവധി അംഗങ്ങളുടെയും നിസ്സ്വാർത്ഥമായ പ്രവർത്തനം കൊണ്ടും കോഴിക്കോട് എക്കാലവും സജീവവും അനുഗൃഹീതവുമായിരുന്നു. ആ പരമ്പര്യം നിലനിർത്തിക്കൊണ്ട് രാവും പകലും ഇന്നും കോഴിക്കോട് സജീവമാണ്. അപ്രകാരം പുതിയ കാര്യങ്ങൾ അറിയാനും കേൾക്കാനും ഔത്സുക്യം കാണിച്ച നിഷ്പക്ഷമതികളായ വളരെയധികം പേർ കോഴിക്കോട്ടെ മുസ്‌ലിം പൊതു സമൂഹത്തിലുണ്ടായിരുന്നു. മാത്രമല്ല മതപരമായ പ്രവർത്തനങ്ങൾക്കൊണ്ടും സംവാദ- ചർച്ചകളും കൊണ്ട് ചലനാത്മകമായിരുന്നു കോഴിക്കോട്.

അഹ്മദിയ്യാ ജമാഅത്തിൽ വന്നവരുടെ ചരിത്രം എഴുതപ്പെടുകയും അനുസ്മരിക്കപ്പെടുകയും ചെയ്യും എന്നത് സ്വാഭാവികമാണ്. എന്നാൽ ജമാഅത്തിൽ പ്രവേശിക്കുകയും പിന്നീട് പല കാരണങ്ങളാൽ ജമാത്തിൽ നിൽക്കാൻ കഴിയാതെ വരുകയും വിട്ടുപോകുകയും ചെയ്തവരുണ്ട്. അത് പോലെ ജമാഅത്ത് പൂർണ സത്യമാണെന്നറിഞ്ഞിട്ടും തങ്ങളുടെ ബലഹീനതകൊണ്ട് പ്രവേശിക്കാൻ ഭാഗ്യം ലഭിക്കാത്തവരുണ്ട്.

അത് പോലെ പരിശുദ്ധമായ അഹ്മദിയ്യാ ജമാഅത്തിലേക്ക് പ്രവേശിക്കാൻ പാപികളായ തങ്ങൾ അർഹരല്ല എന്ന് കരുതി അകന്നുനിന്ന് ജമാഅത്തിനെ സ്നേഹിച്ചവരുമുണ്ട്.

അഹ്മദിയ്യത്ത് പൂർണ്ണ സത്യമാണന്നറിഞ്ഞ, പേരും പെരുമയുമുള്ള നമുക്ക് അറിഞ്ഞവരും അറിയപ്പെടാത്തവരുമായ അനേകം പേർ ജമാഅത്തിന് പുറത്ത് കോഴിക്കോട്ടുണ്ടായിരുന്നു. മറ്റു പ്രസ്ഥാനങ്ങളെ പോലെ ബുദ്ധിപരമായ വെറുമൊരു ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ കടന്നു വരാൻ സാദ്ധ്യമല്ലാത്ത ഒരു ജമാഅത്താണ് അഹ്മദിയ്യാ ജമാഅത്ത്. എതിർപ്പിന്റെ തീകാറ്റ് അഭിമുഖീകരിക്കാനും കുടുംബത്തിന്റെയും സമൂഹത്തിന്റേയും ബഹിഷ്ക്കരണം സഹിക്കാനും സന്നദ്ധതയുള്ള ത്യാഗശീലർക്ക് മാത്രമേ അഹ്മദിയ്യത്തിലേക്ക് കടന്നു വരാൻ സാദ്ധ്യമാവു. സത്യം മനസ്സിലാക്കിയ ആവേശത്തിൽ വന്നവർക്ക് തന്നെ പല കാരണത്താലും ജമാഅത്തിൽ നിൽക്കാൻ കഴിയാതെയും പോയിട്ടുണ്ട്. അത്തരത്തിൽ ജമാഅത്തിൽ പ്രവേശിക്കുകയും ജമാഅത്തിന് വേണ്ടി വിലപ്പെട്ട സേവനങ്ങൾ അനുഷ്ഠിക്കുകയും അവസാനം പല കാരണങ്ങളാലും ജമാഅത്തിൽ നിന്ന് വിട്ടു പോവുകയും ചെയ്ത ഒരു പ്രമുഖ വ്യക്തിയായിരുന്നു എം. വി ആലിക്കോയ. 1934 ൽ ആദ്യമായി ഒരു അഹ്മദി സഹോദരൻ മരിച്ചപ്പോൾ മുസ്ലിംകൾ അവരുടെ ശ്മശാനത്തിൽ ജനാസ അടക്കാൻ സമ്മതിച്ചില്ല. ഈ ഗൗരവമുള്ള പ്രശ്നം കലക്ടറുമായി സംസാരിക്കാൻ അന്നത്തെ ജമാഅത്ത് സെക്രട്ടറി അഹ്മദ് സാഹിബിനോടും മസീഹ് മഊദി(അ)ന്റെ സഹാബി നയ്യർ സാഹിബിനോടൊപ്പം കലക്ടറെ കണ്ട് കാര്യത്തിന്റെ ഗൗരവം പറഞ്ഞ് ബോദ്ധ്യപ്പെടുത്തുന്നതിൽ പ്രമുഖ പങ്ക് വഹിച്ചത് എം വി ആലിക്കോയാ സാഹിബ് ആയിരുന്നു. മൗലാനാ എച്ച് എയുടെ വലംകയ്യായി പ്രവർത്തിച്ച അദ്ദേഹം തീവ്രമായ എതിർപ്പിന്റെ ആ കാലഘട്ടത്തിൽ ജമാഅത്തിനുവേണ്ടി ത്യാഗപൂർവ്വം സേവനം ചെയ്ത വ്യക്തിയാണ്. അദ്ദേഹം പിന്നീട് കോഴിക്കോട് ജമാഅത്തിന്റെ ജനറൽ സെക്രട്ടറി വരെ ആവുകയും ചെയ്തു. പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ അദ്ദേഹം പിന്നീട് ചില പ്രലോഭനങ്ങളിൽ പെട്ട് പുറത്ത് പോവേണ്ടി വരികയും ജമാഅത്തിന്റെ ശത്രുപാളയത്തിൽ അകപ്പെടുകയും ചെയ്തു. അഹ്മദിയായി ജീവിക്കാൻ അദ്ദേഹത്തിന് സാദ്ധ്യമായില്ല. കോഴിക്കോട് മാത്തോട്ടം ജമാഅത്തംഗം പുന്നോൽ കെ. പി അബ്ദുർറഹിം സാഹിബിന്റെയും മർഹൂം കെ. പി. അസ്സു സാഹിബിന്റെയും അനുജനാണ് ഇബ്രാഹിം കുട്ടി സാഹിബ്. മൗലവി അബുൽ വഫാ സാഹിബിന്റെ ജമാഅത്തെ ഇസ്ലാമിക്കെതിരെ പ്രസിദ്ധീകരിച്ച പുസ്തകത്തിന് അവതാരിക എഴുതിയത് അദ്ദേഹമായിരുന്നു.

സമൂഹത്തിന്റെ പുറംപോക്കിൽ തെരുവിലും അങ്ങാടികളിലുമായി കുത്തഴിഞ്ഞ ജീവിതം നയിക്കുകയും തല്ലിനും കൊല്ലിനും തയ്യാറായി ജനങ്ങളെ വിറപ്പിച്ച മല്ലന്മാരും പഴയകാല കോഴിക്കോടിന്റെ ഭാഗമായിരുന്നു. കോഴിക്കോട്ടുകാർ അവരെ വമ്പന്മാർ എന്നായിരുന്നു വിളിച്ചത്. ആരെയും കൂസാത്ത പരുപരുത്ത ജീവിതം നയിച്ച അവർ ഒറ്റക്ക് നിന്ന് സമൂഹത്തെ വെല്ലുവിളിക്കാൻ കെൽപ്പുള്ളവരായിരുന്നു. എങ്കിലും നീതിബോധവും മനുഷ്യ സ്നേഹവുമായിരുന്നു അവരുടെ പല പ്രവർത്തികളുടെയും അടിസ്ഥാന പ്രേരണ. പക്ഷേ അതിനായുള്ള അവരുടെ രീതികൾ പരുക്കനും മാന്യതക്ക് നിരക്കുന്നതുമാകാറില്ലെന്ന് മാത്രം. വമ്പമാരിൽപ്പെട്ടവരിലും അഹ്മദിയ്യത്തിൽ ആകൃഷ്ടരായവരും അഹ്മദിയ്യത്തിനെ അഗാധമായി സ്നേഹിച്ചവരുമുണ്ടായിരുന്നു. അക്കൂട്ടത്തിൽപ്പെട്ടവരാണ് ലങ്കൻ മൊയ്തീൻ സാഹിബ്, കാട്ടിൽ വീട്ടിൽ ഉമ്മർ കോയാ സാഹിബ്, ബിച്ചിന്റെ മമ്മദ് കോയാ സാഹിബ് മുതലായ വമ്പന്മാർ. അവരിൽ ചിലർ അഹ്മദിയ്യത്ത് സ്വീകരിച്ച് മാതൃകാപരമായ സാത്വിക ജീവിതം നയിച്ച് സമൂഹത്തെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ചിലർ ബൈഅത്ത് ചെയ്തെങ്കിലും സ്വയം പാപികളാണെന്ന് കരുതി അവരുടെ ബലഹീനതകളും നിറംകെട്ട ജീവിതവും ഈ പരിശുദ്ധ ജമാഅത്തിന് കളങ്കമാകുമെന്ന് കരുതി ജമാഅത്തിൽ നിന്ന് അകന്ന് മാറി ജീവിച്ചു. അത്തരത്തിൽപ്പെട്ട അവിസ്മരണീയ വ്യക്തിയാണ് കോഴിക്കോടിനെ വിറപ്പിച്ച വമ്പൻ ലങ്കൻ മൊയ്തീൻ സാഹിബ്. ഒരിക്കൽ ബൈഅത്ത് ചെയ്തതാണ് പിന്നീട് ജമാഅത്തുമായി ബന്ധപ്പെട്ടിട്ടില്ല. അദ്ദേഹം തന്റെ പഴയ ലോകത്തേക്ക് തന്നെ തിരിച്ചു പോയി. എങ്കിലും ജമാഅത്തിന്റെ പരിപാടികളിലെല്ലാം ലങ്കന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. ജമാഅത്തിന് വേണ്ടി ആരുമായും വാദിക്കാൻ എപ്പോഴും സന്നദ്ധനായിരുന്നു. സത്യദൂതന്റെ സ്ഥിരം വായനക്കാരനുമായിരുന്നു. ചിലപ്പോൾ മുരട്ട് വാദം ഉന്നയിക്കുന്ന എതിരാളിയോട് അശ്ലീല ശൈലിയിലുള്ള പുളിച്ച തെറിയും പറയുമായിരുന്നു. ഒരിക്കൽ ഒരു മാഷിനെ രാവിലെ മുതൽ തബ്ലീഗ് ചെയ്യാൻ തുടങ്ങി. വൈകുന്നേരം: 6 മണിയായി 8 മണിയായി ആ അദ്ധ്യാപകനോട് 'എന്താ മാഷേ സംശയമെല്ലാം തീർന്നോ' എന്ന് ലങ്കൻ ചോദിച്ചു. മാഷ് പറഞ്ഞു: 'ഇല്ല' ക്ഷോഭിച്ച ലങ്കൻ 'എന്നാൽ നിന്റെ സംശയവും ഇന്ന് ഞാൻ തീർത്ത് തരാം............... ' എഴുതാൻ കൊള്ളാത്ത തെറി പറഞ്ഞ് മാഷിനെ ഓടിച്ചു വിടുകയായിരുന്നു. മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെ മുമ്പിൽ അദ്ദേഹം കാണിച്ച വിനയവും ബഹുമാനവും പുലിയെ പൂച്ചയാക്കി മാറ്റുന്ന മൗലവി സാഹിബിന്റെ അതുല്യമായ വ്യക്തി പ്രഭാവത്തിന് തെളിവാണ്. വമ്പിച്ച എതിർപ്പുണ്ടായിരുന്ന അക്കാലത്ത് മൗലവി

സാഹിബ് പ്രസംഗിക്കുന്ന സ്ഥലങ്ങളിൽ സ്വയം കാവൽക്കാരായി ലങ്കനും കൂട്ടാളികളും നിൽക്കുമായിരുന്നു. ഇവരെക്കണ്ടാൽ അഹ്മദിയ്യത്തിന്റെ എത്ര വലിയ എതിരാളികളാണെങ്കിലും ആ ചുറ്റുവട്ടത്തിൽ നിന്ന് രക്ഷപ്പെടും. ആരെയും ഭയമില്ലാത്ത സരസനും തമാശക്കാനുമായിരുന്നു മൊയ്തീൻ കാക്ക എന്ന് ഞങ്ങൾ വിളിക്കുന്ന ലങ്കൻ മൊയ്തീൻ സാഹിബ്. അദ്ദേഹത്തെ സംബന്ധിക്കുന്ന സഭ്യവും സഭ്യേതരവുമായ അനേകം കഥകളുണ്ട്. ഒരിക്കൽ എന്നെ ആരോ അഹ്മദിയായതിന്റെ പേരിൽ ഉപദ്രവിക്കുന്നു എന്ന വാർത്ത കേട്ട് കോഴിക്കോട്ടെ കാരപ്പറമ്പിൽ തന്റെ സ്വതസിദ്ധമായ പോക്കിരി ഭാവത്തിൽ ഒരു സൈക്കിളിൽ ആഗതനായി. അങ്ങാടിയിലൂടെ നടന്നപ്പോൾ അദ്ദേഹത്തെ അറിയാവുന്ന പലരും വന്ന് കാര്യം അന്വേഷിച്ചു. നമ്മുടെ കുട്ടിയെ തൊട്ടാൽ അപ്പോൾ വിവരമറിയുമെന്ന ഒരു താക്കീതും എല്ലാവർക്കുമായി നൽകിയാണ് ലങ്കൻ അവിടെ നിന്ന് യാത്രയായത്. അങ്ങനെ അനേകം കഥകൾ ലങ്കൻ മൊയ്തീൻ സാഹിബിനെ പറ്റിയുണ്ട്. അദ്ദേഹത്തിനും അദ്ദേഹത്തെ പോലെ അഹ്മദിയ്യത്തിനെ സ്നേഹിച്ചവർക്കും അവരെ തന്നെ സ്വയം ശാസിക്കുന്ന ഒരു ഹൃദയമുണ്ടായിരുന്നു. ജീവിത സാഹചര്യങ്ങൾക്കും ബലഹീനതകൾക്കും അടിമപ്പെട്ടു പോയ അവർ സ്വയം പാപികളാണെന്ന് കരുതി. താൻ പാപിയാണെന്നും ഈ പരിശുദ്ധ ജമാഅത്തിൽ നിൽക്കാൻ യോഗ്യതയില്ല എന്നും അദ്ദേഹം സ്വയം കരുതി ജമാഅത്തിൽ നിന്ന് അകന്ന് നിന്നു. അവിവാഹിതനായിരുന്ന മൊയ്തീൻക്ക കടപ്പുറത്തെ ഒരു ഷെഡ്ഡിലായിരുന്നു കഴിഞ്ഞിരുന്നത്. അവസാനം വാർദ്ധക്യവും രോഗവും ബാധിച്ച് അവശനായ മൊയ്തീൻകാക്കയോട് ഞാൻ ചോദിച്ചു **'അല്ലാ, മരിച്ചാൽ എവിടെയാണ് വെക്കേണ്ടത്?'** മറുപടി **'മൊയ്തീൻക്കാനെ** അവിടെ വെക്കണ്ട മോനെ മൊയ്തീൻക്ക അത്രക്ക് ശൈത്വാനാണ്.**'** മൊയ്തീൻക്ക മരണമടഞ്ഞപ്പോൾ അദ്ദേഹം ഖാദിയാനിയാണെന്ന് പറഞ്ഞ് അവരുടെ ശ്മശാനത്തിൽ ഖബറടക്കാൻ പള്ളിക്കമ്മിറ്റിക്കാർ അനുവദിച്ചില്ല. സ്വയം പാപിയാണെന്ന് കരുതി ജമാഅത്തിൽ നിന്ന് അകന്ന് കഴിഞ്ഞ മെയ്തീൻക്കയെ പക്ഷേ അല്ലാഹു അകറ്റിയില്ല. അദ്ദേഹത്തിന്റെ ജനാസ അഹ്മദിയ്യാ ശ്മശാനത്തിലാണ് അടക്കം ചെയ്തത്.

അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം ജമാഅത്തിൽ പ്രവേശിച്ചവരുടേയും വിശ്വസിച്ചിട്ടും പ്രവേശിക്കാൻ സാധിക്കാത്തവരുടേയും കൂടി ചരിത്രമാണ്. പ്രതിബന്ധങ്ങൾക്കും പ്രയാസങ്ങൾക്കും മുമ്പിൽ വിശ്വസിച്ചത് പ്രകാരം പ്രവർത്തിക്കാൻ കഴിയാതെ പോയ ഹതഭാഗ്യർക്ക് അല്ലാഹു പൊറുത്തു കൊടുക്കുകയും നമ്മുടെയും അവരുടെയും പരലോക ജീവിതം അല്ലാഹു അനുഗൃഹീതമാക്കി തീർക്കുകയും ചെയ്യുമാറാകട്ടെ. (ആമീൻ)

---

**പേജ് 16 ൽ നിന്ന് തുടർച്ച**

ച്ചതും മറ്റൊന്നല്ല. നബി(സ) തിരുമേനിയുടെ ശത്രുക്കൾ ഇസ്‌ലാമിനെ വാളു കൊണ്ട് നശിപ്പിക്കാൻ മുതിർന്നപ്പോൾ തിരുമേനിക്ക് വാളുകൊണ്ടുള്ള ആഹ്വാനം ചെയ്യേണ്ടി വന്നു. വാളുകൊണ്ട് മതത്തെ നശിപ്പിക്കാനോ അത്തരത്തിലുള്ള ഹീനകൃത്യങ്ങൾ പ്രചരിപ്പിക്കാനോ ഉള്ള ശ്രമങ്ങൾ ഇക്കാലത്ത് ഏതാണ്ട് അവസാനിച്ചിരിക്കുകയാണ്. ഇസ്‌ലാമിനാണെങ്കിൽ പ്രതിരോധത്തിന് സായുധസമരത്തിന്റെ ആവശ്യവുമില്ല. അതുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ) മൈത്രിയിലും കാരുണ്യത്തിലും ഭക്തിയിലും ഊന്നൽ നല്കിക്കൊണ്ട് മാനവ പുരോഗതിക്ക് സമയവും സമ്പത്തുമാണ് ബലിയർപ്പിക്കേണ്ടത് എന്ന് ആഹ്വാനം ചെയ്തു. ചുരുക്കത്തിൽ, ആദിമ ക്രിസ്തുദർശനം മോശെയോടും ജൂതമതത്തോടും ബന്ധപ്പെട്ടിരിക്കുന്ന അതേ നിലയാണ് നബി(സ)തിരുമേനിയോടും വിശുദ്ധ ഖുർആനോടും വാഗ്ദത്ത മസീഹും അഹ്മദിയ്യത്തും ബന്ധപ്പെട്ടിരിക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**'ഇന്നാ അർസൽനാ ഇലൈക്കും റസൂലൻ ശാഹിദൻ അലൈക്കും കമാ അർസൽനാ ഇലാ ഫിർഔന റസൂലാ.' (സൂറ: മുസ്സമ്മിൽ 16)**

'**ഫിർഔന്റെയടുക്കലേക്ക് നാം ഒരു ദൂതനെ അയച്ചതുപോലെ നിങ്ങൾക്കു സാക്ഷിയായി നിങ്ങളിലേക്ക് ഒരു ദൂതനെ നാം അയച്ചിരിക്കുന്നു.** 'ഈ വചനത്തിൽ നബി(സ)തിരുമേനിയെ മൂസാനബി(അ)യുടെ സദൃശ്യനായിട്ടാണ് വിവരിച്ചിരിക്കുന്നത്. അങ്ങനെയൊരു പ്രവാചകനെക്കുറിച്ച് ആവർത്തനപുസ്തകം 18:18 ൽ ഇപ്രകാരം പ്രവചനമുണ്ട്: "നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എന്റെ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും." ഇസ്രാഈല്യരുടെ സഹോദരന്മാരിൽ നിന്ന്, അതായത് ഇസ്മാഈലിന്റെ വംശത്തിൽ നിന്ന്, അവതരിച്ച, മൂസാക്ക് സദൃശ്യനും ന്യായപ്രമാണ വാഹകനുമായ ഏതൊരു പ്രവാചകന്റെ നാവിൽ ദൈവം തന്റെ വചനങ്ങൾ നിവേശിപ്പിക്കുമെന്ന് പറഞ്ഞുവോ അത് മുഹമ്മദ് നബി(സ)തിരുമേനിയല്ലാതെ മറ്റാരുമല്ല. അതുകൊണ്ട് ആദ്യമസീഹ് ഹദ്റത്ത് മൂസാനബിയുടെ അനുയായികളിൽ നിന്ന് അവതരിച്ചതുപോലെ വാഗ്ദത്ത മസീഹ് നബി(സ)തിരുമേനിയുടെ അനുയായികളിൽ നിന്നായിരുന്നു അവതരിക്കേണ്ടിയിരുന്നത്. യേശുവിന്റെ അധ്യാപനങ്ങൾക്ക് മോശെയുടെ അധ്യാപനത്തിലുള്ള അതേ സ്ഥാനം തന്നെയാണ് അദ്ദേഹത്തിന്റെ അധ്യാപനങ്ങൾക്ക് ഇസ്‌ലാമിലുള്ളത്. (തുടരും)

# യുദ്ധ ഭീതി ഒഴിയാത്ത പശ്ചിമേഷ്യ

## മുസാഫിർ

ലോകത്തിലെ ഏറ്റവും വരുമാനമുള്ള കമ്പനികളിലൊന്നാണ് സൗദി ആസ്ഥാനമായി പ്രവർത്തിക്കുന്ന അറേബ്യൻ-അമേരിക്കൻ (അറംകോ) ഓയിൽ കമ്പനി. അറംകോ എന്ന ചുരുക്കപേരിൽ അറിയപ്പെടുന്ന ഈ കമ്പനിയുടെ കീഴിലെ എണ്ണ സംസ്ക്കരണ ശാലയും എണ്ണപാടവും യമനിൽ അഭ്യന്തര യുദ്ധം നടത്തുന്ന ഹൂദി തീവ്രവാദികളുടെ ആക്രമണത്തിന് വിധേയമാവുകയുണ്ടായി. തങ്ങളാണ് ആക്രമണം നടത്തിയതെന്ന് ഹൂദികൾ അവകാശപ്പെട്ടെങ്കിലും ആക്രമണത്തിന് പിന്നിൽ ഇറാനാണെന്നാണ് സൗദിയും അമേരിക്കയും ആരോപിക്കുന്നത്. തിരിച്ചടിയുണ്ടാവുമെന്ന് അവർ ഭീഷണണി മുഴക്കുകയും ചെയ്തിരിക്കുന്നു. അതോടെ സംഘർഷഭരിതമായ പശ്ചിമേഷ്യയിൽ യുദ്ധ ഭീതി പടരുകയാണ്. ഇത് അമേരിക്കയുടെ വ്യാജാരോപണം മാത്രമാണെന്നാണ് ഇറാൻ പറയുന്നത്.

യമനിൽ 2015 ൽ ഭരണാധികാരിയായിരുന്ന അബ്ദുർറബ്ബ് മൻസൂർ ഹാദിയെ ശിയാ സായുധ ഗ്രൂപ്പായ ഹൂദികൾ പുറത്താക്കുകയും അദ്ദേഹം സഊദിൽ അഭയം തേടുകയുമുണ്ടായി. അബ്ദുർറബ്ബ് മൻസൂർ ഹാദിയും അദ്ദേഹത്തെ പിന്തുണക്കുന്നവരും ഹൂദികളുടെ സുപ്രീം പോളിറ്റിക്കൽ കൗൺസിലും ഇരുകൂട്ടരും ഇപ്പോൾ ഔദ്യോഗിക ഭരണകൂടമെന്ന് അവകാശപ്പെട്ടു കൊണ്ടാണ് വൻ ആഭ്യന്തര യുദ്ധം നടത്തുന്നത്. സഊദിയുടെ നേതൃത്വത്തിൽ ഈജിപ്ത്, യു എ ഇ, മൊറോക്കോ, ജോർദ്ദാൻ, സുഡാൻ, കുവൈറ്റ്, ഖത്തർ മുതലായ രാജ്യങ്ങൾ മുന്നണിയായി അമേരിക്കൻ സഹായത്തോടെ യമനിൽ ഹാദി ഭരണകൂടത്തിന് അനുകൂലമായും ശിയാക്കളായ ഹൂദികളെ പിന്തുണച്ചു കൊണ്ട് ഇറാനും യമനിൽ പോരാടുകയാണ്. ശിയാക്കളായ ഇറാന്റെയും സുന്നികളായ സഊദിയുടെയും ബലപരീക്ഷണ വേദിയാണ് ഇന്ന് യമൻ. അമേരിക്കയും ഇസ്റയേലും സഊദിയും ഒരു പക്ഷത്തും ഇറാനും റഷ്യയും മറുഭാഗത്തും നിന്നാണ് കഴിഞ്ഞ നാലു വർഷമായി യമനിൽ പോരാട്ടം കൊഴുപ്പിക്കുന്നത്. അതിൽ ഏറ്റവും ഒടുവിലെത്തതാണ് അറംകോയിലെ ഡ്രോൺ ആക്രമണം. ആഭ്യന്തരയുദ്ധം മൂലം യമനിലുണ്ടായ മനുഷ്യ മഹാദുരിതങ്ങൾ വിവരണാതീതമാണ്. യുദ്ധം മൂലം മരണവും പട്ടിണിയും രോഗവും 28 ദശ ലക്ഷം യമനികളെ കാർന്നു തിന്നുകൊണ്ടിരിക്കുന്നത് ലോകം കണ്ടു കൊണ്ടിരിക്കുകയാണ്. ഭയാനകമാണ് അവിടുത്തെ ജനങ്ങളുടെ സ്ഥിതിഗതികൾ.

ലോകത്തിലെ ഏറ്റവും വലിയ എണ്ണശുദ്ധീകരണ ശാലയായ അറംകോ ആണ് ഹൂദികൾ ആക്രമിച്ചത്. ആക്രമണത്തിന്റെ പിന്നിൽ ഇറാനാണെന്ന ആരോപണം ഇറാൻ നിഷേധിക്കുകയും ഹൂദി ആക്രമണത്തിന്റെ പേരിൽ ഇറാനെതിരെ എന്തെങ്കിലും നടപടി ഉണ്ടായാൽ ഉടൻ പ്രതികരണമുണ്ടാകുമെന്നും അത് വെറും ഭീഷണിയിൽ ഒതുങ്ങില്ലെന്നും ഇറാൻ ഒരു നയതന്ത്ര കുറിപ്പിലൂടെ അമേരിക്കയെ അറിയിച്ചിട്ടുണ്ട്. ഇറാനിൽ അമേരിക്കയുടെ നയതന്ത്ര കാര്യങ്ങൾ നോക്കുന്ന സ്വീഡിഷ് എംബസ്സി വഴിയാണ് ഇറാൻ കുറിപ്പ് നൽകിയത്. അമേരിക്കയും സൗദിയും ചേർന്ന് യമനിൽ നടത്തുന്ന യുദ്ധം കൂടുതൽ വ്യാപിപ്പിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ഈ ആരോപണമെന്നും ഇറാൻ വക്താവ് പറഞ്ഞു. യമനിലെ ഹൂദി വിമതരാണ് ഈ ഡ്രോൺ ആക്രമണം നടത്തിയതെന്നും ഇറാന്റെ യശസ്സ് തകർക്കാനും ഭാവിനടപടികൾക്ക് വഴിയൊരുക്കാനും ചാര സംഘടനകൾ നടത്തുന്ന ഗൂഢാലോചന പോലെയുള്ളതാണ് അമേരിക്കൻ ആരോപണമെന്നും ഇറാൻ വിദേശകാര്യ വക്താവ് അബ്ബാസ് മൂസവി കുറ്റപ്പെടുത്തി. ദശാബ്ദങ്ങളോളമായി യുദ്ധം കൊണ്ടും യുദ്ധഭീഷണി കൊണ്ടും സംഘർഷഭരിതമായ പശ്ചിമേഷ്യയിൽ വീണ്ടും യുദ്ധ കാഹളം മുഴങ്ങുമ്പോൾ അത് ലോകമാകെ ആശങ്ക ഉളവാക്കുകയാണ്. അറംകോ ആക്രമണത്തിന് ശേഷം സഊദിയുടെ എണ്ണ ഉൽപ്പാദനം പകുതിയായി കുറക്കുകയും ആഗോള വിപണിയിൽ എണ്ണവില ഇരുപത് ശതമാനം ഉയരുകയുമുണ്ടായി. ലോക സമ്പദ് വ്യവസ്ഥ

യെ ഇത് പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ഉറപ്പാണ്. 83 ശതമാനവും എണ്ണ ഇറക്കുമതി ചെയ്യുന്ന ഇന്ത്യയെ പോലെയുള്ള രാജ്യങ്ങൾക്ക് ഈ എണ്ണ വില വർദ്ധനവ് വലിയ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. പെട്രോൾ ഡീസൽ വില വർദ്ധനവ് മൂലം ഇതിനകം തന്നെ നമ്മുടെ രാജ്യത്ത് സാധനങ്ങൾക്കെല്ലാം വില വർദ്ധിക്കുകയാണ്. ഈ അവസരത്തിൽ തന്ത്രപരമായ എണ്ണ കരുതൽ ശേഖരമുള്ള രാജ്യങ്ങൾ തങ്ങളുടെ കരുതൽ ശേഖരത്തിൽ നിന്ന് എണ്ണ എടുത്ത് ഈ കുറവ് പരിഹരിക്കണമെന്ന് അന്താരാഷ്ട്രാ എനർജി ഏജൻസി (IEA)എല്ലാ രാജ്യങ്ങളോടും അഭ്യർത്ഥിച്ചിരിക്കയാണ്. സ് ഊദി എണ്ണ ഉൽപാദനം പഴയ തോതിൽ ഉയർത്തിയെങ്കിലും ഉൽപാദനം കുറച്ചതിന്റെ ആഘാതം ദൂരവ്യാപകമായ പ്രതികരണമാണ് സൃഷ്ടിക്കുക. പരിഹൃതമാകാൻ സമയമെടുക്കും. സർവ്വോപരി യുദ്ധ ഭീഷണി ലോക സമ്പദ്ഘടനയേയും സമാധാനത്തെയും ഗുരുതരമായി ബാധിക്കുകയും ചെയ്യും.

ആക്രമണത്തിന് പിന്നിൽ ഇറാന്റെ കരങ്ങളാണ് പ്രവർത്തിച്ചതെന്ന് അമേരിക്കയും സഊദിയും ആവർത്തിച്ചു പറയുന്നു. ഇത് സംബന്ധിച്ച് കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്യാൻ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോ സഊദിയും യു എ ഇ യും സന്ദർശിക്കുകയുണ്ടായി. അമേരിക്കയുടെ ഇറാനും യമനും എതിരെയുള്ള ഉപരോധം നിരീക്ഷിച്ചു വരുന്ന യു എൻ അധികൃതർ ഈ ആരോപണത്തെ കുറിച്ച് അന്വേഷിക്കുന്നതാണ്. ഇറാനാണ് ഇതിന് പിന്നിൽ പ്രവർത്തിച്ചതെന്നതിന് തങ്ങളുടെ പക്കൽ തെളിവുകൾ ഉണ്ടെന്ന് സഊദി പ്രതിരോധ വക്താവ് കേണൽ തുർക്കി അൽ മൽക്കി വർത്താ സമ്മേളനത്തിൽ അവകാശപ്പെടുകയുണ്ടായി. സഊദിയുടെ വടക്ക് ഭാഗത്ത് നിന്നാണ് ആക്രമണമുണ്ടായത് അതുകൊണ്ട് ഇറാനാണ് ഇതിന് പിന്നിൽ എന്നാണ് സഊദിയുടെ വാദം. അക്രമണങ്ങളിൽ മാത്രം 113 പേരാണ് ഇത്വരെ കൊല്ലപ്പെട്ടത്. അംറക്കോ അക്രമണത്തിൽ തങ്ങൾക്ക് യാതൊരു പങ്കുമില്ലെന്നും ഇറാൻ ആവർത്തിച്ചു വ്യക്തമാക്കി. അതിനിടെ അമേരിക്കയുടെ നേതൃത്വത്തിലുള്ള അന്താരാഷട്ര സമുദ്ര ഗതാഗത സുരക്ഷാ സഖ്യത്തിൽ സഊദി അറേബ്യ പങ്കാളിയായി. അമേരിക്കക്ക് പുറമേ ബ്രിട്ടൻ, ഓസ്ട്രേലിയ, ബഹ്റൈൻ എന്നീ രാജ്യങ്ങളും ഈ സഖ്യത്തിൽ അംഗങ്ങളാണ്. പേർഷ്യൻ ഉൾക്കടലിലൂടെയുള്ള സമുദ്ര സഞ്ചാരത്തിന് സുരക്ഷ നൽകാനാണ് സഖ്യം രൂപീകരിച്ചത്.

ഐക്യരാഷ്ട്ര സഭാ സമ്മേളനത്തിൽ പങ്കെടുക്കാൻ അമേരിക്കയിലെത്തിയ ഹസ്സൻ റൂഹാനി അമേരിക്കൻ പ്രസിഡണ്ട് ട്രംപുമായി കൂടികാഴ്ച്ചയുണ്ടാകുമെന്ന് പറഞ്ഞിരുന്നു. ഇറാനെതിരെയുള്ള ഉപരോധം കടുപ്പിച്ചുകൊണ്ടുള്ള ട്രംപിന്റെ സമീപനം മാറ്റുന്നത് വരെ അദ്ദേഹവുമായി കൂടിക്കാഴ്ച്ചക്കില്ലെന്ന് റൂഹാനി പറയുകയുണ്ടായി. അതിനിടക്ക് ട്രംപിനെതിരെ അമേരിക്കൻ കോൺഗ്രസ്സിൽ ഇംപീച്ച് ചെയ്യാനുള്ള പുറപ്പാടിലാണ് അമേരിക്കയിലെ ഡമോക്രാറ്റുകൾ. ഇലക്ഷനിൽ ജയിക്കാൻ വിദേശ രാജ്യമായ ഉക്രയിന്റെ സഹായം തേടി സ്വന്തം നാട്ടിലെ തിരഞ്ഞെടുപ്പ് പ്രതിയോഗിയെ അഴിമതിക്കേസിൽ കുടുക്കാൻ ശ്രമിച്ചു എന്നാണ് ട്രംപിനെതിരെയുള്ള പുതിയ ആരോപണം. അതുകൊണ്ട് റൂഹാനിയുമായുള്ള കൂടിക്കാഴ്ച്ചക്കുള്ള സാദ്ധ്യതക്ക് വീണ്ടും മങ്ങലേറ്റിരിക്കുകയാണ്.

വിഷയങ്ങളിൽ വിയോജിപ്പുള്ള രാജ്യങ്ങൾ തമ്മിൽ സംഘർഷം ഒഴിവാക്കി പരസ്പരം നേട്ടവും സമാധാനം കൈവരിക്കലാണ് രാഷ്ട്ര തന്ത്രജ്ഞത. ഏതാനും ദിവസം മുമ്പ് ഇറാന്റെ ഗ്രേസ്- ഒന്ന് എന്ന കപ്പൽ നിലവിൽ യൂറോപ്യൻ ഉപരോധമുള്ള സിറിയയിലേക്ക് ക്രൂഡ് ഓയിൽ കൊണ്ടുപോവുന്നു എന്ന് ആരോപിച്ച് ബ്രട്ടൻ പിടിച്ചുവെച്ചിരുന്നു. സംഗതി അന്യായവും ഹോർമുസ് കടലിടുക്കിലൂടെയുള്ള സമുദ്ര ഗതാഗതത്തിൽ ഗുരുതരമായ പ്രത്യാഘാതമുണ്ടാക്കുന്നതാണെന്നും കണ്ടറിഞ്ഞ ബ്രിട്ടൻ ഇറാനുമായുള്ള നയതന്ത്ര ചർച്ചയിലൂടെ കപ്പൽ വിട്ടുകൊടുക്കുകയുണ്ടായി. പകരം ബ്രിട്ടീഷ് കപ്പൽ ഇറാന്റെ കസ്റ്റഡിയിലായിരുന്നിട്ടും ബ്രിട്ടൻ ഇറാന്റെ കപ്പൽ വിട്ടുകൊടുക്കുകയാണുണ്ടായത്. അതിനെതിരെ ആവുന്നതത്ര അമേരിക്ക ശ്രമിച്ചു നോക്കിയിട്ടും ബ്രിട്ടൻ കപ്പൽ വിട്ടുകൊടുത്തു. അത്തരത്തിൽ സമാധാനം സ്ഥാപിക്കാനുള്ള നയതന്ത്ര സമീപനങ്ങൾക്ക് പകരം രാജ്യങ്ങൾ തമ്മിൽ തങ്ങളുടെ മസിൽ പവർ കാട്ടി എങ്ങനെ വിദ്വേഷവും സംഘർഷങ്ങളും ഉണ്ടാക്കാം എന്ന് ഗവേഷണം ചെയ്യുകയും പലപ്പോഴും ഒരു സ്ഥിരതയില്ലാത്ത കോമാളിയെപ്പോലെ പെരുമാറുകയുമാണ് അമേരിക്കൻ പ്രസിഡന്റ് ചെയ്യുന്നത്. അപ്രകാരം ബറാക് ഒബാമയും അമേരിക്കയുടെ സഖ്യകക്ഷി രാജ്യങ്ങളും ചേർന്ന് ഇറാനുമായുണ്ടാക്കിയ ആണവ കരാറിൽ നിന്ന് സഖ്യകക്ഷികളെപോലും ആശങ്കയിലാക്കി അമേരിക്ക പിന്മാറിയതാണ് ഇറാനുമായുള്ള ഇപ്പോഴുള്ള സംഘർഷങ്ങളുടെ തുടക്കം. ഇതെല്ലാം അമേരിക്ക ചെയ്യുന്നത് ഇസ്റായേലിനെ സന്തോഷിപ്പിക്കാൻ വേണ്ടിയാണെന്നാണ് പറയപ്പെടുന്നത്. ലോകത്തെ ഏറ്റവും ശക്തമായ രാജ്യമാണ് അമേരിക്ക. ട്രംപിനെപ്പോലെ ചഞ്ചല ചിത്തനും ലോകം ആദരിക്കുന്ന സാർവ്വത്രിക മൂല്യങ്ങൾക്ക് വിലകൽപ്പിക്കാത്തയാളുമായ ഒരു ഭരണാധികാരി അമേരിക്കൻ പ്രസിഡന്റായി വരുമ്പോൾ അത് ലോക സമാധാനത്തെ തന്നെ ഗുരുതരമായി ബാധിക്കുന്നു. അമേരിക്കൻ ജനതയെങ്കിലും അദ്ദേഹം അനുവർത്തിക്കുന്ന നയങ്ങളുടെ വിപത്ത് തിരിച്ചറിയുമാറാകട്ടെ.

# എം. കെ. ഇമ്പിച്ചികോയട്ടി സാഹിബ്

ഡോ. സി. സലാഹുദ്ദീൻ



ബിച്ചികോയട്ടി സാഹിബ് എന്ന് ഞങ്ങളെല്ലാം വിളിക്കുന്ന എം കെ ഇമ്പിച്ചികോയട്ടി 2019 സെപ്തംബർ 5-ാം തീയതി വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിയൂൻ. കോഴിക്കോട് ജമാഅത്തിന്റെ ഉമ്മൂറെ ആമ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ച അദ്ദേഹം കാരപ്പറമ്പ് ഹൽഖയുടെ പ്രസിഡന്റും സംസ്ഥാന കമ്മിറ്റിയുണ്ടായിരുന്ന കാലത്ത് അതിൽ അംഗവുമായിരുന്നു. പ്രാദേശിക -ജില്ലാ-സംസ്ഥാന കമ്മിറ്റികളിൽ 50 വർഷം അദ്ദേഹം പ്രവർത്തിക്കുകയുണ്ടായി. 1945 നവംബർ 1 ന് മരക്കാം കണ്ടി മമ്മദ് -ഖദീജ ദമ്പതിമാരുടെ മകനായി അദ്ദേഹം ജനിച്ചു. 19-ാം വയസ്സിൽ കോഴിക്കോട് ചെറൂട്ടി റോഡിൽ സ്റ്റേഷനറി കച്ചവടം ചെയ്തുകൊണ്ടിരിക്കെയാണ് അദ്ദേഹം അഹ്മദിയ്യാ ജമാഅത്തുമായി പരിചയപ്പെടുന്നത്. വെത്തിലക്കാട്ടിൽ മൊയ്തീൻ കുട്ടി സാഹിബ് സത്യദൂതൻ മാസിക വായിക്കാൻ കൊടുക്കുമായിരുന്നു. പിന്നീട് വെള്ളയിലെ ലങ്കൻ മൊയ്തീൻ സാഹിബ്, മൊയ്തുണ്ണി സാഹിബ് തുടങ്ങിയവർ തബ്‌ലീഗ് ചെയ്തതിനെ തുടർന്ന് അഹ്മദിയ്യത്തിന്റെ സത്യം ബോദ്ധ്യമായ അദ്ദേഹം 1964 ൽ 19-ാം വയസ്സിൽ ബൈഅത്ത് ചെയ്യുകയുണ്ടായി. കുടുംബക്കാരായ യഥാസ്ഥിതിക സുന്നികളിൽ നിന്നും നാട്ടുകാരിൽ നിന്നും വമ്പിച്ച എതിർപ്പുകളാണ് അദ്ദേഹം നേരിട്ടത്. പിന്നീട് വധ ഭീഷണി വരെ ഉണ്ടായപ്പോൾ അദ്ദേഹം താമസം ദാറുസ്സലാം പള്ളിയിലേക്ക് മാറ്റുകയുണ്ടായി. 1972 ൽ വിവാഹിതനായെങ്കിലും കുടുംബം അദ്ദേഹത്തിനെതിരെ ബഹിഷ്ക്കരണം തുടരുകയാണുണ്ടായത്. അതുകൊണ്ട് വരനായി ദാറുസ്സലം പള്ളിയിൽ നിന്നാണ് അദ്ദേഹം പുറപ്പെട്ടത്.

2001 ഏപ്രിൽ മുതൽ 2010 ഡിസംബർ വരെ അഹ്മദിയ്യാ ജമാഅത്തിന്റെ മുഖപത്രമായ സത്യദൂതന്റെ മാനേജറായി ബിച്ചികോയട്ടി സാഹിബ് സേവനമനുഷ്ഠിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാലത്താണ് സത്യദൂതന് ഏറ്റവും കൂടുതൽ സർക്കുലേഷൻ ഉണ്ടായത് എന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. അതിനായി അദ്ദേഹം ചില പുതിയ വഴികളും കണ്ടെത്തിയിരുന്നു. കോഴിക്കോട്ടെ ദാറുസ്സലാം, ബൈത്തുൽ ഖുദ്ദൂസ്, കോവൂർ മിഷൻ ഹൗസ് എന്നിവയുടെ നിർമ്മാണത്തിൽ സജീവ സാന്നിദ്ധ്യമായിരുന്നു അദ്ദേഹം. കൂടാതെ കേരളത്തിലെ വിവിധ പള്ളി നിർമ്മാണത്തിൽ സജീവ സാന്നിധ്യമായിരുന്നു. ധനസമാഹരണത്തിലും മറ്റു സഹായ സഹകരണ കാര്യങ്ങളിലും അദ്ദേഹം ഊർജ്ജസ്വലനായി പ്രവർത്തിച്ചു. മാത്തോട്ടം പള്ളിയുടെ കെട്ടിടം വാങ്ങുന്നതിലും അദ്ദേഹത്തിന്റെ വളരെയേറെ പരിശ്രമമമുണ്ടായി. മറ്റു ജീവകാരുണ്യപരമായ പ്രവർത്തനത്തിലും അദ്ദേഹം മുൻപന്തിയിലായിരുന്നു. താനേറ്റെടുത്ത ജോലികൾ ആത്മാർത്ഥമായി സ്വന്തം കാര്യം പോലെ ചെയ്യുക എന്നതാണ് അദ്ദേഹത്തിന്റെ രീതി. ചെറുപ്പത്തിൽ തന്നെ ജമാഅത്തിൽ വന്നത് കാരണം അദ്ദേഹത്തിന് കേരളത്തിലെ ഓരോ അഹ്മദിയേയും വ്യക്തിപരമായി അറിയാമായിരുന്നു. ഈ ബന്ധം കേരളത്തിൽ വളരെയേറേ പേർക്ക് വിവാഹ ബന്ധത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വേണ്ടി അദ്ദേഹം ഉപയോഗപ്പെടുത്തി. ജമാത്തിനെ ആത്മാർത്ഥമായി സേവിക്കുന്നതിലും കേന്ദ്രപ്രതിനിധികളെ സേവിക്കുന്നതിലും സംസ്ഥാന അമീറായിരുന്ന എ. പി കുഞ്ഞാമു സാഹിബിനും പിന്നീട് ജില്ലാ അമീറായിരുന്ന എം എ മുഹമ്മദ് സാഹിബ് അഹ്മദ് കോയാ സാഹിബ് എന്നിവർക്കും ഒരു കൈതാങ്ങായിരുന്നു അദ്ദേഹം. മൂസിയായിരുന്ന അദ്ദേഹത്തെ ഖാദിയാനിലെ ബിഹ്ശ്തി മഖ്ബറയിലാണ് അടക്കം ചെയ്തത്. കോഴിക്കോട് ജമാഅത്തിന്റെ ചരിത്രം അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു. സുഖമില്ലാതെ കിടന്നപ്പോഴും ക്ഷമയും സ്ഥിരചിത്തതയും അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഅ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. പരേതനോട് അല്ലാഹു കാരുണ്യത്തോടെ പെരുമാറുകയും അദ്ദേഹത്തിന്റെ സ്ഥാനം ഉയർത്തുകയും ചെയ്യുമാറാകട്ടെ. (ആമീൻ)

**ഭാര്യ**: ആയിശ ബി. സി. കെ, **മക്കൾ**: മുസഫർ അഹ്മദ്, മുബശ്ശിറ, മുസദ്ദിക് അഹ്മദ്, മുഹ്സിന **മരുമക്കൾ**: നൗഫൽ അഹ്മദ്, റഫിയുദ്ദീൻ ടി, ശഫീന, രേശ്മ

# ഓർമകളിലെ ഇമ്പിച്ചികോയട്ടി സാഹിബ്

**യു. മൻസൂർ, കൂടാളി**

എന്റെ ജമാഅത്ത് പ്രവർത്തനത്തിന്റെ തുടക്കം മുതൽ എല്ലാ ഘട്ടങ്ങളിലും എന്നോട് അടുത്ത സൗഹൃദവും സ്നേഹവും പകർന്ന് തന്ന ഒരു വലിയ മനുഷ്യനായിരുന്നു ബിച്ചി കോയട്ടി എന്ന ചെറിയ മനുഷ്യൻ. വൃത്തിയിലും വെടിപ്പിലും നിശ്കർഷ ഉണ്ടായിരുന്ന അദ്ദേഹം വെളുത്ത മുണ്ടും സ്ലാക്ക് ഷർട്ടും ധരിച്ച് സ്മാർട്ടായി ഗൗരവ ഭാവത്തിൽ ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ ഓടിച്ചാടി നടന്നിരുന്ന രംഗങ്ങൾ എന്നെന്നേക്കുമുള്ള ഓർമ്മകളായി മാറി. പോരായ്മയേയും കുറവുകളെയും കുറിക്ക് കൊള്ളുന്ന വിമർശനത്തോടെ കമ്മിറ്റിയോഗങ്ങളിൽ അദ്ദേഹം നിറഞ്ഞു നിന്നിരുന്നു. ഞാൻ ഫസലെ ഉമർ ബോർഡിന്റെ ചെയർമാനായിരുന്ന കാലത്ത് ഉപദേശ നിർദ്ദേശങ്ങൾ നൽകുകയും പലപ്പോഴായി പ്രവർത്തനത്തിൽ വരുന്ന പോരായ്മകൾ അദ്ദേഹം മുഖം നോക്കാതെ വിമർശിക്കുകയും ചെയ്തിരുന്നു. ആദ്യകാലത്തെ സംസ്ഥാന കമ്മിറ്റികളിലെയും പിന്നീടുണ്ടായ അമീർ കമ്മിറ്റികളിലെയും സജീവ സാന്നിദ്ധ്യമായിരുന്നു ബിച്ചികോയട്ടി സാഹിബ്. കേരളത്തിലെ വിവിധ ജമാഅത്തുകളിൽ അദ്ദേഹവുമൊത്ത് കമ്മിറ്റി അംഗങ്ങളായ ഞങ്ങൾ നടത്തിയ യാത്രകളിൽ അദ്ദേഹത്തിന്റെ സംസാരത്തിലുണ്ടായ നർമ്മ രസം ഓർക്കുവാൻ സുഖം തോന്നുന്നു. മൗലാനാ അബ്ദുല്ലാ സാഹിബും (റഹ്) കോഴിക്കോടുമായി ബന്ധപ്പെട്ട പല കഥകളും കേട്ടത് ബിച്ചികോയട്ടി സാഹിബിൽ നിന്നായിരുന്നു. കോഴിക്കോട് ജമാഅത്തിലെ പ്രമുഖരായ പലരും അത്തരം കഥകളിൽ കഥാപാത്രങ്ങളായിരുന്നു. സംസ്ഥാന അമീർമാരായിരുന്ന ഡോ. മൻസൂർ അഹ്മദ് സാഹിബ്, ജനാബ് എ. പി. കുഞ്ഞാമു സാഹിബ് എന്നിവരുടെ കീഴിലുള്ള കമ്മിറ്റികളിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചു. ഞങ്ങളുടെ കുടുംബ സമേതമുള്ള ഉംറയാത്രയും സിംഗപ്പൂർ യാത്രയും ജിദ്ദ ജമാഅത്ത് സന്ദർശനവുമെല്ലാം മധുരിക്കുന്ന ഓർമകളായി അവശേഷിക്കുന്നു. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

# സഫിയാ യൂസുഫ് സാഹിബ

**കരുനാഗപ്പള്ളി:** കരുനാഗപ്പള്ളിയിൽ നിന്ന് ഒന്നാമതായി ബൈഅത്ത് ചെയ്ത (1938) തിരുവിതാംകൂർ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകാംഗമായ മർഹൂം മുഹമ്മദ് യൂസുഫ് സാഹിബ് എംഎ, ബിഎൽ അവർകളുടെ സഹധർമ്മിണി സഫിയാ യൂസുഫ് സാഹിബ എംഎ, ബി റ്റി (90) ജൂൺ 25-ാം തീയതി വഫാത്തായി. (ഇന്നാലില്ലാഹി........) വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ ഹെഡ്മിസ്ട്രസ്സായും എഡ്യുക്കേഷൻ ഓഫീസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പത്തനംത്തിട്ടയിലെ ഒരു പുരാതന മുസ്‌ലിം സയ്യിദ് കുടുംബമായ ബൈത്തുൽ അലിയിലെ മർഹൂം അലിയാർ സാഹിബിന്റെ മൂത്ത മകളായിരുന്നു പരേത. മർഹൂം മുഹമ്മദ് യൂസുഫ് സാഹിബിനെ വിവാഹം കഴിച്ച ശേഷം 1953ലാണ് ബൈഅത്ത് ചെയ്തത്. അല്ലാഹു പരേതക്ക് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

മക്കൾ : ഷഹീദ് അഹ്മദ്, മുംതാസ് യൂസുഫ്.

*എ. അബ്ദുൽ റഷീദ്*

# നൗശാദ് അലി സാഹിബ്



മാത്തോട്ടം ജമാഅത്ത് അംഗം എം പി നൗശാദ് അലി (50) 19-9-2019 ന് വഫാത്തായി ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിയൂൻ. തന്റെ ജ്യേഷ്ഠൻ ജമാഅത്തിൽ പ്രവേശിച്ചത് അറിഞ്ഞ് അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ വേണ്ടി പരിശ്രമിക്കുന്നതിനിടയിൽ ജമാഅത്തിന്റെ സത്യതയിൽ ആകൃഷ്ടനായ നൗശാദ് സാഹിബ് ഉടൻ ജമാഅത്തിൽ പ്രവേശിക്കുകയായിരുന്നു. ജമാഅത്തിനെ അദ്ദേഹം അതിയായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്തിരുന്നു

**ഭാര്യമാർ:** സാഹിറ പി, റഹിയാനത്ത് കെ.കെ. **മക്കൾ:** സഫ്‌വാൻ, ശഹദിയ, നബീൽ അഹ്മദ് നാസില മറിയം, മുഹമ്മദ് റാഷിദ്, ഇമ്രാൻ അഹ്മദ്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

*ഷൗക്കത്ത്, മാത്തോട്ടം*

**പേജ് 22 ൽ നിന്ന് തുടർച്ച**

പറയുമായിരുന്നു എടാ ഭാഗ്യവാനെ ഭാഗ്യം കെട്ടവനായിപ്പോകരുത് കേട്ടോ. ഹകീം നൂറുദ്ദീൻ സാഹിബും ഖുർആനും ഫിഖ്ഹിന്റെ ചില ഗ്രന്ഥങ്ങളും തന്റെ മാതാവിൽ നിന്നു തന്നേയാണു ആദ്യം പഠിച്ചിരുന്നത്.

തന്റെ മാതാവിനെ കുറിച്ചു ഹദ്റത്ത് നൂറുദ്ദീൻ സാഹിബ് തുടർന്നു വിവരിക്കുകയാണ്, മറ്റുള്ളവർക്ക് എന്റെ മാതാവിനോടുണ്ടായിരുന്ന ഭക്തിയും ബഹുമാനാദരവും നിമിത്തം അവർ എന്റെ മാതാവിനോട് തങ്ങളുടെ മക്കളെ മുലയൂട്ടാൻ ആഗ്രഹം പ്രകടിപ്പിക്കാറുണ്ടായിരുന്നു. അതുകാരണം ഞങ്ങൾക്കു മുലകുടിബന്ധത്തിലുള്ള ധാരാളം സഹോദരീ സഹോദരന്മാരുണ്ട്. ഉമ്മ ഖുർആൻ ഓതിക്കൊണ്ട് പല ഗഹനവും വളരെ അർത്ഥവത്തായതുമായ കാര്യങ്ങൾ വിവരിക്കാറുണ്ട്. ഉമ്മ പൊതുവിൽ പറയാറുള്ള ഒരു കാര്യം ഞാൻ എപ്പോഴും ഓർക്കാറുണ്ട്. ഉമ്മ പറയുമായിരുന്നു, നിങ്ങൾ ഏതുപ്രകാരം അല്ലാഹുവിനെ അനുസരിക്കുകയും അവനോട് പരിപൂർണ്ണമായും കീഴ്വണക്കം കാണിക്കുകയും ചെയ്യുമോ അല്ലാഹുവും അതനുസരിച്ചുള്ള അനുഗ്രഹവും കാരുണ്യവുമായിരിക്കും നിങ്ങൾക്കും പ്രദാനം ചെയ്യുന്നത്. അതുപോലെ നിങ്ങൾ അല്ലാഹുവിനോടു കാണിക്കുന്ന ധിക്കാരം ഏത് രൂപത്തിലായിരിക്കുമോ അവന്റെ ശിക്ഷയും അതുപോലെ തന്നെയായിരിക്കും. (തുടരും)

**കടപ്പാട് & അവലംബം**

1. ഹയാത്തെ നൂർ by മൗലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്‌വാ
2. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ, അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.
3. ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് (ഇംഗ്ലീഷ്). ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)
4. അൽ ഫസ്ൽ, ഉറുദു ദിനപത്ര ങ്ങൾ റബ്‌വാ.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാലക്കാട് - തൃശൂർ ജില്ലാ ഇജ്തിമ കാവശ്ശേരി അഹ്മദിയ്യാ മസ്ജിദിൽ ജില്ലാ അമീർ എച്ച്. സുലൈമാൻ സാഹിബ് ഉദ്ഘാടനം ചെയ്തു. ജില്ലാ ഖാഇദ് എം. സുബൈർ അഹ്മദ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മൗലവി കെ. അബ്ദുസ്സലാം (ജില്ലാ ഇൻചാർജ്), എം. അബ്ദുൽ ബഷീർ (ജില്ലാ നാസിം) തുടങ്ങിയവർ പ്രസംഗിച്ചു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലാ ഇജ്തിമ ഐരാപുരം അഹ്മദിയ്യാ മസ്ജിദിൽ ജില്ലാ അമീർ ടി.കെ. അബൂബക്കർ സാഹിബ് ഉദ്ഘാടനം ചെയ്തു. ജില്ലാ ഖാഇദ് റിയാസ് ഫിർദൗസ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മാലിക്ക് അമീൻ സാഹിബ് (ജില്ലാ നാസിം), മൗലവി സി.എൻ. താഹിർ സാഹിബ് (ജില്ലാ മുബല്ലിഗ് ഇൻചാർജ്), മമ്മൂഞ്ഞ് സാഹിബ് (ജില്ലാ നായിബ് അമീർ) തുടങ്ങിയവർ പ്രസംഗിച്ചു.

mta INTERNATIONAL

Published on 7.10.2019
Pages 44
Vol: 91 Issue. 10
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment
The Sathyadoothan Monthly



mta INTERNATIONAL

*Muslim Television Ahmadiyya International*



www.mta.tv

www.youtube.com/mtaonline1

www.alislam.org